'ഒരു കർത്താവും ഒരു വിശ്വാസവും ഒരു മാമോദീസായും'

# ക്രൈസ്തവ കാഹളം



രണ്ടാം വത്തിക്കാൻ സുന്നഹദോസിന്റെ രണ്ടാം സെഷനിൽ സംബന്ധിച്ച

കേരളത്തിലെ സുറിയാനി റീത്തുകളിലെ

**വൈദിക മേലദ്ധ്യക്ഷന്മാരും ഔദ്യോഗികനിരീക്ഷകരും**

Vol. XXII. 1963 December No. VIII.

# CHRISTHAVA KAHALAM

(An Organ of the Catholic Re-union Movement)

## ഈ ലക്കത്തിൽ


| | | പുറം |
|---|---|---|
| 1. | ക്രിസ്തുമസ്സ് മംഗളം | 237 |
| 2. | അത്ഭുതതാരം — (ചാതുരംമൂട്ട്) | ,, |
| 3. | പത്രാധിപക്കുറിപ്പുകൾ | 238 |
| 4. | ആശ്രുപത്രിമുറി പത്രമാഫീസായി "ദാസൻ" പത്രത്തിന്റെ ആരംഭം — (എം. എം. വർക്കി, മൂക്കഞ്ചേരിൽ) | 241 |
| 5. | ദൈവം നമ്മോടുകൂടെ — (റവ. ഫാ. ഡാനിയൽ അയ്യനേത്തു്) | 244 |
| 6. | വത്തിക്കാൻ കൌൺസിൽ-ചില വിവരങ്ങൾ — (ശ്രീ സി. പി. മാത്യു) | 247 |
| 7. | ഡോക്ടർ ഹൺസ് ക്യുംങിന്റെ അഭിമതങ്ങൾ—(മാത്യു ചെരിപുറം, ആലുവാ) | 353 |
| 8. | അന്തിമവിധിയുടെ രണ്ടു ചിത്രങ്ങൾ — (പ്രൊഫ: പി. സി. ദേവസ്യ) | 258 |
| 9. | ഐക്യത്തിന്റെ പാതയിലൂടെ — (വർഗ്ഗീസ് എം മാത്തുണ്ണി, കററാനം) | 261 |
| 10. | സഭയും ലോകസമാധാനവും — (ജോസ് തച്ചിൽ, പൂന) | 263 |
| 11. | "ചോദിപ്പിൻ, നിങ്ങൾക്കു ലഭിക്കും" — (കെ. സി. ചാക്കോ എം. എ; ബി. ഇ, എം. എസ്.) | 266 |
| 12. | ദിവ്യോദയം — (ഒ. അയ്യനേത്തു്) | 267 |
| 13. | ഉദിയംപേരൂർ സൂനഹദോസിനു മുമ്പുണ്ടായിരുന്ന കേരള സുറിയാനിക്കാരുടെ റോമാസിംഹാസനവിധേയത്വം — (വി. സി. ജോർജ്) | 268 |
| 14. | കളകളുടെ ഉപമ — (വന്ദ്യ ദിവ്യശ്രീ ഫീലിപ്പോസ് റമ്പാൻ | 230 |
| 15. | മിഷ്യൻ സൺഡേ പിരിവു് | 233 |
| 16. | വിവിധ വാർത്തകൾ | (കവർ) |


## സഭാകലണ്ടർ

### ഡിസംബർ

8—ഞായർ—യോഹന്നാൻ സ്നാപകന്റെ ജനനം.

കന്യകമറിയാമിന്റെ അമലോത്ഭവം

10—ചൊവ്വാ—മാർ ബഹനാമും സഹോദരി സാറായും നാല്പതു സഹദേന്മാരും

15—ഞായർ—വി. യൗസേപ്പിനുണ്ടായ വെളിപാട്.

16—തിങ്കൾ—മാർ എപ്പിമാക്കോസും മാർ അലക്സന്ത്രയോസും

20—വെള്ളി—മാർ ഇഗ്നാത്തിയോസ് നൂറോനൊ.

22—ഞായർ—യൽദോയ്ക്കു മുമ്പുള്ള ഞായർ

*25—ബുധൻ— ജനനപ്പെരുന്നാൾ ഇരുപത്തിയഞ്ചു നോമ്പു വീടൽ

26—വ്യാഴം—ദൈവമാതാവിന്റെ പുകഴ്ച

27—വെള്ളി—ശിശുവധപ്പെരുനാൾ

29—ഞായർ—യൽദോയ്ക്കുശേഷം ഒന്നാം ഞായർ

30—തിങ്കൾ—വി. ആഗ്നസ്.

### ജനുവരി 1964

1—ബുധൻ—ന. ക. ചേലാകർമ്മം മാർ ബസേലിയോസും മാർ ഗ്രീഗോറിയോസും.

3—വെള്ളി—ആദ്യവെള്ളി

5—ഞായർ—യൽദോയ്ക്കുശേഷം രണ്ടാം

6—തിങ്കൾ—ദനഹാപ്പെരുന്നാൾ | ഞായർ

7—ചൊവ്വാ—യോഹന്നാൻ സ്നാപകന്റെ പുകഴ്ച

8—ബുധൻ—സ്തേഫാനോസ് സഹദാ

10—വെള്ളി—നിസ്സായുടെ മാർ ഗ്രിഗോറിയോസ് തിരുവനന്തപുരം ആർച്ച് ബിഷപ്പ് തിരുമേനിയുടെ നാമകാരണന്റെ തിരുനാൾ.

### പരേതരായ പട്ടക്കാർ (വാർഷികദിനം)

ഡിസം 9— റവ. ഫാദർ നൈനാൻ വിട്ടിനാൽ, വഴവാടി

" 27—വെരി റവ. സൈമൺ കരോട്ട്, കോർ എപ്പിസ്കോപ്പാ കണ്ടനാട്

" 30—റവ ഫാദർ ബർസ്ലീബാ O. I. C.

R. I. P.



പരിശുദ്ധ പിതാവ് പോൾ ആറാമൻ മാർപ്പാപ്പാ തിരുമനസ്സുകൊണ്ട്
തിരുവനന്തപുരം മെത്രാപ്പോലീത്താ മോസ്റ്റ് റവ. ബനഡിക്ട്
മാർ ഗ്രിഗോറിയോസ് തിരുമേനിയെ പൗരസ്ത്യ തിരുസംഘ
ത്തിൻെറ കൺസൽട്ടറായി നിയമിച്ചിരിക്കുന്നു. പൗരസ്ത്യ
തിരുസംഘത്തിൽ അഭിവന്ദ്യ തിരുമേനി സീറോ
മലങ്കരറീത്തിൻെറ പ്രതിനിധിയായിരിക്കും.

വരിസംഖ്യ മുൻകൂർ 2ക. 50ന. പ.     Chief Editor: Rt. Rev. Msgr. Philipose Ramban.
വിദേശങ്ങളിൽ     3ക. 50ന. പ.     Sub: ,, Rev. Fr. Thomas Inchakalody.

DHARMARAM COLLEGE LIBRARY BANGALORE 17875

# ക്രൈസ്തവകാഹളം

| പുസ്തകം 22 | ഡിസംബർ 1963 | ലക്കം 8 |
|---|---|---|

*We wish all Our Readers,*
*Subscribers, Well-wishers & benefactors*
*A Merry Christmas &*
*A Bright Holy New Year*

## ★ അദ്ഭുത താരം ★

(ചാരുംമൂട്)

ഉത്ഭൂതമാകട്ടെ! മാനസ്സാകാശത്തി-
ലത്ഭുത താരമൊന്നാത്തമോദം.
ആദ്ധ്യാത്മികാനന്ദവിജ്ഞാന വൈദ്യുത-
ദീപ്തിതൻ കേന്ദ്രമാകട്ടെ ചിത്തം.
ലോകത്തിലങ്ങോളമിങ്ങോളമാ ദിവ്യ-
ലോകപ്രകാശം പകർന്നീടട്ടെ!
ലക്ഷ്യംവച്ചാരുമത്താരകത്തിൻ പിൻപേ
രക്ഷകസന്നിധൗ പൂകിടട്ടെ!
വിജ്ഞരാകട്ടെ! വിനയ'ഗോ'ശാലയി-
ലഞ്ചീബദ്ധരായ് മർത്ത്യലോകം.
കാഴ്ച ലഭിക്കട്ടെ! കണ്ണി,നത്യുന്നതൻ
താഴ്ചയിലെത്തിയോരൗഷധത്താൽ.
നിർവൃതിദായക ശാന്തി സുധാവർഷ-
മുർവിയെ മാററട്ടെ! സ്വർഗ്ഗമാക്കി.

# പത്രാധിപക്കുറിപ്പുകൾ

## ക്രിസ്മസ് ചിന്തകൾ:

"വചനം ജഡം ധരിച്ചു നമ്മുടെ ഇടയിൽ വസിക്കുവാൻ വന്നു". (യോഹ. 1, 14)

മനുഷ്യൻ, ദൈവം എന്നീ പദങ്ങളുടെ അർത്ഥം പൂർണ്ണമായി തർജ്ജമ ചെയ്യപ്പെട്ടതാണു് യേശുക്രിസ്തു. അതിരുള്ള സമയത്തിന്റെയും അതിർത്തിയില്ലാത്ത നിത്യതയുടെയും സംയോജനമാണു് ക്രിസ്തു. ദൈവം ഒരു മനുഷ്യനായിട്ടു തന്നെത്തന്നെ വെളിപ്പെടുത്തിയതുകൊണ്ടു് എല്ലാ മനുഷ്യർക്കും തന്നോടുള്ള സഖിത്വത്തിൽ ജീവിക്കുന്നതിനു സാധിക്കുന്നു. ദൈവം ഒരു തത്വചിന്തയായിട്ടോ ആശയമായിട്ടോ തന്നെത്തന്നെ വെളിപ്പെടുത്തിയിരുന്നെങ്കിൽ പണ്ഡിതന്മാർക്കു മാത്രമേ അതു ഗ്രഹിക്കുവാൻ സാധിക്കുമായിരുന്നുള്ളു. മനുഷ്യനായ ദൈവത്തെ അറിയാനും ആരാധിക്കാനും വിദ്വാന്മാർക്കും ആട്ടിടയന്മാർക്കും ഒരുപോലെ സാധിക്കുന്നു. ആട്ടിടയന്മാരാണു് വിദ്വാന്മാരെക്കാൾ മുമ്പ ദൈവകുഞ്ഞാടിനെ കണ്ടു വന്ദിച്ചതെന്നുള്ളതും നാം വിസ്മരിക്കരുതു്.

* * * * * *

"..........രാജാവായി ജനിച്ചവൻ എവിടെ?" എന്നാന്വേഷിച്ചുകൊണ്ടാണു് വിദ്വാന്മാർ യെരുശലേമിലെത്തിയതു്. ലോകചരിത്രത്തിലുടനീളം മാറൊലിക്കൊള്ളുന്ന ഒരു ചോദ്യമാണതു്. മനുഷ്യൻ ദൈവത്തെ അന്വേഷിക്കാത്ത കാലഘട്ടമോ ഭൂവിഭാഗമോ ലോകത്തിലുണ്ടായിരുന്നിട്ടില്ല. ദൈവത്തെ അന്വേഷിക്കുന്ന മനുഷ്യനെ ദൈവം അന്വേഷിച്ചു വരുന്നതാണു് ബേത്‌ലഹേമിലെ ഉണ്ണിഈശോയിൽ നാം കാണുന്നതു്. ദുഷ്ടന്മാരെ സംഹരിക്കുന്നതിനും ശിഷ്ടന്മാരെ സംരക്ഷിക്കുന്നതിനുമല്ല ദൈവം മനുഷ്യനായതു്. പാപികളെ രക്ഷിക്കുന്നതിനാണു്. തന്റെ ഏകപുത്രനെ നൽകുവാൻ തക്കവണ്ണം ദൈവം അത്രയ്ക്കു ലോകത്തെ സ്നേഹിച്ചു.

* * * * *

"അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി, ഭൂമിയിൽ സമാധാനം......" എന്നു് ആദ്യത്തെ ക്രിസ്മസ് രാത്രിയിൽ മാലാഖമാർ പാടി. ഭൂമിയിൽ സമാധാനമുണ്ടാകുന്നതിനുള്ള ഒരു വ്യവസ്ഥയാണു് അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം കൊടുക്കുകയെന്നുള്ളതു് എന്നു ചിന്തിക്കാവുന്നതാണു്. ദൈവത്തിനു മഹത്വം കൊടുക്കുന്നതിനു പ്രയത്നിക്കുന്ന വ്യക്തികളിലും, കുടുംബങ്ങളിലും, സമൂഹങ്ങളിലും ദൈവത്തിന്റെ സമാധാനം ഉണ്ടായിരിക്കും.

എവിടെയാണു് ക്രിസ്തുവിനെ ഇന്നു നാം കണ്ടെത്തുന്നതു്? സ്ഥലത്തിന്റെ ചിറകുവിടർത്തി ഏകദേശം 1958 വർഷങ്ങൾ പുറകോട്ടു യാത്രചെയ്തല്ല ഇന്നു നാം ക്രിസ്തുവിനെ കാണുന്നതു്: ക്രിസ്തുവിന്റെ രക്ഷയെ ചരിത്രത്തിലൂടെ മുമ്പോട്ടു കൊണ്ടുവന്നിരിക്കുന്ന സഭയിൽ വിശ്വാസത്തിന്റെ കണ്ണുകളുയർത്തിയാണു്. "ഹാപ്പി ക്രിസ്മസ്" (സന്തോഷകരമായ ക്രിസ്മസ് ആശംസിക്കുന്നു) എന്നുള്ള മംഗളാശംസയിൽ ഈ ആശയം അന്തർലീനമായിട്ടുണ്ടു്. ക്രിസ്തുവിന്റെ ജനനത്തെ ആഘോഷിക്കുന്ന വി. കുർബ്ബാനവഴി നിങ്ങൾക്കു നന്മ ലഭിക്കട്ടെ എന്നാണു് 'ഹാപ്പി ക്രിസ്മസ്" എന്നതിന്റെ ശരിയായ അർത്ഥം (CHRIST + MASS) വി. കുർബ്ബാനവഴിയായി ക്രിസ്തുവിനെ സ്വീകരിക്കുന്നതാണു് ക്രിസ്മസ് ആഘോഷത്തിന്റെ ഏററവും വിശിഷ്ടമായ ഭാഗം. "എന്റെ ഈശോ നീ എന്നിൽ വന്നു് നിനക്കിഷ്ടമുള്ള മകനായി (മകളായി) ജീവിക്കാൻ എനിക്കു കൃപ നൽകണമേ" എന്നായിരിക്കട്ടെ നമ്മുടെ ക്രിസ്മസ് പ്രാർത്ഥന.

* * * * * *

## പ്രസിഡന്റ കെന്നഡി

അമേരിക്കയിലെ ആദ്യത്തെ കത്തോലിക്കാ പ്രസിഡന്റും ഏററവും പ്രായംകുറഞ്ഞ പ്രസിഡന്റും ചുരുങ്ങിയ ഭരണകാലത്തിനുള്ളിൽ മഹാന്മാരായ ലോകനേതാക്കളുടെ നിരയിലേയ്ക്കു് അനായാസേന ഉയർന്ന് അതുല്യപ്രഭാവനുമായിരുന്ന ജോൺ, എഫ്. കെന്നഡിയെപ്പററി പ

തിയതായി എന്തെങ്കിലും പറയാൻ പ്രയാസമാണ്. അദ്ദേഹത്തിൻെറ നഷ്ടം കത്തോലിക്കരുടെ മാത്രം നഷ്ടമല്ല, സ്വാതന്ത്ര്യം സ്നേഹിക്കുകയും വിലമതിക്കുകയും ചെയ്യുന്ന എല്ലാ മനുഷ്യരുടെയും നഷ്ടമാണ്. ലോകത്തിലുള്ളതിൽ ഏററവും ഉയന്നതും ഉത്തരവാദിത്വമുള്ളതുമായ സ്ഥാനം വഹിച്ചിരുന്നപ്പോഴും ദൈവത്തിൻെറ സഭയിലെ ഒരു സാധാരണ അംഗത്തെപ്പോലെ പ്രസിഡൻറു കെന്നഡി ജീവിച്ചു. കാൻറർബറി ആർച്ചുബിഷപ് തിരുമേനി കെന്നഡിയെപ്പററി പ്രസ്താവിച്ചതു് ഇങ്ങനെയാണ്: "ആഴമായ ദൈവവിശ്വാസവും അടിയുറച്ച ക്രിസ്തീയ ബോദ്ധ്യങ്ങളുമുള്ള ഒരു മനുഷ്യനായിരുന്നു പ്രസിഡൻറു കെന്നഡി. മാനവരാശിയെ സേവിക്കുന്നതിനുള്ള പ്രചോദനം അദ്ദേഹത്തിനു ലഭിച്ചതു് അദ്ദേഹത്തിൻെറ വിശ്വാസത്തിൽനിന്നാണു്". കെന്നഡിയുടെ മൃതദേഹം സംസ്കരിക്കുന്നതിനു മുമ്പ് വാഷിംഗ്ടണിലെ സെൻറ് മാത്യൂസ് കത്തീഡ്രലിൽ കാർഡിനൽ കുഷിംഗ് നടത്തിയ ശുശ്രൂഷാമദ്ധ്യേ ബിഷപ് ഹീനാൻ ശ്രദ്ധേയമായ ഒരു ചരമപ്രസംഗം ചെയ്തു. ലോകത്തിൻെറ മുഴുവൻ ശ്രദ്ധയെ അതാകർഷിച്ചു. പ്രസിഡൻറു കെന്നഡിയുടെ പ്രസംഗങ്ങളിൽ നിന്നുള്ള ഉദ്ധരണികളായിരുന്നു ആ ചരമപ്രസംഗത്തിൽ പ്രധാനമായുണ്ടായിരുന്നതു്. കെന്നഡിയുടെ പ്രസംഗങ്ങളിൽ അദ്ദേഹം ഉപയോഗിച്ചിട്ടുള്ള വേദപുസ്തകഭാഗങ്ങൾ ബിഷപ് ഹീനാൻ ഉദ്ധരിച്ചു. അവ താഴെപറയുന്ന വാക്യങ്ങളായിരുന്നു. "യഹോവയെ കാത്തിരിക്കുന്നവർ അവരുടെ ശക്തിയെ പുതുക്കും, ഓടിയാലും അവർ തളർന്നുപോവുകയില്ല". "കലപ്പയിന്മേൽ കൈപിടിച്ചതിനു ശേഷം പുറകോട്ടു തിരിഞ്ഞുനോക്കുന്ന ഒരുവനും ദൈവരാജ്യത്തിനു യോഗ്യനല്ല". "യഹോവ ഭവനം പണിയുന്നില്ലെങ്കിൽ പണിക്കാർ വൃഥാ അദ്ധ്വാനിക്കുന്നു".

**R. I. P.**

## ശ്രീ ചെറിയാൻ തരകൻ B. A., L. T.

പ്രശസ്ത അദ്ധ്യാപനത്തിനു് പ്രസിഡൻറിൻെറ അവാർഡു ലഭിച്ച ശ്രീ. ചെറിയാൻ തരകനെ അനുമോദിക്കുന്നതിനും ഭാവുകങ്ങൾ നേരുന്നതിനും ഞങ്ങൾക്കു് അതിയായ സന്തോഷമുണ്ടു്. പട്ടം സെൻറുമേരീസ് ഹൈസ്കൂൾ അദ്ധ്യാ



പകനായും അതിനുശേഷം അവിടെത്തന്നെ പല വർഷങ്ങൾ പ്രഥമാദ്ധ്യാപകനായും സേവനം നടത്തിയതിനുശേഷം നാലാഞ്ചിറ സെൻറു ജോൺസ് മോഡൽ സ്കൂൾ ഹെഡ്മാസ്റ്ററായിരിക്കുമ്പോളാണ് പ്രസിഡണ്ടിൽ നിന്നും അവാർഡു ലഭിച്ചതു്. തിരുവല്ലാ തിരുമൂലപുരം സ്വദേശിയായ ശ്രീ തരകൻ പുനരൈക്യപ്രസ്ഥാനത്തിലെ നേതാക്കളിലൊരാളായ ബ. ചിററക്കാട്ടു് മാത്യൂസ് അച്ചൻെറ പുത്രനാണ്. പുനരൈക്യപ്രസ്ഥാനത്തിനു വേണ്ടി ശ്രീ തരകൻ നിസ്തുലസേവനങ്ങൾ അനുഷ്ഠിച്ചുകൊണ്ടിരിക്കുന്നു. ശ്രീ തരകൻ മലങ്കര സിറിയൻ കാതലിക് കോൺഗ്രസ്സിൻെറ പ്രസിഡണ്ടു് എന്ന നിലയിൽ കോൺഗ്രസ്സിൻെറ അഭ്യുദയത്തിനുവേണ്ടി വളരെയധികം പരിശ്രമിച്ചിട്ടുണ്ടു്. ശ്രീ ചെറിയാനു് ക്രൈസ്തവകാഹളം സകല മംഗളങ്ങളും ആശംസിച്ചുകൊള്ളുന്നു.

# 1963_ലെ മിഷ്യൻഞായർ പിരിവ്

| | Rs. | nP. |
|---|---|---|
| ബഥനി എസ്റ്റേററ് മുക്കംപാല | 47 | 00 |
| കുറത്തിയാട്ട് ഇടവക & സ്ക്കൂൾ | 32 | 00 |
| വാണാച്ചിറ | 23 | 00 |
| എം. എസ്. സി. കറസ്പോൺഡൻറ് ആഫീസ് | 8 | 27 |
| നിലമേൽ | 10 | 00 |
| മടത്തറ | 10 | 00 |
| ചോഴിയക്കോട്ട് | 10 | 00 |
| ചുപ്പൻചിറ | 5 | 00 |
| നെല്ലിമൂട്ട് ഹൈസ്കൂൾ | 72 | 00 |
| ബഥനിമഠം & ഹോസ്റ്റൽ പത്തനംതിട്ട | 32 | 00 |
| മരിയാഗിരി | 25 | 00 |
| മേക്കോട്ട് | 10 | 12 |
| ആദിച്ചവിളാകം | 10 | 67 |
| മൺകാട്ട് | 7 | 09 |
| അരുവാക്കോട്ട് | 8 | 12 |
| കിഴക്കെത്തെരുവ് | 101 | 00 |
| കരിക്കം | 10 | 00 |
| ചിരട്ടക്കോണം | 5 | 00 |
| കോക്കാട്ട് | 10 | 00 |
| ചെങ്ങമനാട്ട് | 10 | 00 |
| വിലങ്ങറ | 5 | 00 |
| വടകോട്ട് | 10 | 00 |
| ആററരികം | 10 | 00 |
| പഴകുളം | 5 | 25 |
| പൊരിയക്കോട്ട് | 4 | 50 |
| ഇളമാട്ട് | 17 | 50 |
| കായംകുളം ബഥനിമഠം | 150 | 00 |
| അതിരുങ്കൽ | 20 | 00 |
| മുറിഞ്ഞകല്ല് | 15 | 00 |
| കൂടൽ | 10 | 00 |
| പനച്ചിമൂട്ട് | 59 | 25 |
| ചെറിയകൊല്ലകടയാൽ | 45 | 00 |
| വടശ്ശേരിക്കര | 60 | 00 |
| കുളങ്ങരവാലി | 7 | 00 |
| കൊച്ചുകുളം | 5 | 13 |
| പെരുനാട്ട് | 58 | 50 |
| ചിററാർ | 12 | 36 |

| | Rs. | nP. |
|---|---|---|
| ചിററാർ സൺഡേസ്കൂൾ | 1 | 48 |
| പുനലൂർ | 23 | 75 |
| തെന്മല | 7 | 50 |
| ഉറുകുന്ന് | 7 | 00 |
| ഇടമൺ | 19 | 50 |
| വിളക്കുവട്ടം | 16 | 28 |
| ആര്യങ്കാവ് | 10 | 16 |
| Mr. P. A. ഇട്ടി, പുനലൂർ | 9 | 25 |
| പുതുപ്പള്ളി | 12 | 00 |
| താമലം | 13 | 00 |
| കരമന | 10 | 10 |
| കല്ലയം | 3 | 00 |
| പേരൂർക്കട | 2 | 65 |
| ഇടത്തറ | 10 | 00 |
| പത്തനാപുരം | 5 | 75 |
| നരിക്കൽ | 103 | 17 |
| ചെമ്പുമല | 12 | 25 |
| കോട്ടവട്ടം | 7 | 54 |
| മഞ്ഞനംകാലാ | 3 | 26 |
| കാട്ടൂർ | 33 | 00 |
| നാരങ്ങാനം | 22 | 00 |
| കീഴ്വന്മഴി | 15 | 00 |
| പുലയനാർകോട്ട | 13 | 50 |
| അരുവിയോട്ട് | 6 | 00 |
| കററാനം | 101 | 00 |
| ചാരുമ്മൂട്ട് | 40 | 00 |
| കോമല്ലൂർ | 17 | 00 |
| വള്ളികുന്നം | 11 | 00 |
| ഇടപ്പോൺ | 10 | 00 |
| കാപ്പിൽ | 5 | 00 |
| വള്ളിയറപ്പൻകാട്ട് | 16 | 11 |
| വെമ്പായം | 11 | 00 |
| വെററിനാട്ട് | 5 | 25 |
| ബഥനിഹോസ്റ്റൽ, തിരുവനന്തപുരം | 280 | 00 |
| ചെങ്ങന്നൂർ | 156 | 04 |
| കോട്ടകുളഞ്ഞി | 20 | 74 |
| പുന്നമൂട്ട് | 90 | 00 |
| നെല്ലിക്കാക്കുഴി | 25 | 00 |
| കണ്ണൂർവിള | 10 | 00 |
| പാമ്പുകാലാ | 29 | 00 |


| | Rs. | nP. |
|---|---|---|
| പൂവാർ | 4 | 50 |
| മല്ലൂർ | 5 | 00 |
| ചൊവ്വര | 1 | 20 |
| വെള്ളല്ലൂമ്പ് | 1 | 00 |
| തുമ്പമൺ | 30 | 00 |
| തുമ്പമൺ സൺഡേസ്ക്കൂൾ | 3 | 00 |
| ഏറത്തുമ്പമൺ | 10 | 00 |
| ഓമല്ലൂർ | 21 | 00 |
| മുട്ടത്തുകോണം | 5 | 00 |
| ആററൂർ | 35 | 00 |
| ഉണ്ണാമലക്കട | 13 | 00 |
| ശൂരനാട്ട് | 40 | 00 |
| ശൂരനാട്ട് വടക്ക് | 12 | 00 |
| പോരുവഴി | 21 | 00 |
| ശാസ്താംകോട്ട | 13 | 00 |
| പാവുമ്പാ | 10 | 00 |
| കടമ്മനിട്ട | 45 | 75 |
| വലിയയന്തി | 10 | 00 |
| തോന്നിയാമല | 10 | 00 |
| നാലാഞ്ചിറമഠം & സ്കൂൾ | 56 | 20 |
| കരവാളൂർ | 16 | 17 |
| നാലാഞ്ചിറ | 170 | 00 |
| ഏനാത്ത് | 41 | 00 |
| പുതുശ്ശേരിഭാഗം | 40 | 00 |
| കലയപുരം | 60 | 00 |
| കലയപുരം സ്ക്കൂൾ | 10 | 00 |
| മൈലം | 25 | 00 |
| മഞ്ചാടിമുക്ക് | 16 | 00 |
| കോഴിയോട്ട് | 23 | 56 |
| മൂങ്ങല | 21 | 00 |
| പരുത്തിക്കുഴി | 20 | 60 |
| വെള്ളൂർകോണം | 14 | 75 |
| ആര്യനാട്ട് | 14 | 66 |
| നെടുമങ്ങാട്ട് | 13 | 04 |
| കുളപ്പട | 11 | 50 |
| അരശുപറമ്പ് | 10 | 25 |
| കഴകുന്നം | 5 | 45 |
| അരുവിക്കര | 5 | 00 |
| വള്ളിക്കോട്ട് കോട്ടയം | 14 | 60 |
| മല്ലശ്ശേരി (പൂങ്കാവ്) | 10 | 00 |

(തുടരും)

# ആശുപത്രിമുറി പത്രമാഫീസായി
# "ദാസൻ" പത്രത്തിന്റെ ആരംഭം

(എം. എം. വർക്കി, മൂക്കഞ്ചേരിൽ)

എന്റെ അറസ്റ്റിനോ, ജയിൽവാസത്തിനോ കേരളദാസനെ നിശ്ചലമാക്കുവാൻ സാധിച്ചില്ലെങ്കിലും, പത്രം നിറുത്തേണ്ടിവന്നു. കേരളദാസൻ മൂന്നുപേരുടെ ഉടമസ്ഥതയിൽ തുടങ്ങി ഒടുവിൽ രണ്ടുപേരുടെ ഉടമസ്ഥതയിലായിരുന്നുവെന്നു പറഞ്ഞുവല്ലോ. എന്റെ അറസ്റ്റിനുശേഷമുണ്ടായ സംഭവവികാസങ്ങൾ പഴയനില



യിൽ ആ പത്രം നടത്തിക്കൊണ്ടുപോകുക സാദ്ധ്യമല്ലാത്ത ഒരു പതനത്തിലെത്തിച്ചു. തന്മൂലം 1926 മാർച്ചു 6-ാം തീയതിക്കുശേഷം കേരളദാസൻ നിറുത്തേണ്ടിവന്നു. ആ മാർച്ചു 13 ാംതീയതി ഞാൻ പുറപ്പെടുവിച്ച ഒരു പ്രസ്താവന മാർച്ചു 20-ാം തീയതി ഞാൻ പുതുതായി ആരംഭിച്ച "ദാസൻ" പത്രത്തിൽ ചേർത്തിട്ടുണ്ട്. ആ പ്രസ്താവനയുടെ അവസാനഭാഗം ഇങ്ങനെ സംഗ്രഹിക്കാം:

"കേരളദാസന്റെ കാര്യം മേൽപ്പറഞ്ഞ പ്രകാരം സങ്കടകരമായി പര്യവസാനിച്ചുവെങ്കിലും, എന്റെ സമുദായസേവനം ഉപേക്ഷിക്കുവാൻ എനിക്കു നിവൃത്തിയില്ല. എന്തെന്നാൽ എന്റെ ജീവിതോദ്ദേശ്യം സമുദായസേവനവും രാജ്യസേവനവുമാണെന്നു തീർച്ചപ്പെടുത്തി എന്നോ തന്നെ അതിനു ബലികഴിക്കുകയും ചെയ്തിട്ട് വർഷങ്ങൾ പലതായിരിക്കുന്നു. ആരെല്ലാം, എന്തെല്ലാം പ്രതിബന്ധങ്ങൾ ഉണ്ടാക്കിയാലും അതുകൊണ്ടൊന്നും ഞാൻ ഭഗ്നാശനാകയില്ല. കത്തോലിക്കാസമുദായത്തിന്റെ ഇന്നത്തെ രാഷ്ടീയാസ്വാസ്ഥതകളുടെ പരിഹാരാർത്ഥം തീവ്രയത്നം ചെയ്യുന്നതിനായി ഈ തലസ്ഥാനനഗരിയിൽനിന്നു ഒരു കത്തോലിക്കാപത്രത്തിന് എന്തുചെയ്യുവാൻ സാധിക്കുമെന്നുള്ളതിന് കേരളദാസന്റെ രണ്ടു വർഷത്തെ പ്രവർത്തനം മതിയായ തെളിവാണ്. കേരളദാസൻ ചെയ്തുകൊണ്ടിരിക്കുന്ന വേല അതേനിലയിൽ പൂർവ്വാധികം ഊർജ്ജിതമായും സ്വതന്ത്രമായും തുടരുന്നതിനു എന്റെ പൂർണ്ണമായ ഉടമസ്ഥതയിൽ ഉടനേതന്നെ ഒരു പത്രം പ്രസിദ്ധപ്പെടുത്തണമെന്നു നിശ്ചയിച്ചിരിക്കുന്നു. സ്ഥലത്തുള്ളവരും ഇതിനിടെ ഇവിടെ വന്നിരുന്നവരുമായ എല്ലാ സുഹൃത്തുക്കളുമായി ആലോചിച്ചതിനുശേഷമാണ് പുതിയ പത്രത്തിന്റെ പ്രസിദ്ധീകരണം തീർച്ചപ്പെടുത്തിയിട്ടുള്ളത്. പുതിയ പത്രത്തിന്റെ പേര് "ദാസൻ" എന്നായിരിക്കുന്നതും 1101 മീനം 7-ാം തീയതി അടുത്ത ശനിയാഴ്ച പുതിയ പത്രം പ്രസിദ്ധപ്പെടുത്തുന്നതുമാണ്. കേരളദാസന്റെ പ്രവർത്തനത്തിലെന്നപോലെ "ദാസൻ" പത്രത്തിനും ഞാൻ മതിയായ ഒരു മൂലധനവും കരുതിയിട്ടില്ല. കത്തോലിക്കാസമുദായത്തിനു വേണ്ടി ഞാൻ നിസ്വാർത്ഥമായി വേലചെയ്യുന്നിടത്തോളംകാലം എന്റെ സമുദാത്തിന്റെ സർവ്വശക്തി

യും പ്രയോഗിച്ചു് എന്നെ സഹായിക്കുമെന്നു് എനിക്കു പൂർണ്ണ വിശ്വാസമുണ്ടു്”.

അപ്രതീക്ഷിതമായും അക്രമമായും ഉണ്ടായ ഈ “കേരളദാസൻ” സംഭവം സംബന്ധിച്ചു് ഈയിടെയും ഒരു നേരമ്പോക്കുണ്ടായി. അതേപ്പററി ഞാൻ മലയാളമനോരമയുടെ ആഴ്ചപ്പതിപ്പു് പത്രാധിപക്കു് 1963 മേയ്മാസം 5-ാം തീയതി അയച്ച ഒരു കത്തിൻെറ പകർപ്പു് താഴെ ചേക്കുന്നതിൽനിന്നു് ആയതു് ഏതാണ്ടു മനസ്സിലാക്കാവുന്നതാണു്:–

1963 മെയ്മാസം 4-ാം തീയതിയിലെ മനോരമ ആഴ്ചപ്പതിപ്പിൽ “ജോസഫ് ചാഴികാടൻ” എന്ന പേരിൽ ജോസഫ് കുന്നപ്പിള്ളി എഴുതിയിരിക്കുന്ന ലേഖനത്തിൽ ഇങ്ങനെ പറഞ്ഞുകാണുന്നു:– “ലാക്കോളജിൽ പഠിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ “കേരളദാസൻ” എന്ന ഒരു പ്രതിവാരപ്പത്രം അദ്ദേഹം ആരംഭിച്ചു. അതിൻെറ പബ്ലിഷറും പത്രാധിപരുമെല്ലാം ചാഴികാടൻ തന്നെയായിരുന്നു. കുന്നപ്പിള്ളിയ്ക്കു് എവിടെനിന്നു കിട്ടി ഈ വിവരമെന്നു് അറിയുന്നില്ല. എൻെറ സ്നേഹിതൻ ചാഴികാടൻ പറഞ്ഞുകൊടുത്തതായിരിക്കാൻ ഇടയില്ല. ഇത്ര വലിയ ഒരു കെട്ടുകഥ ഫലിതമായിട്ടാണെങ്കിൽ പോലും അദ്ദേഹം പറയുമെന്നു തോന്നുന്നില്ല. 1924 മാർച്ചു 12-ാം തീയതിയാണു് കേരളദാസൻെറ ആദ്യലക്കം പ്രസിദ്ധീകരിക്കപ്പെട്ടതു്. കെ. ഐ. ജോസഫ് മീനാട്ടൂർ, ജോസഫ് ചാഴികാടൻ, എം. എം. വക്കി എന്ന മൂന്നുപേരായിരുന്നു പത്രത്തിൻെറ “പ്രിൻററും പബ്ളിഷറും”. ഞാൻ അന്നു ദീപികയുടെ പ്രതിനിധിയും സിററി എഡിററുമായി തിരുവനന്തപുരത്തു താമസിക്കുകയായിരുന്നു. എൻെറ ഉത്സാഹത്തിലാണു് ആ പ്രസ്ഥാനംതന്നെ ആരംഭിച്ചതു്. പക്ഷേ, ആരംഭത്തോടുകൂടിത്തന്നെ തക്കവുമായി. ആരു മാനേജരാകണം, ആരു പത്രാധിപരാകണം, ആരു പ്രിൻററും പബ്ളിഷറുമാകണം എന്നതായിരുന്നു തർക്കം. മീനാട്ടൂർ ജോസഫ് ഒരു ദുശ്ശാഠ്യക്കാരനായിരുന്നു. ചാഴികാടൻ ഇന്നത്തേപ്പോലെ “ഫലിത”ക്കാരനും. അതുകൊണ്ടാണു് മൂന്നുപേരും പ്രിൻററും പബ്ളിഷറുമായതു്. എന്നാൽ ഒന്നാംലക്കത്തത്തുടന്നു് പത്രത്തിൻെറ മൂന്നിൽ ഒരുഭാഗം തനിക്കു് ഇഷ്ടമുള്ളതൊക്കെ എഴുതാൻ വിട്ടുകിട്ടണമെന്നു് മീനാട്ടൂർ വാദമായി. ചാഴികാടൻെറ “ഫലിത”ത്തിനുപോലും താങ്ങാൻ കഴിഞ്ഞില്ല, മീനാട്ടൂറിൻെറ ഈ ഫലിതത്തെ. അങ്ങനെ, അദ്ദേഹം ഉടനെതന്നെ ഞങ്ങളെ വിട്ടുപിരിഞ്ഞു പോയി. അനന്തരം “ദേശബന്ധു” എന്ന പേരിൽ കുറേനാൾ സ്വന്തമായി ഒരു വാരിക നടത്തി. പത്രപ്രവത്തനം മതിയാക്കുകയും ചെയ്തു. 1924 മാർച്ചു 29-ാം തീയതിയിലെ രണ്ടാം ലക്കം മുതൽ ഞാൻതന്നെയായി കേരളദാസൻെറ പത്രാധിപരും പ്രിൻററും പബ്ളിഷറും. ശ്രീ ചാഴിക്കാടൻ ഇന്നത്തെപ്പോലെതന്നെയായിരുന്നു അന്നും. ഏതാനും മാസങ്ങൾക്കുശേഷം ലാക്കോളജ്പഠനം കഴിഞ്ഞു ശ്രീ ചാഴികാടൻ പാലായിലേക്കു പോയി. പിന്നെ രണ്ടുകൊല്ലത്തോളം കേരളദാസൻ മുടങ്ങാതെ നടന്നുപോന്നു. 1926 ജനുവരി 16-ാം തീയതിയാണു് തിരുവിതാംകൂർ ഗവമ്മെൻറു് എന്നെ അറസ്ററു ചെയ്തതു്. എന്നിട്ടും കേരളദാസൻ മുടങ്ങാതെ പ്രസിദ്ധീകരിച്ചുപോന്നു. ഞാൻ ഒരു ശസ്ത്രക്രിയയ്ക്കു വിധേയനായി തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ പേവാർഡിൽ താമസിക്കുകയായിരുന്നു. 1926 മാർച്ചു 6-ാം തീയതി ശനിയാഴ്ച പത്രം പുറത്തിറങ്ങിക്കഴിഞ്ഞപ്പോൾ ചാഴികാടൻെറ ഒരു കത്തു് എനിക്കു കിട്ടി. കേരളദാസൻെറ മാനേജ്മെൻറു് എന്നിൽനിന്നു “എടുത്തിരിക്കുന്നു” എന്നും അതു മീനാട്ടൂർ ജോസഫിനെ “ഏല്പിച്ചിരിക്കുന്നു” എന്നുമായിരുന്നു ആ കത്തിൻെറ ചുരുക്കം. ഇതിൻെറ ഉദ്ദേശ്യം വളരെ വ്യക്തമായിരുന്നു: അന്നു തിരുവനന്തപുരത്തുണ്ടായിരുന്ന ഏതാനും കത്തോലിക്കാപ്രമുഖന്മാരെ ആശുപത്രിയിൽ വരുത്തി ഞാൻ അവരുമായി ആലോചിച്ചു. കേരളദാസൻെറ ഉടമസ്ഥതയേപ്പററി തക്കിച്ചു സമയം കളയാതെ ഒരു പുതിയ പത്രം തുടങ്ങുകയാണു നല്ലതെന്നായിരുന്നു അവരുടെ അഭിപ്രായം. അങ്ങനെ 1926 മാർച്ചു 20-ാം തീയതി മുതൽ ഞാൻ “ദാസൻ” പത്രം പ്രസിദ്ധീകരിച്ചു തുടങ്ങി.

ഇങ്ങനെ, മാർച്ച് 6-ാം തീയതി ഞാൻ പ്രസിദ്ധീകരിച്ച ഒടുവിലത്തെ ലക്കത്തിനു ശേഷം കേരളദാസന്റെ ഒരു ലക്കം പോലും പ്രസിദ്ധീകരിക്കപ്പെട്ടിട്ടില്ല. ദാസന്റെ ഒന്നാം ലക്കത്തിൽത്തന്നെ ചാഴികാടന്റെ ഈ സഹായത്തെപ്പററി സുദീർഘമായ എന്റെ ഒരു പ്രസ്താവന അവശേഷമായി ചേർത്തിരുന്നു. ഇതു സംബന്ധിച്ച ഫയലുകളും രേഖകളുമെല്ലാം എന്റെ പക്കലുണ്ട്. കുന്നപ്പിള്ളിക്കോ മററാക്കെങ്കിലുമോ കാണണമെന്നുണ്ടെങ്കിൽ കാണിച്ചുകൊടുക്കുന്നതിനു തയ്യാറാണ്.

കേരളദാസന്റെ അവസാനത്തെ ലക്കം മാർച്ച് 6-ാം തീയതിയാണ് പുറപ്പെട്ടതെങ്കിൽ, ദാസന്റെ ആദ്യലക്കം മാർച്ച് 20-ാം തീയതി പുറപ്പെട്ടു. യഥാർത്ഥത്തിൽ ഒരാഴ്ചമാത്രമേ പത്രം മുടങ്ങിയുള്ളു. ഞാൻ ആശുപത്രിയിലായിരുന്നതിനാൽ ശ്രീ തോമാസ് പാപ്പി വേലങ്കളത്തിന്റെ പേരിലാണ് ദാസന്റെ ലൈസൻസ് എടുത്തിരുന്നതു്. കേരളദാസന്റെ പ്രസിദ്ധീകരണത്തിനു പ്രതിബന്ധമുണ്ടാക്കിയാൽ, കത്തോലിക്കരുടെ അവകാശവാദം അതോടെ അവസാനിച്ചുകൊള്ളുമെന്ന് ദിവാസ്വപ്നം കണ്ടിരുന്നവർ അതോടെ നിരാശരായി. കേരളദാസനിലേക്കാൾ ശക്തിയായ ഭാഷയിൽ കൂടുതൽ സ്വാതന്ത്ര്യത്തോടുകൂടി ദാസനിലൂടെ ഞാൻ സംസാരിച്ചുതുടങ്ങി. കാരണം, ദാസന്റെ പത്രാധിപത്യമെന്നതുപോലെ തന്നെ ഉടമസ്ഥതയും ഇനിമേൽ ആരാലും "ഫലിത"മായിപ്പോലും ചോദ്യം ചെയ്യപ്പെടുകയില്ലല്ലോ എന്ന ആത്മധൈര്യംതന്നെ.

ഞാൻ ആശുപത്രിയിലായിരുന്നെങ്കിലും, പുതിയ പത്രത്തിന്റെ നടത്തിപ്പിൽ കൂടുതൽ ശ്രദ്ധിക്കേണ്ടതായിവന്നു. തന്മൂലം ആശുപത്രിയിലെ പേവാർഡ് ഒരു ചെറിയ പത്രമാഫീസാക്കി മാറേറണ്ടതായും വന്നുകൂടി. ഇതു് അന്നത്തെ എതിരാളികൾക്ക് തീരെ രസിച്ചില്ല. അവർ ഇക്കാര്യം പലവട്ടം നിയമസഭയിൽ ഉന്നയിച്ചു. പത്രങ്ങളിൽ ഗവണ്മെൻറിനെ ശകാരിച്ച് ധാരാളമെഴുതി. ഗവണ്മെൻറിനു ഇതെപ്പററി ഒരറിവും ഇല്ലെന്നായിരുന്നു ഗവണ്മെൻറിന്റെ നിലപാട്. അതു ശരിയുമായിരുന്നു. എന്തെന്നാൽ ഗവണ്മെൻറിനെ അറിയിച്ചുകൊണ്ടല്ല ജനറൽ ആശുപത്രിയിൽവച്ച് ഞാൻ പത്രസംബന്ധമായ ജോലികൾ ചെയ്തിരുന്നതു്. ഏതായാലും, ഇക്കാര്യത്തെച്ചൊല്ലി ഏതാണ്ട് ഒരു വർഷക്കാലത്തോളം അക്കൂട്ടർ ഗവണ്മെൻറിനെ നാനാതരത്തിൽ ശല്യപ്പെടുത്തിക്കൊണ്ടിരുന്നു.

ദാസൻ കത്തോലിക്കാസമുദായത്തിനുവേണ്ടി എന്തു ചെയ്തു എന്നതു് അതിന്റെ പേജുകൾ നോക്കിയാൽ ആർക്കും ഇന്നും കാണാവുന്നതാണ്. അതിനാൽ അതിവിടെ ആവർത്തിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. പബ്ലിക്ക് സർവ്വീസിലും പ്രതിനിധി സ്ഥാപനങ്ങളിലും കത്തോലിക്കർക്കുള്ള പ്രാതിനിധ്യക്കുറവ്, ദൈവാലയങ്ങളും സിമിത്തേരികളും സ്ഥാപിക്കുന്നതിൽ അവർക്ക് നേരിട്ട പ്രതിബന്ധങ്ങൾ മുതലായവ, ആവശ്യമായ തെളിവുകൾസഹിതം, ഭരണാധികാരികളുടെ മുൻപിൽ വയ്ക്കുന്നതിന് ദാസനു കഴിഞ്ഞു. ദാസനിലെ ലേഖനങ്ങളേക്കാൾ അതിൽ പ്രസിദ്ധപ്പെടുത്തിവന്ന പ്രാതിനിധ്യപ്പട്ടികകളും ഉദ്യോഗ നിയമനപ്പട്ടികകളുമാണ് അസഹനീയമെന്നു അക്കാലത്തെ ഭരണാധികാരികൾ തന്നെ പറയുകയും അക്കാരണം പറഞ്ഞ് എന്നെ ഭീഷണിപ്പെടുത്തുകയും ചെയ്തിരുന്നു. ഭീഷണിപ്പെടുത്തുക മാത്രമല്ല, ഉപായത്തിൽ കീശയിലാക്കാൻ യത്നിക്കാതിരുന്നില്ല. പട്ടികകൾ പ്രസിദ്ധപ്പെടുത്താതിരുന്നാൽ മതി, എനിക്കു എന്തു വേണമെങ്കിലും ചെയ്തുതരാൻ അധികാരികൾ സന്നദ്ധമായിരുന്നു. സർ സി. പി. യുടെ കാലത്തുണ്ടായ ഉഗ്രസമരഘട്ടത്തിൽ ഉണ്ടായപോലെ അന്നും, എല്ലാ സാധനസാമഗ്രികളോടുംകൂടിയ ഒരു അച്ചുക്കൂടവും അതിനൊരു മൂലധനവുമാണ്, ഒരു മൂന്നാമൻ മുഖേന എനിക്കു വാഗ്ദാനം ചെയ്യപ്പെട്ടതു്. അതല്ല, എന്റെനയം തുടരുന്നപക്ഷം എനിക്കു വളരെ ക്ലേശങ്ങളും ഉപദ്രവങ്ങളും ഉണ്ടാവുമെന്ന താക്കീതും നൽകപ്പെട്ടിരുന്നു. എന്നാൽ, അന്നത്തെ ഭരണാധികാരികൾ എന്തൊക്കെ പറഞ്ഞാലും, സർ സി. പി. യുടെ കാലത്തുണ്ടായിരുന്നവരേപ്പോലെ ഹൃദയമില്ലാത്തവരും ബുദ്ധിയില്ലാത്തവരുമായിരുന്നില്ല. അതുകൊണ്ട്, എല്ലാ താക്കീതുകളും വെറും പേപ്പിടികളായിട്ടും തവളച്ചാട്ടങ്ങളായിട്ടും രൂപാന്തരപ്പെട്ടതേയുള്ളു. (തുടരും)

# ദൈവം നമ്മോടുകൂടെ

(റവ. ഫാ. ഡാനിയൽ അയ്യനേത്ത്, M. A., L. D., L. P. H.)

നമ്മുടെ ആത്മികജീവിതത്തിന്റെ ആഴവും പരപ്പും അളക്കാനുള്ള മാനദണ്ഡം "ദൈവത്തോടുള്ള അടുപ്പം" ആണെന്നു പറയാം. എന്നാൽ ഈ സാമീപ്യം സമ്പാദിക്കുക സുസാദ്ധ്യമല്ല. വേദശാസ്ത്രപാരംഗതരായ അഗസ്തീനോസും അക്വീനാസും "ദൈവസ്വഭാവം" ഗ്രഹിക്കാൻ കഴിയാതെ കുഴങ്ങിയതായി പറയപ്പെടുന്നു. ഏകത്വവും ത്രിത്വവും എങ്ങനെ പൊരുത്തപ്പെടുമെന്ന സംശയം അഗസ്തീനോസിനെ അലട്ടിക്കൊണ്ടിരുന്നു. ആഴവും അതിരും അളക്കാൻ കഴിയാത്ത സമുദ്രത്തിലെ ജലം മുഴുവനും കക്കാകൊണ്ടു് ഒരു ചെറുകുഴിയിലേക്കു മാറ്റാൻ ശ്രമിച്ച ബാലൻ (മാലാഖാ) അഗസ്തീനോസിനെ സമാധാനചിത്തനാക്കി. അക്വീനാസ് തന്റെ സുഹൃത്തായ പ്ലാസിഡിനോടു ചോദിച്ചു: "ദൈവം എന്താണെന്നു പറയാമോ?" പ്ലാസിഡ് മറുപടി പറഞ്ഞു. "ഇതെന്തു ചോദ്യം? വേദോപദേശം പഠിച്ചിട്ടില്ലേ? ദൈവം പരമമായ അരൂപിയാണെന്നറിഞ്ഞുകൂടേ?" അക്വീനാസ് വീണ്ടും പറഞ്ഞു: "ദൈവം ആരെന്ന ചോദ്യത്തിന്റെ ഉത്തരമാണതു്. എന്നാൽ ദൈവം എന്താകുന്നുവെന്നാണു് എനിക്കറിയേണ്ടതു്". അഗസ്തീനോസിനെപ്പോലെ അക്വീനാസും തന്റെ അറിവിന്റെ പരിമിതി ക്രമേണ മനസ്സിലാക്കി.

ലോകത്തിൽ ജീവിച്ച ബുദ്ധിമാന്മാരിൽ അഗ്രഗണ്യനായിരുന്ന വിശുദ്ധ തോമസ് അക്വീനാസെന്നു പറയുന്നതു് അതിശയോക്തിപരമല്ല. അനേകംനാളത്തെ പ്രാർത്ഥനയുടേയും വായനയുടേയും ധ്യാനത്തിന്റേയും ഫലമായി അദ്ദേഹം രചിച്ച ഗ്രന്ഥപരമ്പരയാണു് "സുമ്മാ തിയോളോജിക്കാ" (Summa Theologica). തത്വശാസ്ത്രത്തിന്റേയും വേദശാസ്ത്രത്തിന്റേയും മാത്രമല്ല വിജ്ഞാനത്തിന്റെ തന്നെ സമൃദ്ധമായ ഒരു കലവറയാണു് ബൃഹത്തായ ഈ ഗ്രന്ഥം. ഒരിക്കൽ ക്രൂശിതരൂപത്തിന്റെ മുമ്പിൽ അദ്ദേഹം ധ്യാനനിരതനായി നില്ക്കുമ്പോൾ ക്രിസ്തു പറയുന്നതായി കേട്ടു: "തോമസേ, നീ എന്നെക്കുറിച്ചു നന്നായിട്ടെഴുതി. എന്തു പ്രതിഫലം വേണം?" സ്നേഹോജ്ജ്വലമായ ഹൃദയത്തോടെ അദ്ദേഹം പറഞ്ഞു: "അങ്ങയെ അല്ലാതെ മറ്റൊന്നും വേണ്ടാ കർത്താവേ". പിന്നീടു് വേറൊരിക്കൽ വിശുദ്ധ കുർബാന അർപ്പിച്ചുകൊണ്ടിരുന്നപ്പോൾ ദൈവം തന്റെ മഹത്വത്തിന്റെ അല്പമായ ഒരംശം വിശുദ്ധ തോമസിനു് വെളിപ്പെടുത്തി. അതു് എപ്രകാരമായിരുന്നെന്നു് അദ്ദേഹത്തിനു പറയാൻ കഴിഞ്ഞിട്ടില്ല. അതിനുശേഷം അദ്ദേഹം മുറിയിൽ പ്രാർത്ഥനയിൽ ലയിച്ചു കഴിയവേ, താൻ രചിച്ച പുസ്തകത്തിന്റെ കൈയെഴുത്തു പ്രതികൾ മുഴുവൻ നശിപ്പിക്കുന്നതു് വേറൊരു സന്യാസി കണ്ടു. "ഞാൻ കണ്ടതുമായി തുലനം ചെയ്യുമ്പോൾ ഈ എഴുതിയതെല്ലാം വെറും പുല്ലിനു തുല്യമാണു്" എന്നു് അക്വീനാസ് ആത്മഗതം ചെയ്യുന്നതു കേൾക്കാമായിരുന്നു.

ദൈവത്തെ തീവ്രമായി സ്നേഹിക്കുകയും അന്വേഷിക്കുകയും ചെയ്ത അക്വീനാസിനെപ്പോലെയുള്ള പുണ്യപുരുഷന്മാരുടെ ജീവിതംവഴിയാണു ദൈവം എന്താകുന്നുവെന്നു് അല്പമായിട്ടെങ്കിലും നമുക്കു ഗ്രഹിക്കുവാൻ കഴിയുന്നതു്. വിശ്വസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്ന ആളുകൾക്കുപോലും ദൈവത്തിന്റേയും സ്വർഗ്ഗത്തിന്റേയും സ്വഭാവം ഗ്രഹിക്കാൻ കഴിയുന്നില്ലെന്നതു് ഒരു പരമാർത്ഥമാണു്. മനുഷ്യന്റെ ഭാവനയുടെ സൃഷ്ടിയാണു ദൈവമെന്നു് നിരീശ്വരന്മാർ വാദിക്കും. പുറജാതിക്കാരുടെ "ദേവന്മാർ" ഇപ്രകാരമുള്ള സൃഷ്ടിയാകാം. അതിനാൽ ആ ദേവന്മാർ, സ്വഭാവത്തിൽ മനുഷ്യസദൃശരായിരിക്കും. മനുഷ്യന്റെ ഭാവനയിൽ നിന്നുടലെടുക്കുന്ന ദൈവം മനുഷ്യതുല്യനാകാനേ തരമുള്ളു.

നാം ദൈവത്തെക്കുറിച്ചറിയുന്നതു് വെളിപാടുവഴിയാണു്. ക്രിസ്തുവിന്റെ വരവിനു് മൂവായിരം വർഷങ്ങൾക്കു മുമ്പു് പുറജാതിക്കാർ

അശുദ്ധരായ ദേവന്മാരുടെ പ്രതിമകളെ ആരാധിക്കുന്ന ഘട്ടത്തിൽ "ദൈവത്തിന്റെ ജനം (ഇസ്രായേൽക്കാർ) വെളിപാടിന്റെ സഹായത്താൽ സത്യദൈവത്തെ അറിഞ്ഞ് ആരാധിച്ചിരുന്നു. ദൈവം അരൂപിയാണെന്ന് അവർ ഗ്രഹിച്ചു. യാഹ്വേ, ("യഹോവാ" എന്നതിനേക്കാൾ ശരിയായ ഉച്ചാരണം ഇതാണ്.) സ്നേഹത്തിന്റെ ദൈവമായി അറിയപ്പെട്ടു. താൻ സ്നേഹിക്കുന്ന ജനത്തിൽനിന്നും അനുസരണം ആവശ്യപ്പെട്ടു. അനുസരണക്കേടുകാണിച്ചവരെ താൻ ശിക്ഷിച്ചു. ആദിമാതാപിതാക്കന്മാരെ ശപിച്ച ആ ദൈവം തന്നെ സ്നേഹപൂർവ്വം ഒരു രക്ഷകനെ വാഗ്ദാനം ചെയ്യുന്നു. വിശ്വാസമുള്ളവരിൽനിന്ന് താൻ വലിയ ത്യാഗം ആവശ്യപ്പെടുമായിരുന്നു. ഏകപുത്രനെ ബലികഴിക്കാൻ അബ്രഹാമിനോട് ആജ്ഞാപിച്ചല്ലോ. അനുസരണത്തിന് പ്രതിഫലം ലഭിക്കുകയും ചെയ്തു.

സത്യദൈവം "സ്നേഹത്തിന്റെ ദൈവമാണെന്ന് "ഇസ്രായേൽ വെളിപാടി"ലുടനീളം കാണാം. കാലാകാലങ്ങളിൽ ആ ജനം വിഗ്രഹാരാധനയിലേക്കു വഴുതിവീണപ്പോൾ പ്രവാചകരിൽക്കൂടി ദൈവം അവരെ സംബോധന ചെയ്തത് "വ്യഭിചരിക്കുന്ന മണവാട്ടി" എന്നായിരുന്നു. തന്റെ മണവാട്ടിയെന്നവണ്ണം ദൈവം ജനത്തെ കരുതിയെന്നു താൽപര്യം. സീനായിമലയുടെ മുകളിൽ മിന്നലിന്റെയും ഇടിയുടേയും മദ്ധ്യേ പ്രത്യക്ഷപ്പെട്ട അതേ ദൈവത്തെക്കുറിച്ചാണ് രാജകീയ പ്രവാചകനായ ദാവീദു പാടിയത്:

"യാഹ്വേ നല്ല ഇടയനാകുന്നു. എനിക്കു മുട്ടുണ്ടാകയില്ല. സമൃദ്ധമായ പുൽത്തകിടയിൽ അവൻ എന്നെ ആശ്വസിപ്പിക്കും. ശാന്തമായ ജലത്തിന്റെ അടുത്തേക്ക് അവൻ എന്നെ നയിക്കും. എന്റെ ആത്മാവിന് അവൻ ആഹ്ളാദം നൽകും". (സങ്കീർത്തനം 22.) ദാവീദ് പറഞ്ഞ ആശയം എസക്കിയേൽ ആവർത്തിക്കുന്നു: "യാഹ്വേ ഇപ്രകാരം പറയുന്നു: എന്റെ ആടുകളെ ഞാൻ തന്നെ നോക്കുകയും മേയിക്കുകയും ചെയ്യും. ഞാൻ തന്നെ അവരെ തീറ്റും. നഷ്ടപ്പെട്ടതിനെ ഞാൻ അന്വേഷിക്കും, അലഞ്ഞു തിരിയുന്നതിനെ ഞാൻ തിരികെ കൊണ്ടുവരും, മുറിവേറ്റതിനെ ഞാൻ ശുശ്രൂഷിക്കും, രോഗം വന്നതിനെ ഞാൻ സുഖപ്പെടുത്തും". യേശുക്രിസ്തു തന്റെ പരസ്യജീവിതകാലത്ത് "ഞാൻ നല്ല ഇടയനാകുന്നു" എന്നു പറഞ്ഞതിന്റെ അർത്ഥം ഈ പാരമ്പര്യസമ്പത്തുണ്ടായിരുന്ന യഹൂദർക്കു ഗ്രഹിക്കാൻ പ്രയാസമുണ്ടായില്ല. ദാവീദിന്റെയും, എസക്കിയേലിന്റെയും മറ്റും വാക്കുകൾ അവർ അനുസ്മരിച്ചുകാണും. അനേക തലമുറകളായി അവർ ആരാധിച്ചുവന്ന ആ ഏക സത്യദൈവം താനാണെന്നു ക്രിസ്തു അവരെ മനസ്സിലാക്കുകയായിരുന്നു.

നമ്മുടെ ജീവിതം മുഴുവനും ദൈവത്തെ നാം അന്വേഷിക്കുകയാണ്. ക്രിസ്തു ഒരിക്കൽ തന്റെ ഒരു സുഹൃത്തിനോടു പറഞ്ഞു: "എന്നെ നീ അറിഞ്ഞിരുന്നെങ്കിൽ അന്വേഷിക്കുകയില്ലായിരുന്നു". ഹൃദയവിശുദ്ധിയും എളിമയുമുള്ളവർ എപ്പോഴും ദൈവത്തിലേക്കാകർഷിക്കപ്പെടും. 'ഹൃദയവിശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; എന്തെന്നാൽ അവർ ദൈവത്തെക്കാണും" എന്നു ക്രിസ്തു പറഞ്ഞിട്ടുണ്ടല്ലോ. തന്റെ സ്നേഹിതന്മാരിൽനിന്ന് ദൈവം അകലെയല്ല: അവരോടുകൂടെ ഉണ്ടായിരിക്കും. ഒരു വലിയ പ്രലോഭനത്തിൽപ്പെട്ട് ക്ലേശിച്ച ഒരു വിശുദ്ധയ്ക്ക് അല്പം വൈകിയാണ് ക്രിസ്തു കാണപ്പെട്ടത്. അപ്പോൾ അവൾ ആവലാതി പറഞ്ഞു: "കർത്താവേ, ഞാൻ വേദന സഹിച്ചപ്പോൾ അങ്ങ് എവിടെയായിരുന്നു". ക്രിസ്തു പറഞ്ഞു: "അപ്പോഴും ഞാൻ നിന്നോടുകൂടെ ഉണ്ടായിരുന്നു. അതിനാലാണ് നീ വിജയം വരിച്ചത്. നീ അറിഞ്ഞില്ലെന്നു മാത്രം". പതിനാലാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിൽ "നോർവിച്ചിലെ ജൂലിയാനാ" എന്നൊരു വിശുദ്ധ ജീവിച്ചിരുന്നു. ഈ വിശുദ്ധ പറയുന്നു: "നമ്മുടെ കർത്താവ് നന്മയും ആശ്വാസവുമാണെന്നു ഞാനറിയുന്നു. താൻ നമ്മുടെ സ്നേഹമാണ്". താൻ നമ്മെ ആശ്ലേഷിക്കുകയും തഴുകുകയും ചെയ്യുന്നു. താൻ നമ്മിൽനിന്ന് ഒരിക്കലും വേർപിരിയാതിരിക്കാൻ വേണ്ടി നമ്മോടൊത്തു പാർക്കുന്നു.

"തനിക്കേറ്റം പ്രിയപ്പെട്ട ഭവനം നമ്മുടെ ആത്മാവാണ്". നാം സ്നേഹത്തോടുകൂടി ദൈവത്തെ സമീപിക്കണമെന്ന് ജൂലിയാനാ ആഹ്വാനം ചെയ്യുന്നു. ദൈവത്തിന്റെ സ്നേഹം മനസ്സിലാക്കാത്തതിന് വിശുദ്ധ നമ്മെ ഇപ്രകാരം കുറ്റപ്പെടുത്തുകയാണ്: ദൈവസ്നേഹത്തിന്റെ മുമ്പിൽ നാം കുരുടരാണ്. പലരും ദൈവത്തെ സർവ്വശക്തനായി കരുതുന്നു. എന്നാൽ താൻ സ്നേഹത്തിന്റെ പൂർണ്ണിമയാണെന്ന് അവർ ഗ്രഹിക്കുന്നില്ല. ഈ അജ്ഞതമൂലമാണ് മനുഷ്യർ ദൈവത്തോട് അടുക്കാത്തതു്".

വിശുദ്ധ ജൂലിയാനാ പറഞ്ഞതിൽ വളരെ പരമാർത്ഥമുണ്ട്. "ഈ വഴി സ്വർഗ്ഗത്തിലേക്ക്, ഈ വഴി നരകത്തിലേക്ക്," എന്നിങ്ങനെ മാർഗ്ഗനിർദ്ദേശം ചെയ്യുന്ന ഒരു പോലീസുകാരനായിട്ടാണ് ചില ക്രിസ്ത്യാനികൾപോലും ദൈവത്തെ വീക്ഷിക്കുന്നതു്. ഇങ്ങനെയുള്ള ആളുകളോടു യോഗിനിയായ "അവിലായിലെ ത്രേസ്യാ" പുണ്യവതി പറയുന്നു: "ആത്മാവ് ദൈവത്തിലാണ്, ദൈവം ആത്മാവിലും. നദിയിൽ വീഴുന്ന മഴവെള്ളം നദീജലവുമായി ഐക്യപ്പെടുന്നു. രണ്ടു ജനലിൽക്കൂടി ഒരു മുറിയിൽ പ്രവേശിക്കുന്ന പ്രകാശം ഒരേ സൂര്യന്റേതാണ്".

മിശിഹായ്ക്കു് 'അമ്മാനുവേൽ' എന്നു പേരുണ്ടായിരിക്കുമെന്ന് പ്രവാചകന്മാർ പറഞ്ഞു. ഈ വാക്കിന്റെ അർത്ഥം "ദൈവം നമ്മോടുകൂടെ" എന്നാണ്. ക്രിസ്തുവിന്റെ യഥാർത്ഥവ്യക്തിത്വം കാണിക്കുന്ന പേരാണിതു്. ക്രിസ്തു ആരെന്ന ചോദ്യത്തിന് "സത്യദൈവവും സത്യമനുഷ്യ"നുമെന്ന് നാം ഉത്തരം പറയും. "മനുഷ്യപുത്രരെ ദൈവപുത്രരാക്കാൻ ദൈവപുത്രൻ മനുഷ്യപുത്രനായി" എന്ന് വിശുദ്ധ അഗസ്റ്റീനോസ് പറയുമ്പോൾ "അമ്മാനുവേൽ" എന്ന അർത്ഥവ്യാപ്തി സ്പഷ്ടമായി. "വചനം മാംസമായി" എന്ന് വി. യോഹന്നാനും പറയുന്നു. ശരീരിയായിത്തീർന്ന വചനം നമ്മുടെ ഇടയിൽ "കൂടാരമടിച്ചു പാർക്കുകയാണ്". പലപ്പോഴും ഈ മഹാരഹസ്യം നാം ചിന്തിക്കാറില്ല. ഉദ്ദേശം രണ്ടായിരം കൊല്ലങ്ങൾക്കു മുമ്പ് പലസ്തീനായിലെവിടെയോ ജീവിച്ച ആരോ ഒരാളാണ് ക്രിസ്തുവെന്നു വിചാരിക്കുന്ന ക്രിസ്ത്യാനികളുണ്ട്. അങ്ങനെയുള്ളവർക്കു ക്രിസ്തു "അമ്മാനുവേൽ" അല്ല. ക്രിസ്തീയ ചൈതന്യം അവരിൽ കാണുകയില്ലതാനും. നാം ക്രിസ്തുവിൽ ജീവിക്കണം: ക്രിസ്തു നമ്മിൽ ജീവിക്കണം. നാം ക്രിസ്റ്റഫെഴ്സ് (ക്രിസ്തുവിനെ വഹിക്കുന്നവർ) ആയിത്തീരണം. അങ്ങനെ ആകുമ്പോൾ ക്രിസ്തു ചിന്തിച്ചതുപോലെയും ജീവിച്ചതുപോലെയും നാം ചിന്തിക്കുകയും ജീവിക്കുകയും ചെയ്യും. ദൈവം നമ്മോടുകൂടെ ഉള്ളതിനാൽ നമ്മിൽ കൊള്ളരുതായ്മ കുടികൊള്ളരുതു്. ഉള്ളിലുള്ള വിദ്വേഷം, അഹങ്കാരം, അസൂയ, അശുദ്ധി, കാപട്യം എന്നിവയെ എല്ലാം ദൂരെ തള്ളണം. സ്നേഹം, എളിമ, ചാരിത്ര്യശുദ്ധി, ആത്മാർത്ഥത, എന്നിവകൊണ്ട് ഹൃദയം നിറക്കുക. അപ്പോൾ നമ്മുടെ ജീവിതം "നദിയുടെ കരയിൽ നില്ക്കുന്ന വൃക്ഷം" പോലെ തളിർത്തും പൂത്തും ഫലം പുറപ്പെടുവിച്ചും നിലകൊള്ളും. അല്ലാത്തപക്ഷം നമ്മുടെ ജീവിതം "കാറ്റത്തു പറക്കുന്ന പതിരു" പോലെ ആയിരിക്കും. സന്മനസ്സുള്ളവർക്ക് സമാധാനം ലഭിക്കും. അതാണ് ലോകത്തിൽ ലഭിക്കാവുന്ന ഏറ്റം വലിയ ധനം. ക്രിസ്തുവിന്റെ ജന്മനാളായ ക്രിസ്തുമസ്സിന്റെ ഈ അവസരത്തിൽ ഒരു നവചൈതന്യം പ്രാപിക്കുന്നതിന് "ദൈവം നമ്മോടുകൂടെ"യാണെന്ന ചിന്ത സഹായിക്കട്ടെ!


**ക്രൈസ്തവകാഹളം**
**പരസ്യനിരക്ക്**

| | | |
|---|---|---|
| 1 പേജിന് | രൂപാ | 40 |
| ½ " | " | 20 |
| ¼ " | " | 10 |
| ഉപകാരസ്മരണാർത്ഥം പടം പ്രസിദ്ധപ്പെടുത്തുന്നതിന് | " | 5 |

മാനേജർ.

നിരീക്ഷകൻെറ ദൃഷ്ടിയിൽ:

# വത്തിക്കാൻ കൌൺസിൽ—ചില വിവരങ്ങൾ

(ശ്രീ സി. പി. മാത്യു)

രണ്ടാം വത്തിക്കാൻ കൌൺസിലിൻെറ ദ്വിതീയ സമ്മേളനം മുൻകൂട്ടി പ്രഖ്യാപനം ചെയ്യപ്പെട്ടിരുന്നതു പോലെ സെപ്തംബർ 29-ാം ഞായറാഴ്ച സെൻറ് പീറേറഴ്സ് ദൈവാലയത്തിൽ വി. കുർബാനയുടെ അനുഷ്ഠാനത്തോടെ ആരംഭിച്ചു. ബിഷോപ്പന്മാർ, ആർച്ചുബിഷോപ്പന്മാർ, പാത്രിയർക്കീസന്മാർ, കർദ്ദിനാളന്മാർ ആദിയായി രണ്ടായിരത്തിമുന്നൂറു കൌൺസിൽ പിതാക്കന്മാരും വിവിധ സഭകൾ നിയോഗിച്ചയച്ചിരുന്ന അറുപതോളം "നിരീക്ഷകരും", പ്രത്യേക പാസ്സുകൾ ലഭിച്ചിരുന്ന മററു ഒട്ടുവളരെ ആളുകളും പള്ളിയിൽ സന്നിഹിതരായിരുന്നു. മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു ശുശ്രൂഷയിൽ പങ്കെടുത്തെങ്കിലും പ്രധാന കാർമ്മികൻ കർദ്ദിനാൾ ടിസ്സുറൻറ് ആയിരുന്നു. നാല്പതിൽ പരം ത്രോണോസ്സുകൾ പ്രസ്തുത ദൈവാലയത്തിൽ ഉള്ളതിൽ പ്രധാന ത്രോണോസ്സ് അത്രെ അന്നുപയോഗിച്ചതു്. വി. പത്രോസിൻെറ കബർ എന്നു വിചാരിക്കപ്പെട്ടുപോരുന്നതിൻെറ മുകളിലാണു് പ്രസ്തുത ത്രോണോസ് സ്ഥിതിചെയ്യുന്നതു്. ദൈവാലയത്തിൻെറ ബൃഹത്തും ഉന്നതവുമായ കുംഭഗോപുര (Dome) ത്തിൻെറ നേരേ താഴെയുമാണു് ഈ ത്രോണോസ്. വിശ്വവിഖ്യാതനായ മൈക്കൾ ആൻജലോവിൻെറ കലാസൃഷ്ടിയായ ഈ ഗോപുരത്തിനു 434 അടി ഉയരമാണുള്ളതു്. ലോകത്തിലേക്കും വലിയ ക്രിസ്തീയ ദൈവാലയമാണല്ലോ സെൻറ് പീറേറഴ്സ്. ഏകദേശം ഒരു ലക്ഷം ആളുകൾ ഈ പള്ളിയിൽ ഒതുങ്ങുമെന്നാണു് കണക്കാക്കിയിരിക്കുന്നതു്.

കുർബാനശുശ്രൂഷാനന്തരം മാർപ്പാപ്പാ സാമാന്യം ദീർഘമായ ഒരു പ്രസംഗം ചെയ്തു. കൌൺസിലിൻെറ ഉൽഘാടന പ്രസംഗമായി അതു ഗണിക്കപ്പെടാം. അതിലെ ചില ഭാഗങ്ങൾ പ്രത്യേകിച്ചും നമ്മുടെ ശ്രദ്ധയെ അർഹിക്കുന്നതാണു്. അതിൻെറ സാരവും പ്രതിപാദന രീതിയും എത്രയും ഹൃദ്യമായിരുന്നു എന്നു മാത്രം ഇപ്പോൾ പറയട്ടെ. അടുത്ത ദിവസം മുതൽ കൌൺസിലിൻെറ യോഗങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ശനിയും ഞായറും ഒഴികെയുള്ള എല്ലാ ദിവസങ്ങളിലും രാവിലെ ഒൻപതു മണിക്കു് വി. കുർബാനയുടെ അനുഷ്ഠാനത്തോടെയാണു് യോഗം ആരംഭിക്കുന്നതു്. സാധാരണയായി അരമണിക്കൂറിലധികം ശുശ്രൂഷ ദീർഘിക്കയില്ല. വിവിധ റീത്തുകളനുസരിച്ചുള്ള ശുശ്രൂഷകളാണുള്ളതു്. പൌരസ്ത്യ റീത്തുകളനുസരിച്ചുള്ള കുർബാന നടത്തുന്നതിനു് ഏകദേശം ഒരു മണിക്കൂർ വേണ്ടിവരും. അന്ത്യോക്യയുടെ റോമാ പാത്രിയർക്കീസും അലക്സാന്ത്രിയായുടെ കോപ്ററിക്ക പാത്രിയർക്കീസും അർമേനിയൻ പാത്രിയർക്കീസും ഓരോ ദിവസം കുർബാന അനുഷ്ഠിക്കയുണ്ടായി. കുർബാനയുടെ ശേഷം ഗീതങ്ങൾ ആലാപിച്ചുകൊണ്ടു് എവൻഗേലിയോൻ ത്രോണോസിൽ കൊണ്ടുവന്നു് പ്രതിഷ്ഠിക്കയെന്നൊരു കർമ്മവും ദിവസേന നിർവ്വഹിക്കുന്നുണ്ടു്. അതിൻെറ ശേഷമാണു് 'കൌൺസിലിലെ ആലോചനകൾ ആരംഭിക്കുന്നതു്.

സഭ, അതിൻെറ സ്വഭാവം, അതിലെ സ്ഥാനികൾ മുതലായവയെപ്പററി ഒരു കമ്മീഷൻ തയ്യാറാക്കി കൌൺസിലിൻെറ മുമ്പാകെ ഹാജരാക്കിയിട്ടുള്ള ഒരു പ്രബന്ധമാണു് ഇപ്പോഴത്തെ പ്രതിപാദന വിഷയം. ഇതെപ്പററി ഓരോ ദിവസവും പത്തുപന്ത്രണ്ടോ അതിലധികമോ പിതാക്കന്മാർ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നു. ഭേദഗതികൾ നിർദ്ദേശിക്കുന്നവർ അവ എഴുതി പുറകെ സെക്രട്ടറിയേററിൽ കൊടുക്കും. ഒട്ടുവളരെ ആളുകൾ ഒരേ സംഗതിയെപ്പററി പ്രസംഗിക്കുമ്പോൾ കുറെയൊക്കെ ആവർത്തനം ഉണ്ടാകാതെയിരിക്കയില്ലല്ലോ. എങ്കിലും ഓരോരുത്തരുടെയും പ്രസംഗം മററുള്ളവരുടേതിൽനിന്നും അല്പമെങ്കിലും വ്യത്യാസപ്പെട്ടിരിക്കുമെന്നുള്ളതും തീർച്ചയാണു്. അന്യോന്യം

വളരെ വിഭിന്നമായ അഭിപ്രായങ്ങളും പ്രകടിപ്പിക്കപ്പെടുന്നുണ്ടു്. അല്ലെങ്കിൽ കൌൺസിൽ കൊണ്ടു വേണ്ട പ്രയോജനമുണ്ടാകയില്ലല്ലൊ. പ്രസംഗിക്കുന്നവരുടെ വിമശ്നങ്ങളുടെ പ്രകാശത്തിലും നിർദ്ദേശിക്കപ്പെടുന്ന ഭേദഗതികളെ കണക്കിലെടുത്തും കമ്മീഷൻ അതിന്റെ പ്രബന്ധം പുനഃപരിശോധന ചെയ്യുയും അവർ ചില ഭേദഗതികൾ കൌൺസിലിന്റെ അംഗീകരണത്തിനായി പിന്നീടു കൊണ്ടുവരികയും ചെയ്യും. അപ്പോൾ അവയെപ്പററിയുള്ള വോട്ടിംഗ് നടക്കുന്നതുമാണു്.

പലരുടെയും പ്രസംഗങ്ങളിൽ സ്പശിച്ച ചില പ്രധാന വിഷയങ്ങളെപ്പററി അല്പം പറയട്ടെ. 1870-ൽ കൂടിയ ഒന്നാം വത്തിക്കാൻ കൌൺസിലിൽ വച്ചാണല്ലൊ പാപ്പായുടെ അപ്രമാദത്വമെന്ന തത്വം സ്വീകരിക്കപ്പെട്ടതു. റോമാസഭയെ ഇതരസഭകളിൽനിന്നും അകററി നിവൃത്തിയിരിക്കുന്ന ഒരു പ്രമാണമത്രെ ഇതു്. ഇതു ഏതെങ്കിലും വിധത്തിൽ ലഘൂകരിക്കപ്പെടുന്ന വിധത്തിലുള്ള വല്ല വിശദീകരണവും ഉണ്ടാകുമോ എന്നു് ചില ഇതര സഭാ നേതാക്കളിൽ ഒരു ചിന്ത ഉദിക്കാതെയിരുന്നിട്ടില്ല. ഒന്നാം വത്തിക്കാൻ കൌൺസിലിൽ പാപ്പായുടെ അധികാരാവകാശങ്ങളെപ്പററി തീരുമാനിച്ച ശേഷം ബിഷോപ്പന്മാരുടെ അവകാശ ചുമതലകളെക്കുറിച്ചും പ്രതിപാദിക്കാൻ ഉദ്ദേശിച്ചിരുന്നതാണെന്നും, പക്ഷെ ഇററലിയിൽ അന്നുണ്ടായ യുദ്ധാവികാസങ്ങൾ കൊണ്ടു കൌൺസിൽ പെട്ടെന്നു അവസാനിപ്പിക്കേണ്ടി വന്നതാണെന്നും പറയപ്പെടുന്നു. അന്നു് ആലോചിക്കാതെ വിട്ട ഈ വിഷയം ഇപ്പോൾ ആലോചനയ്ക്കു എടുത്തിരിക്കയാണു്. പാപ്പായും ബിഷോപ്പന്മാരുടെ സംഘവും തമ്മിലുള്ളബന്ധമെന്താണു്, പാപ്പായ്ക്കുള്ള അപ്രമാദത്വം ലോകമെങ്ങുമുള്ള ബിഷോപ്പന്മാരുടെ സംഘത്തിനു് ഇല്ലയൊ എന്നിങ്ങനെയുള്ള വിഷയങ്ങളെപ്പററി പലരും തങ്ങളുടെ പ്രസംഗങ്ങളിൽ സ്പശിക്കയുണ്ടായി. ഏതു രൂപത്തിലായിരിക്കും അവസാനമായി തീരുമാനങ്ങൾ ഉണ്ടാകുന്നതെന്നു കണ്ടറിയണം. എങ്കിലും പലരും പറഞ്ഞുകേട്ട ചില അഭിപ്രായങ്ങൾ ഇവിടെ ഒന്നു സൂചിപ്പിക്കട്ടെ.

അപ്രമാദത്വമെന്നു പറയുന്നതു് വിശ്വാസപരവും സന്മാർഗ്ഗപരവുമായ വിഷയങ്ങളിൽ തെററുകൂടാതെ സഭയെ പഠിപ്പിക്കുന്നതിനുള്ള ഒരു നൽവരമാണു് എന്നു ഓർത്തിരിക്കേണ്ടതാണു്. ഈ വക കാര്യങ്ങളിൽ പരിശുദ്ധാത്മാവു് സഭയെ തെററുകളിൽനിന്നു കാത്തുകൊള്ളുമെന്നു് വിശ്വാസികൾക്കു് ഉറച്ചുകൂടെയൊ? സഭയെ ഇങ്ങനെ തെററുകൂടാതെ നടത്തുന്നതു് അപ്പൊസ്തലന്മാരുടെ അനന്തരഗാമികളായ ബിഷോപ്പന്മാരുടെ സംഘം മുഖാന്തരമാണു്. എന്നാൽ ശ്ലീഹന്മാരുടെ തലവനായ വി. പത്രോസിന്റെ പിൻതുടർച്ചക്കാരനായ പാപ്പാ ഈ ബിഷോപ്പന്മാരിൽ ഒരുവനും, അതെ സമയം തന്നെ പ്രത്യേക അവകാശധികാരത്തോടു കൂടിയ തലവനുമാണു്. പാപ്പായോടുകൂടെ ബിഷോപ്പന്മാരുടെ സംഘം കൂടുമ്പോൾ മാത്രമേ അതു സാധുവാകയുള്ളു. പാപ്പായുടെ അനുമതിയോ ക്ഷണം തന്നെയുമോ ഇല്ലാതെ കൂടുന്ന ബിഷോപ്പന്മാരുടെ സംഘത്തിനു് സാധുതയില്ല. അദ്ദേഹത്തോടുകൂടെ മററു ബിഷോപ്പന്മാർ കൂടുമ്പോൾ അവരുടെ തീരുമാനങ്ങൾക്കു് അപ്രമാദത്വമുണ്ടു്. അപ്രമാദത്വം ഒരു വ്യക്തിയിൽ ആരോപിക്കാതെ മേലദ്ധ്യക്ഷസംഘത്തിൽ നിക്ഷേപിക്കുന്നതു അത്രയ്ക്കു ആശ്വാസമാണെന്നു് പലക്കും തോന്നിയേക്കാം. എന്നാൽ ഇവിടെ ഒരു കുഴപ്പമുണ്ടു്. പാപ്പായെക്കൂടാതെ ബിഷോപ്പന്മാരുടെ സംഘത്തിനു് അപ്രമാദത്വമില്ലയെങ്കിലും, ബിഷോപ്പന്മാരെ കൂടാതെ പാപ്പായ്ക്കു തന്നെ അപ്രമാദത്വമുണ്ടെന്നത്രെ റോമാസഭയുടെ നിലപാടു്. വേറൊരുവിധത്തിൽ പറഞ്ഞാൽ, ബിഷോപ്പന്മാരോടുകൂടെ പാപ്പായ്ക്കു എന്തെല്ലാം ചെയ്യാൻ അവകാശമുണ്ടോ അതെല്ലാം തനിച്ചു ചെയ്യുന്നതിനും പാപ്പായ്ക്കു അവകാശമുണ്ടു്! പാപ്പായ്ക്കുള്ള അപ്രമാദത്വവും ബിഷോപ്പന്മാരുടെ സംഘത്തിനുള്ള അപ്രമാദത്വവും രണ്ടല്ല, ഒന്നുതന്നെയാണു്. ഇതു ദുർഘടമായ ഒരു നിലപാടായി വായനക്കാർക്കു തോന്നിയേക്കാം. എന്നാൽ ബിഷോപ്പന്മാരുടെ അഭിപ്രായം ചോദിക്കാതെ തന്നെ അവരുടെ വിശ്വാസത്തെ ശരിയായി പ്രതിബിംബിപ്പിക്കുന്നതിനും പ്രസ്താവിക്കുന്നതിനും സഭയെ പഠിപ്പിക്കുന്നതിനും പാപ്പായ്ക്കു ദൈവിക

മായ വരമുണ്ടെന്നാണ് റോമൻ വേദശാസ്ത്രജ്ഞന്മാർ പറയുന്നതെന്നത്രേ തോന്നുന്നതു്. അങ്ങനെയെങ്കിൽ ബിഷോപ്പന്മാരുടെ സ്ഥാനമെന്തു്? നിരീക്ഷകരും ചില റോമാ വേദശാസ്ത്രജ്ഞന്മാരും ആഴ്ചയിൽ ഒരിക്കൽ ഒന്നിച്ചു് കൂടി ആശയവിനിമയം ചെയ്യാറുണ്ടു്. ഒരാഴ്ചയിൽ ഞങ്ങൾ കൂടിയപ്പോൾ, മേല്പറഞ്ഞ പ്രയാസം റോമാസഭയുടെ നിലയിൽ നിന്നുതന്നെ ഉദിക്കുന്നതല്ലേ എന്നു ഞാൻ ചൂണ്ടിക്കാണിച്ചു. മറുപടി പറഞ്ഞ ലൂവെയിൻ സർവ്വകലാശാലയിലെ പ്രഫസ്സർ ഫ്രഞ്ചുഭാഷയിലാണ് സംസാരിച്ചതു്. അതിനാൽ ശരിയായി അദ്ദേഹത്തിന്റെ ആശയം ഞാൻ ഗ്രഹിച്ചില്ല. അതിന്റെ സംഗ്രഹം ഒരാൾ എന്നെപ്പറഞ്ഞു ധരിപ്പിച്ചതേയുള്ളു. സ്വയവൈരുദ്ധ്യം ഉള്ളതായി തോന്നാവുന്ന ഒരു സത്യം (Paradox) ആണിതു് എന്നും, അതിന്റെ പ്രയാസം നീങ്ങിക്കിട്ടുന്നതിനു പരിശുദ്ധാത്മാവിനെ കാത്തിരിക്കയേ നിവൃത്തിയുള്ളു എന്നും പ്രഫസ്സർ പറഞ്ഞതായിട്ടത്രേ എന്നെ ധരിപ്പിച്ചതു്.

ബിഷോപ്പന്മാരുടെ അധികാര ചുമതലകളെപ്പററി പറയുമ്പോഴൊക്കെ അവർ പാപ്പായുടെ മേലധികാരത്തിനു വിധേയരാണെന്നു പല പ്രസംഗകരു കൂടെക്കൂടെ പറയാറുണ്ടു്. പ്രബന്ധത്തിലും അങ്ങനെ കാണുന്നുണ്ടു്. എന്നാൽ ചുരുക്കം ചിലർ വ്യത്യസ്ഥമായി പ്രസംഗിക്കയുണ്ടായി. ഈജിപ്റ്റിൽ നിന്നു വന്ന Greek Melkite പാത്രിയക്കീസ് ഈ ഭിന്നരീതിയിൽ ശക്തിയായി പ്രസംഗിച്ചു. ഒന്നാം വത്തിക്കാൻ കൌൺസിലിൽ പാപ്പായുടെ അധികാരത്തെപ്പററി വേണ്ടത്ര പ്രതിപാദിച്ചിട്ടുള്ള സ്ഥിതിക്കു്, ഈ കൌൺസിലിൽ അതു വീണ്ടും വീണ്ടും എടുത്തുപറയുന്നതു് അനാവശ്യമാണെന്നു് അദ്ദേഹം വാദിച്ചു. പൗരസ്ത്യ ഓർത്തഡോക്സ് സഭകളെ കൂട്ടത്തിലായി അകററുന്നതിനേ അതു് ഉപകരിക്കയുള്ളല്ലോ എന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചു. എങ്കിലും, ഒന്നാം വത്തിക്കാൻ കൌൺസിലിന്റെ തീരുമാനത്തെ അദ്ദേഹം ചോദ്യം ചെയ്കയല്ലായിരുന്നു. റഷ്യൻ ഓർത്തഡോക്സ് സഭയിലെ ഒരു പണ്ഡിതനും ന്യൂയോർക്കിലെ അവരുടെ ഒരു സെമിനാരിയുടെ ഡീനുമായ പ്രഫസ്സർ Schmemann ഒരു സംഭാഷണമദ്ധ്യേ, ഒന്നാം വത്തിക്കാൻ കൌൺസിലിന്റെ തീരുമാനങ്ങളെ അല്പമെങ്കിലും ലഘൂകരിക്കത്തക്ക വിശദീകരണങ്ങളാണു് ഈ കൌൺസിലിൽനിന്നും തങ്ങളിൽ ചിലർ പ്രതീക്ഷിച്ചതെന്നും, എന്നാൽ യാഥാസ്ഥിതിക പ്രമുഖരായ ഒട്ടാവിയാനി, റൂഫീനി (Rufini) മുതലായ കർദ്ദിനാളന്മാരുടെ സ്വാധീനംകൊണ്ടു ഈ പ്രതീക്ഷയെ ഇച്ഛാഭംഗപ്പെടുത്തുമോ എന്നു ശങ്കിക്കുന്നു എന്നും എങ്കിലും അടുത്തവർഷത്തെ കൌൺസിൽ സമ്മേളനത്തിൽ അവസാന തീരുമാനങ്ങൾ എടുക്കുന്നതുവരെയും ഒന്നും തീർച്ചപ്പെടുത്തുവാൻ നിവൃത്തിയില്ല എന്നുമെല്ലാം എന്നോടു പറകയുണ്ടായി. പാപ്പായുടെ പരമാധികാരമാണല്ലോ ഓർത്തഡോക്സ് സഭകളും ശക്തിയായി എതിർത്തുകൊണ്ടിരിക്കുന്നതു്. ആഴ്ചതോറുമുള്ള ഞങ്ങളുടെ യോഗങ്ങളിൽ ഒന്നിൽ ഒരു റഷ്യൻ ബിഷോപ്പ് ശക്തിയായി ഇതെപ്പററി പ്രതിപാദിച്ചു. കെയിറോയിൽനിന്നു വന്നിട്ടുള്ള ഒരു കോപ്ററിക്ക് പട്ടക്കാരനും അപ്പൊസ്തലസംഘത്തിൽ വി. പത്രൊസിനു് റോമാസഭ കല്പിക്കുന്ന സ്ഥാനത്തെ നമ്മിൽ പലക്കും പരിചിതമായ യുക്തിവാദങ്ങളെ ഉപയോഗിച്ചു ശക്തിയായി ചോദ്യം ചെയ്തുകൊണ്ടു് പ്രസംഗിക്കയുണ്ടായി. ഈ കോപ്ററിക്ക സഭയും യാക്കോബായ സുറിയാനി സഭയും അന്യോന്യ സംസർഗ്ഗത്തിൽ കഴിഞ്ഞുകൂടുന്നവയാണെന്നു വായനക്കാർ ഓർക്കുമല്ലൊ.

സഭയിൽ അത്മായക്കാർക്കുള്ള സ്ഥാനമെന്നതാണു പലപ്രസംഗകരും സ്പർശിക്കുന്ന മറെറാരു വിഷയം. ഞാൻ ഇതെഴുതുന്ന ദിവസവും നടന്ന പല പ്രസംഗങ്ങളിൽ ഇതേപ്പററിയുള്ള ഭാഗങ്ങൾ അടങ്ങിയിരുന്നു. (ഒരു പ്രസിദ്ധ പ്രോട്ടസ്റ്റൻറു നേതാവായ Dr. Douglas Horton അവയോടൊക്കെയും യോജിക്കുന്നു എന്നു പിന്നീടു പറഞ്ഞു.) പൌരോഹിത്യം സഭയ്ക്കൊന്നാകെയുള്ളതാണെന്നുള്ള തത്വം 1 പത്രോ. 2: 9-ാം വാക്യം അടിസ്ഥാനപ്പെടുത്തി പലരും ഊന്നിപ്പറഞ്ഞു. എന്നാൽ സഭയിൽ പ്രത്യേക ശുശ്രൂഷകർ നിർവ്വഹിക്കുന്നതിനായി പട്ടം കെട്ടപ്പെ

ടുന്ന പുരോഹിതന്മാരുടെ (Ministerial Priesthood) പ്രത്യേക നൽവരത്തിനും സ്ഥാനത്തിനും ഇതു ബാധകമല്ല എന്നുള്ളതും എല്ലാവരും ചൂണ്ടിക്കാണിച്ചു. പ്രമാണപരമായി ഇക്കാര്യത്തിൽ കൌൺസിൽ പിതാക്കന്മാർ തമ്മിൽ യോജിപ്പുണ്ടായിരിക്കാമെങ്കിലും, ഭാഷയിലും ആശയത്തിൽത്തന്നെയും അവരിൽ ചിലർ തമ്മിൽ വ്യത്യാസമില്ലേ എന്നു സംശയിക്കുന്നു. "നിങ്ങൾ പോയി സകല ജാതികളെയും പഠിപ്പിക്കുവിൻ" എന്നു കർത്താവു പറഞ്ഞതു് പതിനൊന്നു ശിഷ്യന്മാരോടാണല്ലോ. അവരുടെ പിൻതുടർച്ചക്കാരായ ബിഷോപ്പന്മാക്കാണു് ഈ ചുമതലയും പദവിയും പ്രഥമമായിട്ടുള്ളതെന്നും അവരുടെ നിയന്ത്രണത്തിനു വിധേയമായിട്ടാണു് അത്മായക്കാർ ഈ സേവനം നിവർത്തിക്കേണ്ടതു് എന്നും ഒരു കർദ്ദിനാൾ ഇന്നു് സുവ്യക്തമായി പ്രസ്താവിക്കയുണ്ടായി. തത്വപരമായി മറ്റുള്ളവർ ഇതിനോടു യോജിക്കുമായിരിക്കും. എങ്കിലും ചിലർ അത്മായക്കാരുടെ സ്ഥാനവും നിലയും സംബന്ധിച്ചു് കൂടുതൽ ഉറച്ച സ്വരത്തിൽ പറയുന്നതു കേട്ടു. ബിഷോപ്പന്മാരെ അനുസരിക്ക മാത്രമാണു് അത്മായക്കാരുടെ ധമ്മം എന്നൊരു ധാരണ ഈ കൌൺസിൽ തീരുമാനങ്ങൾ വഴിയായി സൃഷ്ടിക്കയോ പുലത്തുകയോ ചെയ്തുകൂടാ എന്നു് ഇന്നത്തെ പ്രസംഗകരിൽ ഒരാൾ പറയുകയുണ്ടായി. അത്മായക്കാർ ബിഷോപ്പന്മാരുടെ നിയന്ത്രണത്തിനു വിധേയമായി സുവിശേഷവേല ചെയ്യണമെന്നു പറയുന്നതു് അവരുടെ സ്വാതന്ത്ര്യത്തെ ഹനിക്കുന്നതിനല്ല, തെററിയ മാഗ്ഗങ്ങളിൽനിന്നു അവരെ കാക്കുന്നതിനാണു് എന്നു ചിലർ വ്യക്തമാക്കി. അത്മായക്കാരും പട്ടക്കാരും മേല്പട്ടക്കാരും എല്ലാം കൂടെ ചേന്ന് 'ദൈവജനം'മത്രെ സഭയെന്നും, എല്ലാവരും വി. മാമ്മോദീസാ മുഖാന്തിരം ക്രിസ്തുവിൻെറ ശരീരത്തിൻെറ അവയവങ്ങളാണെന്നും, എല്ലാവരും ജീവിതവിശുദ്ധിക്കായി വിളിക്കപ്പെട്ടിരിക്കുന്നവരാണെന്നും, ക്രിസ്തുവിനു് സാക്ഷ്യം വഹിക്കുന്നതു് എല്ലാവരുടെയും പദവിയും ചുമതലയുമാണെന്നും ഉള്ള സത്യങ്ങൾ തുടർച്ചയായി പലരും പ്രഘോഷിച്ചു കേട്ടു. അതേസമയം തന്നെ എല്ലാ വിശ്വാസികൾക്കുമുള്ള സാവ്വത്രിക പൌരോഹിത്യവും, വൈദികക്കു മാത്രമുള്ള Ministerial Priesthood-ഉം തമ്മിലുള്ള വ്യത്യാസം ഡിഗ്രിയിലോ അളവിലോ മാത്രമുള്ളതല്ലയെന്നും, രണ്ടും രണ്ടുതരത്തിലുള്ളതാണെന്നും കൂടെ അവരിൽ മിക്കവരും എടുത്തു പറഞ്ഞു.

ശെമ്മാശ്ശു് സ്ഥാനം ഇന്നു പൌരോഹിത്യത്തിലേക്കുള്ള ഒരു കാൽവയ്പ്പു മാത്രമാണല്ലോ. എന്നാൽ 'നിത്യശെമ്മാശ്ശ'ന്മാർ എന്ന ഒരു കൂട്ടർ ഉണ്ടായിരിക്കുന്നതു് ചില രാജ്യങ്ങളിൽ ഇന്നു് ആവശ്യമായിത്തീർന്നിരിക്കുന്നെന്നു് ഒരഭിപ്രായം പൊന്തിവന്നിട്ടുണ്ടു്. പുരോഹിതന്മാരുടെ ദൌർലഭ്യത്തെ തെല്ലു പരിഹരിക്കുന്നതിനു് ഇതു ഉതകുമെന്നു പറയുന്നു. വി. കർബാന അനുഷ്ഠിക്കുന്നതിനു് അവക്കവകാശമുണ്ടായിരിക്കുകയില്ല, എന്നാൽ കർബാന കൊടുക്കുന്നതിൽ പട്ടക്കാരെ സഹായിക്കാം. ആവശ്യമെങ്കിൽ വിവാഹശുശ്രൂഷ നടത്തുന്നതിനു് അവരെ അനുവദിക്കണം എന്നിങ്ങനെയെല്ലാം പറയുന്നതു കേട്ടു. അവക്കു വിവാഹജീവിതം അനുവദിക്കാമോ എന്നുള്ളതാണു് ഒരു സുപ്രധാന പ്രശ്നം. അതാതു സ്ഥലങ്ങളിലെ ബിഷോപ്പന്മാരുടെ തീരുമാനത്തിനോ, അഥവാ മാർപ്പാപ്പായുടെ വിധിക്കോ അതു വിടാവുന്നതാണെന്നു ചുരുക്കം ചിലർ പറഞ്ഞു. വിവാഹം അവക്കു അനുവദിച്ചുകൂടായെന്നും, അവക്കു അതനുവദിച്ചാൽ പുരോഹിതന്മാരുടെ ബ്രഹ്മചര്യാവ്രതത്തെത്തന്നെ അതു് ഉലയ്ക്കുമെന്നും മററു പലരും പറഞ്ഞു. അങ്ങനെയെങ്കിൽ, പുരോഹിതവൃത്തിക്കു മടിക്കുന്ന ആളുകൾ ശെമ്മാശ്ശു് സ്ഥാനത്തിനു് മനസ്സു വെയ്ക്കാൻ എത്ര പ്രേരണയാണുള്ളതെന്നു എനിക്കു് മനസ്സിലായില്ല. ഏതായാലും ഇങ്ങനെ ഒരു സ്ഥാനം സൃഷ്ടിച്ചാൽ തന്നെയും അതു ചില രാജ്യങ്ങളിൽ മാർപ്പാപ്പായുടെ യുക്തംപോലെ പരീക്ഷിച്ചാൽ മതിയെന്നും സാവ്വത്രികമാക്കേണ്ടതില്ലയെന്നും എല്ലാവരും തന്നെ പറഞ്ഞു.

പ്രഥമസമ്മേളനത്തിൽ വി. കർബാന ആയിരുന്നു ചിന്താവിഷയം. കർബാനയിൽ അത്മായക്കാരും സജീവമായും ഫലപ്രദമായും പ

കെട്ടുകനതിനു് സഹായിക്കേണ്ടതാണെന്നു് എല്ലാവരും സമ്മതിച്ചു. അതിനാൽ തല്ലാസ്യുടെ മിക്ക ഭാഗങ്ങളും പ്രാദേശികഭാഷകളിൽ വിവർത്തനം ചെയ്തു് ഉപയോഗിക്കുന്നതിനുള്ള സ്വാതന്ത്ര്യം അനുവദിക്കാവുന്നതാണെന്നുള്ള ഒരു ശുപാശ ഇതേപ്പററിയുള്ള (Schema) പ്രബന്ധത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നുള്ളതു് പരസ്യമാണല്ലോ. കഴിഞ്ഞ സമ്മേളനത്തിൽ നടന്ന അഭിപ്രായപ്രകടനങ്ങളുടെ വെളിച്ചത്തിൽ കമ്മീഷൻ തയ്യാറാക്കിയ ഭേദഗതി പ്രമേയങ്ങൾ ഈ സമ്മേളനത്തിൽ ചില ദിവസങ്ങളിൽ വോട്ടിംഗിനായി കൊണ്ടുവരുന്നുണ്ടു്. അതുപോലെ സഭയെപ്പററി ഇപ്പോൾ നടക്കുന്ന പ്രസംഗങ്ങളുടെ വെളിച്ചത്തിൽ കമ്മീഷൻ തയ്യാറാക്കുന്ന ഭേദഗതികൾ അടുത്ത വർഷത്തെ കൌൺസിൽ സമ്മേളനത്തിൽ ഹാജരാക്കുന്നതായിരിക്കുമെന്നു് ഈ ലേഖനത്തിൽ മുമ്പൊരു സ്ഥാനത്തു പറഞ്ഞതാണല്ലോ.

ഇനിയും കൌൺസിൽ സമ്മേളനത്തിനു വെളിയിൽ നടന്ന ചില കാര്യങ്ങളെപ്പററിക്കൂടെ പറയട്ടെ. അസ്സീസി എന്ന സ്ഥലം ലോകപ്രസിദ്ധമാണല്ലോ. ആറേഴു ശതകങ്ങൾക്കു മുമ്പു് അവിടെ ജനിച്ചു് ജീവിച്ച ഒരു സാധുമനുഷ്യനാണു് ഈ പ്രസിദ്ധിക്കു ഹേതുഭൂതൻ. അസ്സീസിയിലെ വി. ഫ്രാൻസിസ് എന്ന നാമം കേട്ടിട്ടില്ലാത്തവർ വായനക്കാരിൽ ആരുള്ളു? ഇവിടെ നിന്നും പത്തു നൂറു മൈൽ കൂടുതൻ ദൂരത്താണു് ആ സ്ഥലം. ഒരു രാവിലെ പ്രത്യേക ബസ്സുകളിൽ ഞങ്ങളെ അവിടെ കൊണ്ടുപോയി. പകൽ മുഴുവൻ ഞങ്ങൾ മനോഹരവും പാവനസ്മരണകൾ ഉണർത്തുന്നതുമായ ആ സ്ഥലത്തു ചെലവഴിച്ചു. ഫ്രാൻസിസിൻെറ ശവകുടീരം അവിടെയുണ്ടു്. "ജീർണ്ണിച്ചുപോകുന്ന എൻെറ പള്ളിയെ (സഭയെ) നീ കേടുപോക്കുക, ഫ്രാൻസിസേ" എന്ന കുരിശിൽ നിന്നുള്ള കർത്തൃശബ്ദം ആ സിദ്ധൻ കേട്ടതായി പറയുന്ന പള്ളിയും അവിടെ ഉണ്ടു്. (അദ്ദേഹത്തിൻെറ സഹപ്രവർത്തകയായ വി. Clare-ൻെറ ശരീരവും അവിടെ ഒരു പള്ളിയിൽ സൂക്ഷിച്ചിട്ടുണ്ടു്. അതിനു് ഇന്നും ദ്രവത്വം ഭവിച്ചിട്ടില്ലയെന്നു പറയുന്നു. (ഏതോ ഒരു വക മെഴുകിൽ പൊതിഞ്ഞു വച്ചിരിക്കണമെന്നത്രേ ഇവിടെ ഞങ്ങളുടെ കൂടെ താമസിക്കുന്ന അമേരിക്കക്കാരനായ ഒരു ജസ്യൂത്തു് പാദ്രി പറഞ്ഞതു്.) ലോകമെങ്ങുമുള്ള "ഫ്രാൻസിസ്കൻ ഓർഡറിൽ" ഇന്നു് ഏകദേശം അമ്പതിനായിരം അംഗങ്ങൾ ഉണ്ടു്. ആറു വർഷത്തിലൊരിക്കൽ അവരുടെ സുപ്പീരിയറിനെ തിരഞ്ഞെടുക്കും. ഇപ്പോഴത്തെ സുപ്പീരിയർ ഒരു അമേരിക്കനാണു്. അദ്ദേഹവും സഹപ്രവർത്തകരും ഞങ്ങളെ സ്വീകരിച്ചു് കൊണ്ടുനടന്നു് പ്രധാന സ്ഥലങ്ങൾ ഒക്കെയും കാണിച്ചു. വിഭവസമൃദ്ധമായ ഒരു ഉച്ചഭക്ഷണവും ഞങ്ങൾക്കു നൽകി. ഞങ്ങളുടെ കൂട്ടത്തിലുണ്ടായിരുന്ന റിപ്പണി (Ripon) ലെ ആംഗ്ലിക്കൻ ബിഷോപ്പ് ഫ്രാൻസിസിനെപ്പററി പ്രത്യേക പഠനം നടത്തി പുസ്തകങ്ങൾ എഴുതിയിട്ടുള്ള ഒരു ദേഹമാണു്. അദ്ദേഹം ഞങ്ങൾക്കുവേണ്ടി ചെയ്ത കൃതജ്ഞതാപ്രസംഗത്തിൽ "ഉച്ചഭക്ഷണം ഫ്രാൻസിസ്കൻ രീതിയിൽനിന്നു വളരെ വിഭിന്നമായിരുന്നു (very unFranciscan) എന്നു ഫലിതരൂപേണ വിമർശിച്ചപ്പോൾ എല്ലാവരും പൊട്ടിച്ചിരിച്ചു. ഫ്രാൻസിസ് ജീവിതസുഖങ്ങൾ വെടിഞ്ഞു ദരിദ്രനായി ജീവിച്ചിരുന്നുവെന്നു എല്ലാവർക്കുമറിയാവുന്നതാണല്ലോ. അദ്ദേഹം ധരിച്ചിരുന്നതായി പറയുന്ന ചില കുപ്പായങ്ങൾ സൂക്ഷിച്ചു വച്ചിട്ടുണ്ടു്. അവ പല ഭാഗങ്ങളിൽ കീറി തയ്ച്ചതാണു്. അദ്ദേഹത്തെപ്പററി ഇവിടെ ഉപന്യസിക്കണമെന്നുദ്ദേശിക്കുന്നില്ല. ഞങ്ങൾക്കു് ഇവിടെ ലഭിച്ച ഒരു ലഘുപുസ്തകത്തിൽ കണ്ട ഒരു ചെറുവാചകം മാത്രം ഉദ്ധരിച്ചു തൃപ്തിപ്പെടാം. "ദൈവം മനുഷ്യരെ സ്നേഹിക്കുന്നതുപോലെ അവരെ സ്നേഹിച്ച ഒരുവൻ" ഇതിൽ കൂടുതലായ ഒരു സ്തുതി ഒരു സിദ്ധനു തന്നെയും നൽകാനുണ്ടോ? മിക്കവാറും എല്ലാവർക്കും തന്നെ ഇത്രയും പ്രിയംകരമായിത്തീർന്നിട്ടുള്ള ഒരു സിദ്ധൻ സഭാചരിത്രത്തിൽ ഇദ്ദേഹത്തെപ്പോലെയുണ്ടോ എന്നു സംശയിച്ചുപോകുന്നു.

മാർപ്പാപ്പാ തിരുമേനി ഞങ്ങൾക്കു അനുവദിച്ച ഒരു പ്രത്യേക സന്ദർശനം അത്രേ പ്രസ്താവ്യമായ മറെറാരു സംഗതി. ഓരോരുത്തർക്കും ഹസ്തദാനം നൽകി അവിടുന്നു ഞങ്ങളെ സ്വീക

രിച്ചു ഇരുത്തി. കൈമുത്തി പരിചയിച്ചിരുന്നവർ അങ്ങനെ ചെയ്തു. പിന്നീടു ഞങ്ങളെ പ്രതിനിധീകരിച്ചു് Copenhagen സർവ്വകലാശാലയിലെ പ്രൊഫസ്സർ Skydsgarrd മുൻകൂട്ടി എഴുതിയിരുന്ന ഒരു പ്രസംഗം വായിച്ചു സമർപ്പിച്ചു. പാപ്പാ തിരുമേനിയും മുൻകൂട്ടി തയ്യാറാക്കി വച്ചിരുന്ന ഒരു പ്രസംഗം വായിച്ചു. രണ്ടും ഫ്രഞ്ചുഭാഷയിലായിരുന്നു രണ്ടിന്റെയും ഇംഗ്ലീഷ് പരിഭാഷ ഞങ്ങൾക്കു ലഭിക്കുമെന്ന് സെക്രട്ടറിയേററിലെ ഒരാൾ ഉറപ്പു നൽകിയിട്ടുണ്ടു്. വേദശാസ്ത്രപരമല്ലാത്ത പല ഭൂതകാല സംഭവങ്ങളും കത്തോലിക്കാസഭയേയും ഇതര സഭകളെയും തമ്മിൽ അകററുന്നതിനു ഇടയാക്കിയിട്ടുണ്ടെന്നും, അവയുടെ കയ്പ്പായ സ്മരണകൾ പുലർത്തിക്കൊണ്ടിരുന്നാൽ ഭാവി ആശാവഹമായിരിക്കയില്ലെന്നും, വി പൗലോസ് പറഞ്ഞിട്ടുള്ളതുപോലെ നാം പിമ്പിലുള്ളതിനെ മറന്നു്, നമ്മുടെ മുമ്പിലുള്ള ലക്ഷ്യത്തിന്റെ പ്രാപ്തിക്കായി പരിശ്രമിക്കണമെന്നും, കത്തോലിക്കർ അന്യരോടു ചെയ്തിട്ടുള്ള ദോഷങ്ങളെപ്പററി അവർ അനുതപിക്കുന്നുവെന്നും കത്തോലിക്കരോടു ഇതരക്രിസ്ത്യാനികൾ ചെയ്തിട്ടുള്ള ദോഷങ്ങളെ അവർ ക്ഷമിക്കയും വിസ്മരിക്കയും ചെയ്യുന്നു എന്നും മററും മാർപ്പാപ്പായുടെ പ്രസംഗത്തിലുണ്ടായിരുന്നുവെന്നു് അമേരിക്കനായ ഒരു സ്നേഹിതൻ എന്നോടു പറഞ്ഞു. പ്രസംഗത്തിന്റെ പരിഭാഷ കിട്ടുമ്പോൾ കൂടുതലായും സൂക്ഷ്മമായും അറിയാമെന്നാശിക്കുന്നു.

ക്രിസ്തീയ ഐക്യത്തെ പുരോഗമിപ്പിക്കുന്നതിനായുള്ള വത്തിക്കാൻ സെക്രട്ടറിയേററിന്റെ അതിഥികളായിട്ടാണു് നിരീക്ഷകർ ഇവിടെ താമസിക്കുന്നതു്. പ്രസ്തുത സെക്രട്ടറിയേററിന്റെ അദ്ധ്യക്ഷനത്രെ കർദ്ദിനാൾ Bea ഞങ്ങളെ ഔപചാരികമായി സ്വീകരിക്കുന്നതിനു ഒരു പാർട്ടി അദ്ദേഹം നടത്തി. അദ്ദേഹം അപ്പോൾ ചെയ്ത പ്രസംഗത്തിനു് മറുപടി പറഞ്ഞതു് ഒരു റഷ്യൻ ബിഷോപ്പാണു്. കർദ്ദിനാളന്മാരുടെ കൂട്ടത്തിൽ ചിലർ "ലിബറൽ" കക്ഷികളും മററു ചിലർ കടുത്ത യാഥാസ്ഥിതികരുമാണു്. കർദ്ദിനാൾ Bea ലിബറൽ കക്ഷിയിൽപെട്ടതാണു് എന്നു ന്യായമായി ഊഹിക്കാവുന്നതാണല്ലോ. പ്രതിപാദ്യപ്രബന്ധത്തിലെ വാദങ്ങളും പ്രസ്താവനകളുമെല്ലാം വേദവാക്യങ്ങളുടെ ശരിയായ വ്യാഖ്യാനം കൊണ്ടു സ്ഥാപിക്കാവുന്നവയായിരിക്കണമെന്നും എന്നാൽ പ്രസ്തുത പ്രബന്ധത്തിൽ കാണുന്ന ചില വേദവാക്യവ്യാഖ്യാനങ്ങൾ സംശയാസ്പദമാണെന്നുമെല്ലാം കൌൺസിലിൽ ചെയ്ത ഒരു പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞിരുന്നു.

"സുബിയാക്കൊ" (Subiaco) എന്ന പേരു് ഞാൻ കേട്ടിട്ടില്ലായിരുന്നു. ഇവിടെ നിന്നു് അമ്പതു മൈൽ ദൂരത്തുള്ള ഒരു പർവ്വതപ്രദേശമാണതു്. അഞ്ചും ആറും ശതകങ്ങളിൽ ജീവിച്ചിരുന്ന വി. ബനഡിക്ട് യുവാവായിരിക്കുമ്പോൾത്തന്നെ റോമായിൽ നിന്നും ഓടിപ്പോയി മൂന്നു വർഷത്തോളം അവിടെ ഒരു ഗുഹയിൽ പ്രാർത്ഥനയിലും ധ്യാനത്തിലും കഴിച്ചു എന്നാണു പറയുന്നതു്. അതിന്റെ ശേഷമാണു് അദ്ദേഹത്തിന്റെ നാമത്തോടു ഘടിപ്പിക്കപ്പെട്ടിരിക്കുന്ന ആശ്രമപ്രസ്ഥാനം ആരംഭിച്ചതു്. പ്രസ്തുത ആശ്രമം വളർന്നു് വികസിച്ചു തുടങ്ങിയതു് ഇററലിയിൽ വേറൊരു ഭാഗത്താണു്. അദ്ദേഹം താമസിച്ച ഗുഹയുടെ സ്ഥാനത്തു് ഇപ്പോൾ ഒരു ആശ്രമവും ചാപ്പലും ഉണ്ടു്. അസ്സീസിയിലെ ഫ്രാൻസിസ് വളരെ ശതകങ്ങൾ കഴിഞ്ഞു് ഈ സ്ഥലത്തു് പോയി താമസിച്ചതാണു്. ഇവ കാണുന്നതിനായി ചില സ്നേഹിതന്മാർ എന്നെ കൊണ്ടുപോയി. പ്രശാന്തവും മനോഹരവുമായ പ്രദേശം തന്നെ. പാശ്ചാത്യസഭയിലെ ഒന്നാമത്തെ സംഘടിതമായ ആശ്രമപ്രസ്ഥാനമാണു് വി. ബനഡിക്ടിന്റേതു് എന്നത്രേ പറയുന്നതു്. അദ്ദേഹം ആശ്രമവാസികൾക്കായി എഴുതിയ നിയമങ്ങൾ ഇന്നും ആദരിക്കപ്പെട്ടുപോരുന്നു. ഈ സ്ഥലം പോയി കാണുന്നതിനിടയായതിൽ എനിക്കു അനല്പമായ സന്തോഷവും ചാരിതാർത്ഥ്യവും തോന്നുന്നു.

# ഡോക്ടർ ഹൺസ് ക്യൂംങിൻെറ അഭിമതങ്ങൾ

(മാത്യു ചെരിപുറം, ആലുവാ)

[റ്റൂബിൻജൻ സർവ്വകലാശാലയിലെ (ജർമ്മനി) ദൈവശാസ്ത്രവകുപ്പിലെ പ്രൊഫസറാണ് ഫാദർ ഹൺസ് ക്യൂംങ്. വത്തിക്കാൻ കൗൺസിലിൽ ഔദ്യോഗിക ഉപദേഷ്ടാവായി ജോൺ മാർപ്പാപ്പ ഇദ്ദേഹത്തെ നിയമിച്ചു. "കൗൺസിൽ: നവീകരണവും പുനരൈക്യവും" എന്ന അദ്ദേഹത്തിൻെറ പുസ്തകം ഈ നൂറ്റാണ്ടിൽ എക്യുമിനിക്കൽ വിഷയത്തിൽ ഉണ്ടായിട്ടുള്ള ഏററവും മികച്ച കൃതിയാണ്. 'The catholic world' എന്ന മാസികയുടെ പത്രാധിപർ നടത്തിയ ഒരഭിമുഖസംഭാഷണത്തിൻെറ റിപ്പോർട്ടാണ് താഴെ കൊടുത്തിരിക്കുന്നത്]

ചോദ്യം:—വത്തിക്കാൻ കൗൺസിലിലെ ഒരു പ്രോട്ടസ്റ്റൻറ നിരീക്ഷകനായ എഡ്മണ്ട് ഷിൽക്ക് (Edmund sehilk) കത്തോലിക്കരുടെ എക്യുമെനിക്കൽ മനോഭാവം ഇതുവരെ വ്യക്തമായിട്ടില്ലെന്നും പ്രോട്ടസ്റ്റൻറുകാരുമായുള്ള സംയുക്തവിവാഹം, സർവ്വമതസ്വാതന്ത്ര്യം, മരിയൻ ശാസ്ത്രം തുടങ്ങിയ വിഷയങ്ങളിൽ കൗൺസിൽ എന്തു തീരുമാനമെടുക്കുമെന്ന പ്രോട്ടസ്റ്റൻറുകാർ വലിയ ആകാംക്ഷയോടെ ഉററു നോക്കുകയാണെന്നും ഒരവസരത്തിൽ പറയുകയുണ്ടായി. യാഥാസ്ഥിതികർക്കും ഉല്പതിഷ്ണുക്കൾക്കും ഇടയ്ക്കുള്ള ഒരു 'മദ്ധ്യസ്ഥിതി'യായിരിക്കും കൗൺസിൽ അവലംബിക്കുന്നത്, എന്നത്രേ അദ്ദേഹത്തിൻെറ അഭിമതം. ഇതിനെക്കുറിച്ച് ഫാദർ ക്യൂംങ് എന്തു പറയുന്നു?

ഉത്തരം:—കത്തോലിക്കാസഭയുടെ എക്യുമെനിക്കൽ മനോഭാവം സ്പഷ്ടമാണ്. എന്നാൽ, കത്തോലിക്കാ എക്യുമെനിസത്തിൻെറ എല്ലാ വശങ്ങളും വേണ്ടതിൻ വണ്ണം ഇതുവരെ വളർച്ച പ്രാപിച്ചിട്ടില്ല. അതിനു കുറേക്കാലം കൂടി എടുക്കും. മററു ക്രിസ്തീയവിഭാഗങ്ങളെക്കുറിച്ചുള്ള സഭയുടെ മനോഭാവത്തിന് ഇന്നു വലിയ മാററം വന്നിട്ടുണ്ട്. വ്യത്യസ്ഥമായ അന്തരീക്ഷം ഇന്നു സംജാതമായിരിക്കുന്നു. വളരെയേറെ പ്രാധാന്യമർഹിക്കുന്ന ഒരു സംഗതിയത്രെ ഇത്. അതുകൊണ്ട്, നിങ്ങൾ ഉന്നയിക്കുന്ന പ്രശ്നങ്ങൾക്കുള്ള പ്രായോഗിക തീരുമാനങ്ങൾ അനതിവിദൂരമായ ഭാവിയിൽ ഉണ്ടാകുമെന്നു നമുക്കു പ്രതീക്ഷിക്കാം.

കൗൺസിൽ ഒരു 'മദ്ധ്യസ്ഥിതി'യാണു സ്വീകരിക്കാൻ പോകുന്നതെങ്കിൽ അതപകടമായിരിക്കും. എന്തെല്ലാം ഉണ്ടാകാൻ പോകുന്നുവെന്നത് കൗൺസിൽ പിതാക്കന്മാരുടെ ആർജ്ജവത്തേയും ധൈര്യത്തേയും ആശ്രയിച്ചിരിക്കുന്നു. എനിക്കു പറയുവാനുള്ളതിതാണ്: കൗൺസിലിൻെറ ഒന്നാം സമ്മേളനം വലിയൊരു വിജയമായിരുന്നു. സ്പെയിനിലേയും തെക്കേഅമേരിക്കയിലേയും മെത്രാന്മാർ പോലും എക്യുമിനിക്കൽ വിഷയങ്ങളിൽ വിശാലമായ ഒരു മനോഭാവം പ്രകടിപ്പിക്കുകയുണ്ടായി.

ചോ:—പ്രോട്ടസ്റ്റൻറുകാരുമായുള്ള സംയുക്തവിവാഹനിയമങ്ങളിൽ സഭ വല്ല അയവും വരുത്തുമോ?

ഉ:—അയവു വരുത്തേണ്ട ആവശ്യമുണ്ടെന്ന് അഭിപ്രായമുള്ള ഒട്ടനേകം മെത്രാന്മാർ യൂറോപ്പിലുണ്ട്. എന്നാൽ, സാർവ്വത്രികമായ ഒരു ഭേദഗതി അവസരോചിതമായിരിക്കുകയില്ല. എന്തുകൊണ്ടെന്നാൽ, പ്രോട്ടസ്റ്റൻറിസം എല്ലായിടത്തും ഒരേ സ്വഭാവമുള്ളതല്ലല്ലോ. സംയുക്തവിവാഹത്തിൻെറ സ്വഭാവം സ്ഥലകാലസ്വഭാവങ്ങൾ അനുസരിച്ചു മാറിക്കൊണ്ടിരിക്കും. ഇപ്പോൾ നിലവിലിരിക്കുന്ന കാനോൻ നിയമങ്ങൾക്കു മാററം വരുത്തുന്നതിൽ തടസ്സമൊന്നുമില്ല. പണ്ടത്തെ വൈവാഹികനിയമങ്ങൾ മാററിയാണ് ഇന്നത്തെ നിയമങ്ങൾക്ക് രൂപം കൊടുത്തത്. സംയുക്തവിവാഹത്തിൽ, സന്താനങ്ങളെ കത്തോലിക്കരാക്കി വളർത്തിക്കൊള്ളാമെന്ന വാഗ്ദത്തമാണ് ഏററം വിഷമം പിടിച്ച പ്രശ്നം. ഈ വാഗ്ദത്തം സ്വാഭാവികനിയമത്തിൽ അധിഷ്ഠിതമാണെന്നും അതിനു മാററം വരുത്തുവാൻ പാടില്ലെന്നും ഒരുക്കൂട്ടം ദൈവശാസ്ത്രജ്ഞന്മാർ വാദിക്കുന്നുണ്ട്.

ചോ:—സൂനഹദോസിന്റെ ഉൽഘാടനപ്രസംഗത്തിൽ മൂന്നുതരം ഐക്യത്തെക്കുറിച്ചു യോഹന്നാൻ മാർപ്പാപ്പ പറയുകയുണ്ടായി. അക്രൈസ്തവരെക്കൂടി സമാശ്ലേഷിക്കുന്ന ഒരൈക്യത്തെ തിരുമേനി സൂചിപ്പിച്ചു. ക്രിസ്ത്യൻ എക്കുമെനിസത്തിൽ നിന്നും ഒരടികൂടി മുന്നോട്ടു കടന്ന് അക്രൈസ്തവരെക്കൂടി ഉൾക്കൊള്ളുന്ന സ്വഭാവാധിഷ്ഠിതമായ (natural) ഒരു എക്കുമെനിസമല്ലേ ഇതു? ഇതിൽ 'സിൻക്രെറ്റിസ'ത്തിന്റെ അപകടമുണ്ടെന്നു വിചാരിക്കുന്നുവോ?

ഉ:—മാനവകുലം ക്രിസ്തുമതത്തേക്കാൾ വലുതാണെന്നു കാണിക്കാൻ ജോൺ മാർപ്പാപ്പാ ആഗ്രഹിച്ചു. മനുഷ്യവർഗ്ഗത്തിന്റെ പ്രശ്നങ്ങളെ അഗണ്യമാക്കിക്കൊണ്ടുള്ള ഒരെക്കുമിനിസമാണു തിരുമേനി സ്വീകരിച്ചിരുന്നതെങ്കിൽ അതു തികച്ചും തെറ്റാകുമായിരുന്നു. അതുപോലെ തന്നെ, എല്ലാ ക്രിസ്ത്യാനികളുടേയും അവഗാഹമായ ഐക്യത്തെ അഗണ്യമാക്കിക്കൊണ്ടുള്ള ഒരു മാനവവീക്ഷണമാണ് തിരുമേനി സ്വീകരിച്ചിരുന്നതെങ്കിൽ അതും തെറ്റിപ്പോയേനെ. ഇവയെ സൂനഹദോസിന്റെ അടുത്തു വരുന്ന സമ്മേളനങ്ങൾ കൂടുതലായി വിചിന്തനം ചെയ്യാതിരിക്കുകയില്ല. ആദർശപരമായി നോക്കിയാൽ സിൻക്രെറ്റിസം കത്തോലിസത്തിന് ഒരപകടവും വരുത്തുമെന്നു ഞാൻ വിചാരിക്കുന്നില്ല. പ്രായോഗികരംഗത്തു്, പ്രാകൃതമായ ഭക്താഭ്യാസങ്ങൾ അധികവും വിജാതീയമാകകൊണ്ട് അപകടസാധ്യതകൾ ഇല്ലാതെയുമില്ല.

ചോ:—ആശയങ്ങളും അവയുടെ ആവിഷ്ക്കരണരീതിയും രണ്ടും രണ്ടാണെന്ന് പരിശുദ്ധപിതാവു് സൂനഹദോസിന്റെ ഉൽഘാടനപ്രസംഗത്തിൽ വ്യവച്ഛേദിച്ചു പറയുകയുണ്ടായി. (Faith and formulation of faith.) വിശ്വാസഫോർമുലകൾ ആന്തരികമതാനുഭൂതിയ്ക്കനുസൃതമായ പരിണാമപ്രതിഫലങ്ങളാണെന്നു വാദിക്കുന്ന 'മോഡേണിസ'ത്തിന്റെ അപകടം അതിലൊളിഞ്ഞിരിപ്പില്ലേ?

ഉ:—പരിശുദ്ധപിതാവു പറഞ്ഞതു വേണ്ടതിൻവണ്ണം മനസ്സിലാക്കിയാൽ യാതൊരപകടവുമില്ല. ഇന്നു 'ഡോക്ട്രിനലിസ'ത്തിൽ അമിതമായ അതിശ്രദ്ധയുണ്ടെന്നത്രേ അദ്ദേഹം പറഞ്ഞതിന്റെ സാരം. വിശ്വാസത്തിന് ഒരൊററ ആവിഷ്ക്കരണരീതിയേ ഉണ്ടാകാവൂ എന്ന് ഡോക്ട്രിനലിസ്റ്റ് വിചാരിക്കുന്നു. പോരാ, അതുമാത്രമേ ശരിയായിരിക്കുമെന്നും, വിശ്വാസത്തേയും അതിന്റെ സാങ്കേതികാവിഷ്ക്കരണത്തേയും രണ്ടായി കാണാൻ അവർക്കു കഴിയാത്തതാണതിനു കാരണം. ഡോഗ്മാറ്റിക് തിയോളജിയുടെ ചരിത്രം എന്താണ് വിളിച്ചറിയിക്കുന്നതു്? വിശ്വാസത്തെ സംബന്ധിച്ച് വിവിധ സാങ്കേതികാവിഷ്ക്കരണ രീതിയല്ല സഭയിലെ സാർവ്വത്രിക സൂനഹദോസുകൾ അവലംബിച്ചിട്ടുള്ളതു്. വിവിധ സിദ്ധാന്തങ്ങൾക്കിടയിൽ വിശ്വാസം അഭംഗം നിലനില്ക്കുന്നുണ്ടോ എന്നാണു നമുക്കു നോക്കേണ്ടതു്. വിശ്വാസത്തിന്റെ സാങ്കേതികാവിഷ്ക്കരണത്തിൽ വൈവിധ്യം വരുത്തിയാലും വിശ്വാസം ഏകമായി നിലനില്ക്കുമെന്നു യോഹന്നാൻ മാർപ്പാപ്പാ പറഞ്ഞു. ഉദാഹരണമായി ലത്തീൻ സഭയും ഗ്രീക്കുസഭയും ഒരേ വിശ്വാസത്തിനു വ്യത്യസ്ത ഫോർമുലകളല്ലേ ഉപയോഗിക്കുന്നതു്. ഇന്നു മിക്ക പ്രോട്ടസ്റ്റൻറു കത്തോലിക്കാഫോർമുലകൾക്കും പിന്നിലുള്ള വിശ്വാസം ഒന്നു തന്നെയാണ്.

ചോ:—ഓർത്തഡോക്സുകാർക്കും സ്വീകാര്യമായവിധം 'മാർപ്പാപ്പായുടെ അപ്രമാദത്വം' എന്ന ഡോഗ്മ പുനഃസംവിധാനം ചെയ്യുവാൻ സാധിക്കുമോ?

ഉ:—മറവുള്ളവർക്കും മനസ്സിലാകത്തക്കവണ്ണം എല്ലാ ഡോഗ്മകളും വിശദീകരിക്കാവുന്നതാണ്. ദൈവിക വെളിപാടിന്റെ ഭാഗികസ്വഭാവത്തെക്കുറിച്ച് വി. പൗലോസ് പറയുന്നതു നാം മനസ്സിലാക്കുന്നപക്ഷം 'അപ്രമാദത്വം' ഇനിയും വിശദീകരിക്കുവാൻ സാധിക്കും. "ഇന്നു നാം കണ്ണാടിയിലെന്നപോലെ കാണുന്നു. അന്നു അഭിമുഖമായെന്നവണ്ണം നാം കാണും. അപ്പോൾ മാത്രമേ മുഴുവനും കാണാൻ നമുക്കു കഴിയൂ."

ചോ:—അബദ്ധസിദ്ധാന്തങ്ങളോട് കൈക്കൊള്ളേണ്ട നിലപാടിനെക്കുറിച്ച് ഉൽഘാടനപ്രസംഗത്തിൽ മാർപ്പാപ്പാ സൂചിപ്പിച്ചല്ലോ. സഭയ്ക്കകത്തുണ്ടാകുന്ന അബദ്ധങ്ങളാണോ, സഭയ്ക്കു പുറത്തു

ണ്ടാകുന്ന അബദ്ധങ്ങളാണോ പരിശുദ്ധ പിതാവ് വിവക്ഷിക്കുന്നത്.? അതായത്, സഭയിലെ പാഷണ്ഡതകളെന്നും അപകടകരങ്ങളെന്നും മററും സഭയിലെ ഭരണാധികാരികൾ വിധിക്കുന്ന അബദ്ധങ്ങളാണോ ഇവ? കാക്കശ്യത്തിൻെറ അധികാരദണ്ഡു കൊണ്ടെന്നതിനേക്കാൾ കാരുണ്യത്തിൻെറ തൈലം കൊണ്ട് അബദ്ധങ്ങളെ ദൂരീകരിക്കണമെന്ന് പരിശുദ്ധ പിതാവ് ഉൽബോധിപ്പിച്ചു. ക്രിസ്തുവിൻെറ സഭ, കാലത്തിൻെറ ആവശ്യങ്ങൾക്കനുസൃതമായി വിശ്വാസവിഷയങ്ങളെ വെറും പ്രതിരോധപരമായിട്ടെന്നതിനേക്കാൾ സൃഷ്ടിപരമായിട്ടല്ലേ ആവിഷ്ക്കരിക്കേണ്ടതു്?

ഉ:—ആദ്യത്തെ ചോദ്യം അബദ്ധങ്ങളെക്കുറിച്ചാണല്ലോ. രണ്ടുതരം അബദ്ധങ്ങളേക്കുറിച്ചുമാണു തിരുമേനി പറഞ്ഞതു്. ഒരിക്കൽ ശപിക്കപ്പെട്ടതാണെങ്കിൽ വീണ്ടും അവയെക്കുറിച്ച് ചർച്ച ചെയ്യുക അത്ര സാധ്യമായ ഒരു കാര്യമല്ല. എന്നാൽ ഒരു കാര്യം നാമോക്കണം. സംവാദങ്ങളിൽ നിന്നാണല്ലോ സത്യം വെളിവാകുന്നതു്. സത്യമെന്താണെന്ന് ചരിത്രം മനസ്സിലാക്കുന്നതു് സംവാദങ്ങളിൽ നിന്നാണ്. ദൈവശാസ്ത്രവും ഇതുപോലെ തന്നെയാണ്. പൂവ്വപിതാക്കന്മാരുടെ നടപടികളിലേയ്ക്കു നോക്കുു. അവരിൽ പലക്കും വിവരണങ്ങളിൽ അബദ്ധം പിണഞ്ഞിട്ടുണ്ട്. എന്നിട്ടും അവയെക്കുറിച്ചുള്ള പുന:വിചിന്തനങ്ങൾക്ക് സാധ്യതയുണ്ടായിരുന്നു. അങ്ങനെ, ദൈവശാസ്ത്രം പുരോഗമിച്ചു. അബദ്ധസിദ്ധാന്തങ്ങളെ അടിച്ചമർത്തുന്നതിനേക്കാൾ സത്യം കൊണ്ട് ജയിച്ചടക്കുന്നതാണ് നല്ലതു്. അടിച്ചമത്തുന്നതെന്തും പിന്നീട് പുതിയ രൂപത്തിൽ ഉയിർത്തെഴുന്നേല്ക്കും. അതുകൊണ്ട്, അബദ്ധങ്ങളെ വീണ്ടും ചർച്ച ചെയ്യുന്നതു് സത്യത്തിൻെറപൊരുൾ പ്രകാശിതമാകാൻ സഹായിക്കും.

ചോ:—കൗൺസിലിൻെറ ഒന്നാം സമ്മേളനത്തിൽ പ്രകടമായിക്കണ്ട സ്വാതന്ത്ര്യചിന്താഗതി സഭയിലെ മററു രംഗങ്ങളിലേയ്ക്കും വ്യാപിക്കുമോ?

ഉ:—തീർച്ചയായും. കൂടുതൽ സ്വാതന്ത്ര്യത്തിലേയ്ക്കു സഭയെ കൊണ്ടുവരുന്ന ഒന്നായിരുന്നു ഒന്നാം സമ്മേളനം. സഭയിൽ സ്വാതന്ത്ര്യമായ ജീവിതമില്ലെങ്കിൽ സ്വാതന്ത്ര്യത്തെക്കുറിച്ച് സ്വപ്നം കാണുന്നതും പ്രസംഗിക്കുന്നതും മൗഢ്യമാണ്. സ്വാതന്ത്ര്യത്തിൻെറ ലാഞ്ഛനകൾ സഭയിലെങ്ങും ദൃശ്യമാകണം. കൗൺസിൽ നടന്നുകൊണ്ടിരുന്നപ്പോൾ നമ്മുടെ പത്രങ്ങൾ എത്രയോ സ്വാതന്ത്ര്യമായി പെരുമാറി. അതു സൃഷ്ടിപരമായ നടപടിയായിരുന്നു. ഒരിക്കലുമതു സഭയ്ക്കു വിനാശഹേതുകമല്ല. സ്വാതന്ത്ര്യബോധത്തിൽ നിന്നും സഭയിൽ പുത്തൻ ജീവിതവും പ്രവൃത്തിയും ഉയിർക്കൊള്ളുന്നതിൻെറ സൂചനകൾ ഇന്നു കണ്ടുതുടങ്ങിയിരിക്കുന്നു. അഭിപ്രായസ്വാതന്ത്ര്യവും പ്രവത്തനസ്വാതന്ത്ര്യവും തമ്മിൽ അറ്റുത്ത ബന്ധമുള്ളവയാണ്.

ചോ.—പ്രോട്ടസ്റ്റൻറു വിരുദ്ധമനോഭാവങ്ങളെ (Counter reformation) സൂനഹദോസിൻെറ കഴിഞ്ഞ ഒന്നാം സമ്മേളനം എന്നെന്നേയ്ക്കുമായി അവസാനിപ്പിച്ചിരിക്കുകയല്ലേ? ത്രെന്തോസ് സൂനഹദോസ് അന്നത്തെ സെമിനാരി പരിശീലനത്തെ ഉടച്ചുവാർത്തതുപോലെ, ഈ സൂനഹദോസ് ഇന്നത്തെ സെമിനാരികളെ ഒന്നുടച്ചുവാക്കുമോ?

ഉ:—അന്നത്തേയും ഇന്നത്തേയും കാലങ്ങൾ തമ്മിൽ വ്യത്യാസമുണ്ട്. ത്രെന്തോസ് സൂനഹദോസിൻെറ കാലത്തെ സഭയും രണ്ടാം വത്തിക്കാൻ സുന്നഹദോസിൻെറ കാലത്തെ സഭയും തമ്മിൽ വ്യത്യാസമില്ലേ? എങ്കിലും ഇവിടെ ഒരു ചോദ്യത്തിനവകാശമുണ്ട്. ഇന്നത്തെ നമ്മുടെ സെമിനാരികൾ ആധുനികകാലത്തിൻെറ ആവശ്യങ്ങൾക്ക് അനുഗുണമായ രീതിയിലാണോ പ്രവർത്തിക്കുന്നതു്? അല്ലെന്നുള്ളതാണു വാസ്തവം. പല കാര്യങ്ങളിലും ഇന്നത്തെ സെമിനാരി വിദ്യാത്ഥികൾ ത്രെന്തോസ് സുന്നഹദോസിൻെറ കാലത്തെ ചുററുപാടുകളിലാണു കഴിഞ്ഞുകൂടുക. സെമിനാരികളിൽ 'സ്പെക്കുലേററീവു' തിയോളജി കുറഞ്ഞു കുറഞ്ഞും 'ബിബ്ളിക്കൽ' തിയോളജി കൂടിക്കൂടി വരുന്നതുകാണാൻ ഞാനാഗ്രഹിക്കുന്നു. 'ബിബ്ളിക്കൽ' തിയോളജിയിൽ നിന്നുള്ള തുടക്കമായിരിക്കും ആധുനിക കാലത്തിൻെറ ആവശ്യങ്ങളിലേക്കു കടന്നു ചെല്ലാൻ നമുക്കുപകരിക്കുന്നതു്. ശുദ്ധപ്രോട്ടസ്റ്റൻറുവിരുദ്ധ വ്യഗ്രതകളിൽ നിന്നും മോചനം

നേടാനുള്ള ഒരു തിടുക്കം ഇന്നു നമ്മുടെ തിയോളജിയിൽ ദൃശ്യമാണു്. ബൈബിൾ ആധാരമാക്കിയുള്ള തിയോളജിയായിരിക്കും സമഗ്രവും സജീവവും അധുനാതനവുമായതു്.

കാലത്തിൻെറ ഭാഷയിൽ ദൈവവചനം അറിയിക്കുക അടങ്ങയാറാം ആവശ്യകമായ ഒരു കാര്യമത്രേ. ഒരു മൃതഭാഷയെക്കാൾ (ലത്തീൻ) ഇറ്റാലിയൻ ഭാഷയാണു് യോഹന്നാൻ മാർപ്പാപ്പ ഇഷ്ടപ്പെട്ടതു്. അതിലൊട്ടും അത്ഭുതത്തിന്നവകാശമില്ല. ക്രിസ്തുവിൻെറയും അപ്പസ്തോലന്മാരുടേയും സജീവമാതൃകയെ അദ്ദേഹം സ്വജീവിതത്തിലേയ്ക്കു പകർത്തിയെന്നേയുള്ളു. അവർ ജനങ്ങളുടെ ഭാഷ ഉപയോഗിച്ചു. ആ സാമാന്യനിയമത്തെ ഇന്നു നാമെന്തിനു ലംഘിക്കണം?

ചോ:—അഗാധങ്ങളായ മാനുഷിക പ്രശ്നങ്ങളെ പരിഹരിക്കാൻ മർദ്ദനങ്ങളും അധികാരസ്വാധീനതകളും ദുർവിനിയോഗിക്കുന്നതിനെ യോഹന്നാൻ മാർപ്പാപ്പ അപലപിച്ചതു കൊണ്ടു ഈ കൗൺസിലിനു ശേഷം എല്ലാ രാജ്യങ്ങളിലും സഭ മതസ്വാതന്ത്ര്യം പ്രഖ്യാപിക്കുമെന്നു് വിചാരിക്കുന്നതിൽ തെറ്റുണ്ടോ?

ഉ:—സഭ–രാഷ്ട്രീയ ബന്ധങ്ങളെക്കുറിച്ചു് കൗൺസിൽ വല്ല തീരുമാനവുമെടുക്കുമോ എന്ന കാര്യം തീർച്ചയില്ല. എന്നാലും മതസ്വാതന്ത്ര്യത്തെക്കുറിച്ചു പ്രായോഗികമായി വല്ലതും പ്രഖ്യാപിക്കുന്നതു് അവസരോചിതമായിരിക്കും. മതസ്വാതന്ത്ര്യത്തെ അനുകൂലിക്കുന്നവരാണു ബഹുഭൂരിപക്ഷം കൗൺസിൽ പിതാക്കന്മാരും. സ്പെയിനിലേയും ലാററിൻ അമേരിക്കയിലേയും ചില മെത്രാന്മാർ പോലും അതിനെ അനുകൂലിക്കുന്നു. പരിശുദ്ധ പിതാവിൻെറ വാക്കുകൾ മതസ്വാതന്ത്ര്യത്തിൻെറ തന്നെ പട്ടയമാണു്. മർദ്ദനങ്ങളും ബലപ്രയോഗങ്ങളും മതത്തിൻെറ പ്രശ്നങ്ങളെ പരിഹരിക്കുകയില്ലെന്നു മെത്രാന്മാർ വിശ്വസിക്കുന്നു. ബലപ്രയോഗം ക്രിസ്തീയപുണ്യങ്ങളെ താറുമാറാക്കുന്നു. എല്ലാ മനുഷ്യരുടേയും മതസ്വാതന്ത്ര്യത്തിൻെറ അംഗീകാരം സ്വയം സൃഷ്ടിപരമായ പരിഷ്ക്കരണങ്ങളിൽ വ്യാപൃതയായിരിക്കുന്ന സഭയ്ക്കു്, പുതിയൊരുത്തേജനം നല്കും. പ്രസ്തുത പരിഷ്ക്കരണത്തിനു ശേഷമേ മററു സമുദായങ്ങളോടു അഭിമുഖദർശനത്തിനു സഭ പുറപ്പെടാവൂ.

ചോ:—സംഗീതസംഘത്തിൽ പാടുന്ന സന്യാസഗായകരല്ല കൗൺസിൽ പിതാക്കന്മാരെന്നും' 'ഒരേ ലയത്തിൽ പാടാനല്ല' അവരവിടെ കൂടിയിരിക്കുന്നതെന്നും മാർപ്പാപ്പാതിരുമേനി പറയുകയുണ്ടായല്ലോ. കൗൺസിലിൽ ആരോഗ്യപ്രദമായ അഭിപ്രായവൈവിധ്യം പ്രകടമായിരുന്നു. കൗൺസിൽ പിതാക്കന്മാരെ 'യാഥാസ്ഥിതിക കക്ഷി'യെന്നും 'പുരോഗമന' കക്ഷിയെന്നും തരംതിരിക്കാമോ?

ഉ:—ആ തരംതിരിവും പേരുകളുമൊന്നും ഞാനിഷ്ടപ്പെടുന്നില്ല. വാസ്തവം പറഞ്ഞാൽ, വിശാലമനസ്കരും സങ്കുചിതമനസ്കരുമായ ആളുകളുണ്ടായിരുന്നു, കൗൺസിലിൻെറ ഒന്നാം സമ്മേളനത്തിൽ. എന്നാൽ, മററുള്ളവരെ അമ്പരിപ്പിച്ച ഒരു സംഗതിയായിരുന്നു, സങ്കുചിതമനസ്കരെ

**For favours received**



**Inserted by**

ACHAMMA MATHEW
Sankarathil,
Vadakkupuram,
(Exuse delay)

ന്നു പരക്കെ വിചാരിക്കപ്പെട്ടിരുന്ന ചില പുരോഗമനപരമായ കാര്യങ്ങൾക്കുവേണ്ടി വോട്ടു ചെയ്തു്.

ചോ:—സഭയിലെ അധികാരക്രമങ്ങളെ അയച്ചുകൊടുത്തു കൊണ്ടു് അൽമേനികൾ കൂടുതൽ സ്വാതന്ത്ര്യമുള്ള അന്തരീക്ഷത്തിലേയ്ക്കു വരാൻ കൗൺസിൽ വല്ല നടപടിയും സ്വീകരിക്കുമോ?

ഉ:—സ്വാതന്ത്ര്യമില്ലാത്ത അധികാരമോ, അധികാരമില്ലാത്ത സ്വാതന്ത്ര്യമോ സഭയിൽ ഉണ്ടാവുകയില്ല. സഭയിൽ, വൈദികർ സർവ്വാധിപതികളല്ല. അവർ സേവിക്കാനുള്ളവരാണു്—വിശ്വാസികളുടെ കൂട്ടത്തെ സേവിക്കുവാനുള്ളവർ. ആരാധനക്രമത്തിലാണു സഭയെ നാം നന്നായിട്ടറിയുന്നതു്. അല്ലാതെ, ഒരുവക പട്ടാളച്ചിട്ടയിലല്ല. അന്ധമായ അനുസരണം അനുശാസിക്കുന്ന ഒരു സംഘമായിട്ടല്ല, സ്നേഹത്തിന്റെ കൂട്ടായ്മയായിട്ടാണു് സഭ വളരുന്നതു്. ബ്യൂറോക്രസിയാൽ നിയന്ത്രിക്കപ്പെടുന്ന ഒരു അധീനസംഘമല്ല, സഭ. എന്നാൽ, വിധേയത്വം അനിവാര്യമാണു്. ആ വിധേയത്വം വ്യക്തിപരമായ പ്രവർത്തനങ്ങളിൽ പ്രകാശിക്കണം. അതാകുന്നു സഭയുടെ ഔദ്യോഗികാഹ്വാനം. സഭയിലെ ഏതു കീഴ്ഘടകത്തിനും ഇപ്പറഞ്ഞവ ബാധകമാണു്. റോമൻ കൂരിയായെ പരിഷ്ക്കരിക്കുന്ന നടപടികളുണ്ടാകുമെന്നു ഞാൻ പ്രത്യാശിക്കുന്നു. മെത്രാന്മാരുടെ ദേശീയസമിതികൾക്കു കൂടുതൽ അധികാരം കൈമാറണം. കൂരിയായുടെ അധികാരങ്ങൾ വികേന്ദ്രീകൃതമാകണം. വളരെയധികം അധികാരം കേന്ദ്രീകൃതമായ ഒരു സഭയെ, പുതിയ നിയമത്തിൽ കണികാണുവാൻ നമുക്കു കിട്ടുകയില്ല. കേന്ദ്രാസനത്തിൽ തനിയേ അള്ളിപ്പിടിച്ചിരിക്കാൻ ജോൺ മാർപ്പാപ്പ ഒരിക്കലും ആശിച്ചുമില്ല.

**For favours received—Inserted by**



A FIRM BELIEVER
THELLIYOOR.

# അന്തിമവിധിയുടെ രണ്ടു ചിത്രങ്ങൾ

## (പ്രൊഫ: പി. സി. ദേവസ്യ)

ഇററാലിയൻ ചിത്രകലയുടെ വിധാതാക്കളായ ജിയോറോ, മൈക്കേൽ ആഞ്ജലോ, റാഫേൽ, ലയനാർദോ, ടിഷ്യൻ തുടങ്ങിയ മഹാപുരുഷന്മാരുടെ നാമധേയങ്ങളും കൃതികളും വായനക്കാരിൽ ചിലക്കെങ്കിലും അശ്രുതപൂർവമായിരിക്കയില്ലല്ലോ. കലാലോകത്തിന്റെയെന്നപോലെ കത്തോലിക്കാസഭയുടെയും അഭിമാനസ്തംഭങ്ങളായി ആ യശശ്ശരീരന്മാർ ഇന്നും ശോഭിക്കുന്നു. റാഫേലിനെ ഉല്ലംഘിക്കുന്ന, അല്ലെങ്കിൽ സമീപിക്കുന്ന, ഒരു ചിത്രകാരനെ ഇനി എന്നാണാവോ ലോകം ദർശിക്കുക! റാഫേലിന്റെ മുമ്പിൽ സ്വർണ്ണനാണയങ്ങൾ കുന്നുകുന്നായി വീണുകൊണ്ടിരുന്നതായും, മാർപ്പാപ്പാമാരും രാജാക്കന്മാരും പ്രഭുക്കന്മാരും ചിത്രങ്ങൾക്കു വേണ്ടി അദ്ദേഹത്തെ സദാ അലട്ടിക്കൊണ്ടിരുന്നതായും ചരിത്രം പറയുന്നു. ഈ ചിത്രകാരന്മാർ ഓരോരുത്തരുടെയും കലാപരമായ ആദർശങ്ങൾ ഭിന്നങ്ങളായിരുന്നതിനാൽ അവരുടെ ചിത്രങ്ങളും ഭിന്നാദർശങ്ങളുടെ നിദർശനങ്ങളായി നമുക്കു പ്രത്യക്ഷമാകുന്നു. എന്നാൽ ഇപ്പറഞ്ഞ കലാകാരന്മാരുടേതിൽ നിന്നെല്ലാം വ്യതിരിക്തമായ ആദർശത്തോടുകൂടിയ ഒരു ചിത്രകാരന്റെ കഥയാണു ഞാനാദ്യം പ്രതിപാദിക്കുവാൻ പോകുന്നതു്.

ഫ്രാ ആഞ്ജലിക്കോ—അഥവാ ഫ്രയർ ജോൺ—ഇതാണദ്ദേഹത്തിന്റെ പേരു്. അത്ഭുതകരമായ വാസനാസമ്പത്തിനാൽ അനുഗൃഹീതനായിരുന്ന അദ്ദേഹം ഒരു ഡൊമിനിക്കൻ സന്ന്യാസിയായിരുന്നു. വിജ്ഞാനാഭ്യുത്ഥാനകാലത്താണു് അദ്ദേഹം ജീവിച്ചിരുന്നതെങ്കിലും 'ഗോത്തിക്ക് കാലം' എന്നു വ്യവഹരിക്കപ്പെടാവുന്ന പൂർവഘട്ടത്തിലെ മാതൃകകളാണു് അദ്ദേഹത്തിന്റെ തൂലികയ്ക്കു വിഷയീഭവിച്ചതു്. അതിമാനുഷനെപ്പോലെ ജീവിച്ച ഒരസാധാരണമനുഷ്യനായിരുന്നു അദ്ദേഹം. "ലൗകികങ്ങളായ സർവ ബന്ധങ്ങളും സന്ത്യജിച്ചു്, നിർദ്ദുഷ്ടവും നിർമ്മലവുമായ ഹൃദയത്തോടെ, ദരിദ്രവത്സലനായി ജീവിച്ച ആ ദിവ്യപുരുഷൻ നിശ്ചയമായും ഇപ്പോൾ സ്വർഗ്ഗത്തിലായിരിക്കണം" എന്നു് അദ്ദേഹത്തിന്റെ ചരിത്രമെഴുതിയ ഒരു കലാനിരൂപകൻ പറഞ്ഞിട്ടുണ്ടു്. ഫ്രയർ ജോണിന്റെ പരമോദ്ദേശം ലൗകികകാര്യപ്രസക്തരായ സ്വസഹോദരങ്ങളെ ചിത്രങ്ങൾ മുഖേന സ്വർഗ്ഗപഥത്തിലേക്കാനയിക്കണമെന്നതായിരുന്നു. അദ്ദേഹമൊരിക്കലും സ്വസ്ഥനായിരുന്നില്ല; ഒരിക്കലും കോപിഷ്ഠനായി കാണപ്പെട്ടിരുന്നില്ല. കലാത്മകഹൃദയന്മാർക്കു് അന്യരെ അപേക്ഷിച്ചു് അമർഷവും അസഹിഷ്ണുതയും കാഞ്ഞിരിക്കുമെന്നു തോന്നുന്നു. ദിവ്യങ്ങളായ വിഷയങ്ങൾ മാത്രമേ അദ്ദേഹം ലേഖനം ചെയ്തിരുന്നുള്ളു. ഏതെങ്കിലുമൊരു ചിത്രമെഴുതാൻ തൂലികയെടുക്കും മുൻപു് അദ്ദേഹം എന്തോ ചില ജപങ്ങളൊക്കെയുച്ചരിക്കും. കുരിശുരൂപത്തിന്റെ ചിത്രമെഴുതുമ്പോൾ അദ്ദേഹത്തിന്റെ കണ്ണു രണ്ടും നിറയും. അദ്ദേഹത്തിന്റെ 'വിശുദ്ധാത്മാക്ക'ളുടെ മുഖങ്ങൾ അത്യധികം നിർമ്മലവും കമനീയവുമായിരുന്നതിനാൽ അവയിൽ സ്ത്രീപുംഭേദവിവേചനം ശക്യമായിരുന്നില്ല. ക്രിസ്തു, ദൈവജനനി, വിശുദ്ധന്മാർ, ദൈവദൂതന്മാർ, പ്രവാചകന്മാർ—ഇത്രയും പേർക്കേ ഫ്രയർ ജോണിന്റെ കലാലോകത്തിൽ സ്ഥാനമുണ്ടായിരുന്നുള്ളു. അധർമ്മം എന്താണെന്നു വല്ലവരും പറഞ്ഞു കേട്ടമാത്രം അറിഞ്ഞിരുന്ന അദ്ദേഹത്തിനു് അധർമ്മത്തിന്റെ ചിത്രീകരണത്തിൽ നൈപുണ്യമുണ്ടായിരുന്നില്ല. ഫ്രയർ ജോണിന്റെ കാലത്തിനുശേഷം ജീവിതത്തിലോ കലയിലോ അദ്ദേഹത്തോളം ആദ്ധ്യാത്മികമായ ഔന്നത്യം പ്രാപിക്കുവാൻ ഇന്നോളം ഒരു ചിത്രകാരനും കഴിഞ്ഞിട്ടില്ല.

ഇങ്ങനെ, അധർമ്മഭൂയിഷ്ഠമായ ബഹിർല്ലോകത്തിൽ നിന്നകന്നു്, തനിക്കു സ്വന്തമായൊരു സാങ്കല്പികലോകത്തിലത്രേ ഫ്രയർ ജോൺ വ്യാപരിച്ചിരുന്നതു്. റാഫേലിന്റെ സ്വപ്നിതങ്ങളെപ്പോലെ ഓജസ്വിനികളായ ഗ്രാമീണകന്യക

കളെ ചിത്രീകരിക്കുവാൻ അദ്ദേഹത്തിനു കഴിയു മായിരുന്നില്ല. അദ്ദേഹത്തിന്റെ ലോകത്തിൽ ദിഗംബരവിഗ്രഹങ്ങൾക്കു സ്ഥാനമുണ്ടായിരുന്നില്ല; എന്നുമാത്രമല്ല, അത്തരം ചിത്രങ്ങളുടെ പഠനം സന്ന്യാസിമാൎക്കു നിഷിദ്ധവുമായിരുന്നു. അശ്ലീലങ്ങളായ ചില പ്രാചീന പ്രതിമകൾ പരിശോധിക്കുന്നതിനു മുൻപ് അവുകളുടെ മുഖത്തു 'വിശുദ്ധ ജലം' പ്രോക്ഷണം ചെയ്യുക അദ്ദേഹത്തിനൊരു പതിവായിരുന്നു. റോബർട്ട് ബ്രൗണിങ്ങ് എന്ന ആംഗ്ലേയമഹാകവിയാൽ പ്രകീർത്തിതനായ "ഫ്രാലിപ്പോലിപ്പി" എന്ന കർമ്മലീത്താ സന്ന്യാസിയായ ചിത്രകാരൻ മാനുഷനേത്രങ്ങളിലൂടെയാണു സ്വർഗ്ഗവാസികളെ ദർശിച്ചിരുന്നതു്. ഫ്രയർ ജോണിന്റെ വീക്ഷണഗതി ഇതിനു നേരേ വിപരീതമായിരുന്നു. തന്റെ ആശ്രമത്തിന്റെ അമലവും ഭാവനോദ്ദീപകവുമായ അന്തരീക്ഷത്തിൽ ഈശ്വരധ്യാനമഗ്നനായിരുന്നുകൊണ്ടു്, ഈ ലോകത്തിലെങ്ങും കാണാത്ത ഏതോ നിഗൂഢോദ്യാനങ്ങളുടെയും, അവിടെ, ദിവ്യസ്നേഹലഹരിയിൽ, പരസ്പരസമാലിംഗനം ചെയ്തുല്ലസിക്കുന്ന വിശുദ്ധാത്മാക്കളുടെയും, മനുഷ്യപാദസ്പർശം കൊണ്ടു മലീമസമായിട്ടില്ലാത്ത അവിടത്തെ പുൽത്തകിടികളിൽ നൃത്തം ചെയ്യുന്ന മാലാഖമാരുടെയും ചിത്രങ്ങളെഴുതുന്നതിലാണു അദ്ദേഹം വ്യാപൃതനായിരുന്നതു്.

ഫ്രാ. ആഞ്ജലിക്കോവിന്റെ ചിത്രങ്ങളിൽ സർവോത്തമമെന്നു ചില കലാനിരൂപകന്മാരാൽ വിധിക്കപ്പെട്ടിരിക്കുന്നതു് 'അന്തിമവിധി' (Last Judgement) യാണു്. അന്തിമവിധിയുടെ ചിത്രം മൈക്കേൽ ആഞ്ജലോവും എഴുതിയിട്ടുണ്ടു്. എന്നാൽ ഇരുവരുടെയും ചിത്രീകരണത്തിൽ ആദർശഭേദംകൊണ്ടുള്ള വൈജാത്യം പ്രത്യക്ഷമാണു്. താരതമ്യപഠനത്തിനുപകരിക്കുമെന്നുള്ളതിനാൽ മൈക്കേൽ ആഞ്ജലോവിന്റെ ആ പ്രസിദ്ധ ചിത്രത്തെക്കുറിച്ചു രണ്ടു വാക്കു പറയാം. പല ചിത്രകാരന്മാരും ഇതേ വിഷയം 'ഇതിവൃത്ത' മാക്കിയിട്ടുണ്ടെങ്കിലും മൈക്കേലിന്റെ ചിത്രം ഇന്നും അപ്രതിമമായി വർത്തിക്കുന്നു. കർക്കശവും ഭയാനകവുമായ ന്യായവിചാരണയുടെ ഒരു ചിത്രമാണതു്. മതത്തിന്റെ പേരിൽ കൊല്ലപ്പെട്ടിട്ടുള്ള വിശുദ്ധന്മാർ വാദികളായി അതിൽ പ്രത്യക്ഷരാകുന്നു. അവരുടെ ആവലാതികളുടെയും ദോഷാരോപണങ്ങളുടെയും മുഴക്കം കൊണ്ടു സ്വർല്ലോകമെല്ലാം വിറക്കൊള്ളുന്നതായിത്തോന്നും. മാലാഖമാർ പീഡനായുധങ്ങളെല്ലാം സജ്ജീകരിക്കുന്നു. ഏതെല്ലാമായുധങ്ങൾ തങ്ങളെ പീഡിപ്പിക്കുവാൻ വേണ്ടി പ്രതിയോഗികൾ ഉപയോഗിച്ചുവോ, അതേ ആയുധങ്ങളാണു് അവർക്കെതിരായി 'രക്തസാക്ഷിക'ളായ സിദ്ധന്മാർ ഇപ്പോൾ ഏന്തിക്കൊണ്ടു നില്ക്കുന്നതു്. എങ്കിലും അതൊന്നും കൂടാതെ കഠിനമായ രോഷത്തോടും ശൗര്യത്തോടും കൂടി ദുഷ്ടാത്മാക്കൾ അനിയന്ത്രിതരായി സ്വർഗ്ഗകവാടത്തിലേക്കു പാഞ്ഞു ചെല്ലുകയാണു്. എല്ലാവരും ഒരേ ഒരാളുടെ —ആ പരമധാർമ്മാധ്യക്ഷന്റെ—ദിവ്യാധരത്തിൽ നിന്നുൽഗ്ഗളിക്കുന്ന വാക്കുകൾ പ്രതീക്ഷിച്ചുകൊണ്ടു നില്ക്കുന്നതായി നാം കാണുന്നു. അവിടുന്നു സംസാരിക്കുവാൻ തുടങ്ങുമ്പോൾ പുണ്യസോപാനത്തിന്റെ അഗ്രപദത്തിലെത്തിയ സിദ്ധന്മാർ പോലും നടുങ്ങുന്നു. സ്വപുത്രന്റെ അസാധാരണമായ രൗദ്രഭാവം കണ്ടു ഭയചകിതയായി ദൈവജനനി മുഖം തിരിച്ചുകളയുന്നു. പുണ്യവാന്മാരുടെ സംഘത്തെ അവിടുന്നു കടാക്ഷിക്കക്കൂടിച്ചെയ്യുന്നില്ല. പൊടുന്നനവേ "എന്നെ വിട്ടു പോകുവിൻ!" എന്ന ഭീകരശാസനം പാപാത്മാക്കളുടെ ഹൃദയമർമ്മങ്ങളെ ഭിന്നമാക്കുമാറു് അവിടുത്തെ തിരുമുഖത്തു നിന്നുൽഗമിക്കുന്ന നിമിഷത്തിൽ മേഘഗർജ്ജിതം കേട്ട പന്നഗകുലത്തെപ്പോലെ നടുനടുങ്ങി, അവർ കൂട്ടംകൂട്ടമായി അധഃപതിക്കുന്നു. പിശാചസംഘത്താൽ വലിച്ചു കീറപ്പെട്ടും, പിടിച്ചു താഴ്ത്തപ്പെട്ടും അവർ നരകത്തിന്റെ അഗാധഗർത്തത്തിൽ നിപതിക്കുന്നു. അപരാധമനസ്സാക്ഷിയുടെ ഈ സംഭ്രമം, ആത്മാവിന്റെ ഈ തീവ്രവേദന, വിവിധ വികാരങ്ങളുടെ ഈ സംഘർഷം—ഹാ, ഇതെല്ലാം കാണുമ്പോൾ സ്തംഭിച്ചുപോകും ഹൃദയം. എല്ലാററിലും അധോഭാഗത്തു്, പാതാളത്തിലെ കടത്തുകാരനായ ചാറൺ പ്രസ്തുത ദുരാത്മാക്കളെ നരകത്തിലെ നദി കടത്തി വിടുന്നതായിക്കാണാം. ചിത്രത്തിൽ വലതുവശത്തായി പറദീസായിലെ മനോഹരങ്ങളും സ്വർഗ്ഗീയങ്ങളുമായ കാഴ്ചകൾ

വിലിഖിതങ്ങളായിരിക്കുന്നു. പരേതരുടെ ആഹ്ളാദപൂർവമായ പുനരുത്ഥാനം, ഭൂമിയിലായിരുന്നപ്പോൾ സ്നേഹിച്ചു ജീവിച്ചിരുന്നവരുടെ പരസ്പരാഭിജ്ഞാനം, പറുദീസായിലെ സനാതന സൗഭാഗ്യങ്ങളുടെ സമുദയം—ഇതെല്ലാം നമുക്കവിടെ ദൃശ്യമാണ്; ഈ കഥകളെല്ലാം നമുക്കതിൽ നിന്നു വായിക്കാം. എന്നാൽ ഈ മഹാ ചിത്രമുളവാക്കുന്ന സാമാന്യാനുഭവം അമാനുഷവും ഗംഭീരവുമായ സംഭീതിയാണ്. ഈ ചിത്രം വഴിയായി മൈക്കൽ ആഞ്ജലോ തനിക്കു ശരീരശാസ്ത്രം, മനശ്ശാസ്ത്രം, ദൈവശാസ്ത്രം മുതലായവയിലുള്ള സൂക്ഷ്മവും അഗാധവുമായ ജ്ഞാനം ആവിഷ്കരിച്ചിരിക്കുന്നു.

നമുക്കിനി ഫ്രാ. ആഞ്ജലിക്കോവിൻെറ പക്കലേക്കു മടങ്ങാം. അദ്ദേഹത്തിൻെറ അന്തിമവിധിയുടെ ചിത്രം മൈക്കലിൻേറതിൽ നിന്നു ഭിന്നമാണെന്നു സൂചിപ്പിച്ചുവല്ലോ. അതിൻെറ ഒരു സംക്ഷിപ്തരൂപം ഇവിടെ വെളിപ്പെടുത്താം: ദുഷ്ടാത്മാക്കളെ ചെകുത്താന്മാർ നരകത്തിലേക്കു പിടിച്ചുതള്ളുമ്പോൾ സിദ്ധന്മാരാലും മാലാഖമാരാലും പരിവാരിതനായി ക്രിസ്തു സിംഹാസനത്തിലെഴുന്നെള്ളിയിരുന്നുകൊണ്ടു് മാലാഖമാരുടെ വിജയനൃത്തം കാണുകയാണ്. മനുഷ്യരുമായി വലിയ സാദൃശ്യമില്ലാത്ത പ്രസ്തുത മാലാഖമാർ സൗവർണ്ണതാരങ്ങളാലങ്കിതമായ ദിവ്യവസനങ്ങളണിഞ്ഞു്, പുഷ്പനിബിഡമായ ഒരുദ്യാനത്തിലാണു നടമാടുന്നതു്. 'കടലാസ്സിനേക്കാൾ കനംകുറഞ്ഞ വിൺപാവകൾ' എന്നത്രേ ഈ മാലാഖമാരെ ഒരു കലാവിമർശകൻ വർണ്ണിക്കുന്നതു്. മൈക്കലാഞ്ജലോ യവനപുരാണകഥകളിൽ നിന്നു മാതൃകകൾ സ്വീകരിച്ചിരുന്നുവെങ്കിൽ ഫ്രയർ ജോൺ സ്വന്തം ഭാവനയിൽ നിന്നു മാത്രമേ അവ പകർത്തിയിരുന്നുള്ളു. മൈക്കേലിൻെറ സ്ത്രീപുംസ്വരൂപങ്ങൾ സജീവങ്ങളും നമ്മെക്കാൾ തന്മയതമുള്ളവയുമാണ്. ഫ്രയർ ജോണിൻെറ പാത്രങ്ങളാകട്ടെ, മനുഷ്യലോകത്തിൽ നിന്നു് എത്രയും വിദൂരസ്ഥങ്ങളത്രെ. അദ്ദേഹത്തിൻെറ അന്തിമവിധി അത്ര ഭീതിജനകമല്ലതാനും. മൈക്കലിൻെറ ചിത്രം പക്ഷേ സ്വാനുഭവങ്ങളുടെ ഒരു പ്രതിഫലനമായിരുന്നിരിക്കണം. സഭയിൽ ലൂഥറുണ്ടാക്കിയ ഛിദ്രവും, തൻെറ സ്നേഹഭാജനമായ വിത്തോറിയാ കൊളോണാ എന്ന മഹതിയുടെ അപമൃത്യുവും അദ്ദേഹത്തിൻെറ ജീവിതത്തെ അത്യധികം സന്തപ്തവും നിരാശതാനിർഭരവുമാക്കിത്തീർത്തിരുന്നു. അദ്ദേഹത്തിൻെറ വിധിയുടെ ചിത്രം നിരാശതയുടെയും ഹൃദയവേദനയുടെയും ഒരു ചിത്രമാണ്. ഫ്രയർ ജോണിൻെറ ദിവ്യാനന്ദനിർഭരമായ ലോകത്തിലാകട്ടെ, നിരാശതയ്ക്കും സങ്കടങ്ങൾക്കും നിസ്സാരമായ സ്ഥാനമേ ഉണ്ടായിരുന്നുള്ളു.

താദാത്മ്യത്തേക്കാൾ ആദർശത്തെ ആവിഷ്കരിക്കുന്നതിനാണു ഫ്രയർ ജോൺ ഉദ്യമിച്ചിരുന്നതു്. ഭാരതീയചിത്രകലയുടെയും ജീവൻ ഇതു തന്നെ: (അജന്തയിലെ ഭിത്തിചിത്രങ്ങൾക്കു സമാന്തരമായി പാശ്ചാത്യകലയിൽ നാം കാണുന്നതു് ഫ്രാ ആഞ്ജലിക്കോവിൻെറ ചിത്രങ്ങളാണെന്നു് പരേതനായ പ്രസിദ്ധ കലാവിമർശകൻ ഡോക്ടർ ജെയിംസ് കസിൻസ് ഈ ലേഖകനോടു പ്രസ്താവിച്ചതു് പ്രകൃതത്തിൽ ഓർമ്മ വരുന്നു) ആത്മാവിൻെറ ഈശ്വരോന്മുഖമായ പ്രയാണം, സ്വർഗ്ഗീയാനന്ദാനുഭൂതി എന്നിവയൊക്കെയായിരുന്നു കലയുടെ പരമാനുഭവങ്ങളായി അദ്ദേഹം സങ്കല്പിച്ചിരുന്നതു്. ചിത്രകലയുടെ സാങ്കേതികനിയമങ്ങളിൽ തികഞ്ഞ വിജ്ഞാനം അദ്ദേഹത്തിനുണ്ടായിരുന്നു. എന്നാൽ അദ്ദേഹത്തിൻെറ ചിത്രങ്ങൾ കാണുമ്പോൾ അവയുടെ സാങ്കേതികാംശങ്ങളെക്കുറിച്ചല്ല നാം ഗൗനിക്കുക. അവ നമ്മിലുളവാക്കുന്ന ആനന്ദം അഭൗമമാണ്. അദ്ദേഹത്തിൻെറ അന്തരാത്മാവിൽ തിരതല്ലിക്കൊണ്ടിരുന്ന അലൗകികമായ ആഹ്ളാദോന്മാദത്തിൻെറ ബഹിസ്ഫുരണമാണ് അദ്ദേഹത്തിൻെറ കല. ചിമാബു, ജിയോറോ എന്നിവരാൽ സമാരബ്ധമായ നവീനകലാപ്രസ്ഥാനം റാഫേൽ, മൈക്കലാഞ്ജലോ, ലയണാർദോ, ടിഷ്യൻ മുതലായവരുടെ ഹസ്തങ്ങളിൽ പരമോൽകൃഷ്ടം പ്രാപിച്ചു. എന്നാൽ ആദർശശുദ്ധിയാൽ ഫ്രാ ആഞ്ജലിക്കോ ഇന്നും തനിച്ചുതന്നെ നില്ക്കുന്നു.

# ഐക്യത്തിന്റെ പാതയിലൂടെ

(വർഗ്ഗീസ് എം. മാത്തുണ്ണി, കററാനം)

ക്രൈസ്തവലോകം മുഴുവൻ ഇന്നൊരു വഴിത്തിരിവിലാണ്. മുന്നൂറിൽപരം വർഷത്തെ ഭിന്നിപ്പും വിദ്വേഷവും ഉപേക്ഷിച്ച് പരസ്പരം അടുക്കുവാനുള്ള ഒരു അഭിവാഞ്ഛ ഇന്നെല്ലാ ക്രൈസ്തവവിഭാഗങ്ങളിലും കാണാം. പുണ്യസ്മരണാർഹനായ പ. പിതാവ് ജോൺ ഇരുപത്തിമൂന്നാമന്റെ കാലത്താണ് തികച്ചും അപ്രതീക്ഷിതമായിത്തന്നെ ഐക്യപ്പെടുവാനുള്ള ഈ അഭിനിവേശം ദൃശ്യമായത്. ക്രിസ്തീയ ഐക്യമെന്ന പരമോന്നത ലക്ഷ്യത്തിനുവേണ്ടി നൂററാണ്ടുകളായി നിലവിലിരുന്ന ചില കീഴ്‌വഴക്കങ്ങൾകൂടി ലംഘിക്കുവാൻ അദ്ദേഹം തയ്യാറായി. അദ്ദേഹത്തിന്റെ ശ്രമങ്ങൾക്ക് പ്രതീകാത്മകമായ സഹകരണം പ്രോട്ടസ്റ്റന്റുവിഭാഗങ്ങളിൽ നിന്നുണ്ടായതോടുകൂടി ക്രൈസ്തവസഭയുടെ ചരിത്രത്തിൽ സുപ്രധാനമായ ഒരു അദ്ധ്യായം സമാരംഭിക്കുകയായിരുന്നു. തുടങ്ങിവെച്ച മഹായജ്ഞം പൂർത്തിയാക്കുന്നതിനു മുമ്പുതന്നെ ആ വാത്സല്യപിതാവു നമ്മെ വിട്ടുപോയി. എങ്കിലും അദ്ദേഹത്തിന്റെ അനന്തരഗാമിയായ പോൾ മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു ക്രിസ്തീയ ഐക്യത്തിനുവേണ്ടിയുള്ള ശ്രമങ്ങൾ തുടർന്നു പോരുന്നു.

ജോൺ മാർപ്പാപ്പായുടെ സ്ഥാനാരോഹണത്തിനു മുൻപുവരെ ക്രൈസ്തവലോകത്തിലെ ഭിന്നിപ്പിനുള്ള ഉത്തരവാദിത്വം പരസ്പരം ആരോപിക്കുവാനുള്ള ഒരു പ്രവണത കത്തോലിക്കർക്കും പ്രോട്ടസ്റ്റന്റുകാർക്കുമിടയിലുണ്ടായിരുന്നു. എന്നാൽ ഈ അടുത്ത കാലത്തായി ഈ പിളർപ്പിനുള്ള ഉത്തരവാദിത്വം വിവിധ വിഭാഗങ്ങൾ വിഭജിച്ചെടുക്കുവാൻ തയ്യാറായതോടുകൂടി ക്രിസ്ത്യാനികൾക്കിടയിൽ ഐക്യത്തിന്റേതായ ചില രജതരേഖകൾ കണ്ടുതുടങ്ങി. ക്രിസ്തുമതനവീകരണത്തിന്റെയും, അതേത്തുടർന്നുണ്ടായ സംഭവവികാസങ്ങളുടെയും ഭാരവാഹിത്വത്തിൽനിന്ന് ഓരോ വിഭാഗങ്ങളും ഒഴിഞ്ഞുമാറുവാൻ ശ്രമിച്ചതാണ് നമ്മുടെയിടയിലെ ഭിന്നിപ്പ് ഇത്രയും നാൾ തുടർന്നുകൊണ്ടു പോരുവാൻ കാരണമായതെന്നു പറയാം. എല്ലാ വിഭാഗങ്ങളും അന്യോന്യം അസംതൃപ്തിയോടും അസഹിഷ്ണുതയോടും കൂടിയാണ് വീക്ഷിച്ചിരുന്നത്. ഏതോ ഒരു തെററു ചെയ്തതിൽ നിന്നുണ്ടായ പശ്ചാത്താപബോധം ഇരുവിഭാഗക്കാരെയും പരസ്പരം അകററിനിറുത്തിയിരിക്കുകയായിരുന്നു. എന്നാൽ വത്തിക്കാൻ സുന്നഹദോസിന്റെ ആരംഭത്തോടുകൂടി ആ കാലഘട്ടം ഇങ്ങിനി വരാതവണ്ണം അസ്തമിച്ചിരിക്കുന്നു.

ക്രിസ്തീയ ഐക്യത്തെ സംബന്ധിച്ച കാര്യങ്ങളിൽ ജോൺ മാർപ്പാപ്പായെപ്പോലെതന്നെ പ. പിതാവു പോൾ ആറാമനും ഉത്സുകനാണെന്ന് തെളിഞ്ഞുകഴിഞ്ഞിരിക്കുന്നു. വത്തിക്കാൻ സുന്നഹദോസ് പുനരാരംഭിക്കുവാനും അതിന്റെ മൂന്നാമതൊരു സെഷൻകൂടി ഏർപ്പെടുത്തുവാനുമുള്ള അദ്ദേഹത്തിന്റെ തീരുമാനം തന്നെ ഇതിനൊരു തെളിവല്ലേ? ലോകത്തിന്റെ നാനാഭാഗത്തുമുള്ള പ്രോട്ടസ്റ്റന്റു സഹോദരന്മാർ സുന്നഹദോസിന്റെ വിജയത്തിൽ ആകാംക്ഷാഭരിതരത്രെ. നിരീക്ഷകരെന്ന നിലയിൽ സുന്നഹദോസിലേക്ക് പ്രതിനിധികളെ അയക്കുവാൻ വിവിധ പ്രോട്ടസ്റ്റന്റു വിഭാഗങ്ങൾ തയ്യാറായതു ശുഭോദർക്കമായ ഒരു ചുവടുവയ്പ്പായി പരിഗണിക്കാവുന്നതാണ്. കേരളത്തിലെ മലങ്കര ഓർത്തഡോക്സ സഭയിൽനിന്നും, മർത്തോമ്മാ സഭയിൽനിന്നും, സി. എസ്സ്. ഐ. സഭയിൽനിന്നും വത്തിക്കാൻ സുന്നഹദോസിൽ നിരീക്ഷകർ സംബന്ധിക്കുന്നുണ്ടെന്നു പറയുമ്പോൾ ഐക്യത്തിനുവേണ്ടിയുള്ള ആഹ്വാനത്തിന്റെ ആഴം മനസ്സിലാകുമല്ലോ?

കത്തോലിക്കാസഭയോടു സഹകരിക്കുവാൻ മറേറതു പ്രോട്ടസ്റ്റന്റു സഭയിൽനിന്നുണ്ടായിട്ടുള്ളതിൽ വെച്ചേററവും വലുതായ വാഗ്ദാനങ്ങളു

മായി മുന്നോട്ടു വന്നിട്ടുള്ളതു് ആംഗ്ലിക്കൻ സഭയാണു്. യൂറോപ്പിൽ, പ്രത്യേകിച്ചു് ഇംഗ്ലണ്ടിൽ സാമാന്യം നല്ല സ്വാധീനശക്തിയുള്ള ആംഗ്ലിക്കൻ സഭ പതിനാറാം ശതകത്തിലെ നവീകരണത്തിൻെറ സന്തതിയാണു്. അന്നുമുതൽ ഇന്നുവരെയുള്ള ഭിന്നിപ്പിൻെറ ദുരന്തഫലങ്ങൾ മററുള്ളവരേക്കാൾ മുൻപേ മനസ്സിലാക്കിത്തുടങ്ങിയതുകൊണ്ടാവാം ആംഗ്ലിക്കൻ സഭയിൽനിന്നും വളരെയേറെ പ്രതീക്ഷാനിർഭരമായ സഹകരണമുണ്ടായതു്.

നവീകരണം മുതൽ ഇങ്ങോട്ടു കഴിഞ്ഞ നാലു നൂററാണ്ടിലെ ക്രൈസ്തവലോകത്തിൻെറ ചരിത്രത്തിലേക്കൊന്നു തിരിഞ്ഞു നോക്കുന്നവർക്കു പരസ്പരവിദ്വേഷത്തിൽ നിന്നും രൂപംകൊണ്ട വളരെ ദയനീയമായ ഒരു ചിത്രമാണു് കാണുവാൻ കഴിയുക. ഏകതൊഴുത്തിൽ 'ഏക ഇടയൻെറ കീഴിൽ ഒന്നാകുവാൻ ഉൽബോധിപ്പിച്ച ക്രിസ്തുനാഥൻെറ വാക്കുകൾക്കുള്ള സ്ഥാനമെവിടെ? ലോകമൊട്ടാകെയുള്ള ക്രൈസ്തവർ നൂറുനൂറു അവാന്തരവിഭാഗങ്ങളായി പിരിഞ്ഞുനിന്നു് തമ്മിൽ തമ്മിൽ മത്സരിക്കുന്ന കാഴ്ചയല്ലേ നാം കാണുന്നതു്. പരസ്പരസ്നേഹത്തിൻെറയും സൗഹൃദത്തിൻെറയും സന്ദേശവാഹകനായ ക്രിസ്തുനാഥൻെറ നാമത്തിൽ നവീകരണത്തെത്തുടർന്നുണ്ടായ രക്തച്ചൊരിച്ചിലുകൾ നമുക്കു ഭൂഷണമായിരുന്നോ?

അനുഭവത്തിലൂടെ ക്രൈസ്തവലോകം നല്ലൊരു പാഠം പഠിച്ചു കഴിഞ്ഞിരിക്കുന്നു. അക്രൈസ്തവരാജ്യങ്ങളിൽ ക്രിസ്തുമതം കാര്യമായി പ്രചരിച്ചിട്ടില്ലെങ്കിൽ, അതിനുള്ള ഏക കാരണം നമ്മുടെയിടയിലെ ഭിന്നിപ്പായിരുന്നുവെന്നു വരെ വ്യക്തമായി പറയാം. യൂറോപ്യൻ രാജ്യങ്ങളെക്കാൾ വളരെ മുൻപേ ക്രിസ്തുമതം വേരൂന്നിയ ഭാരതത്തിൽ ക്രിസ്ത്യാനികളുടെ സംഖ്യ വെറും 2% മാത്രമാണെങ്കിൽ അതിനു ഉത്തരവാദികളാരാണു്? ഇക്കാര്യത്തിൽ ഇൻഡ്യയിലെ ഓരോ ക്രിസ്ത്യാനിയും ഒരു ആത്മപരിശോധന നടത്തുന്നതു് നന്നായിരിക്കും.

കഴിഞ്ഞതെല്ലാം മറന്നു് പരസ്പരം കൈകോർത്തു പിടിച്ചു് യേശുക്രിസ്തുവിൻെറ സന്ദേശം പ്രചരിപ്പിക്കുവാനുള്ള ആഹ്വാനമാണു് നാമിന്നു കേൾക്കുന്നതു്. ക്രൈസ്തവലോകത്തിലെ ഏററവും വലിയ ശക്തിയായ കത്തോലിക്കാസഭ അതിൻെറ വാതായനങ്ങൾ ഏവർക്കുംവേണ്ടി ഇന്നിതാ തുറന്നിട്ടിരിക്കുന്നു. ഭൂരിപക്ഷം പ്രോട്ടസ്റ്റൻറു വിഭാഗങ്ങളും കൂടുതൽ കൂടുതൽ അടുക്കുവാനുള്ള സന്നദ്ധത പ്രകടിപ്പിച്ചുപോരുന്നു. നവീകരണത്തിനുശേഷമുള്ള ഒരു നവോത്ഥാനത്തിൻെറ ആരംഭമല്ലയിതു്? തീർച്ചയായും അങ്ങനെയായിരിക്കട്ടെയെന്നു് നമുക്കു പ്രത്യാശിക്കാം. ഐക്യത്തിനു വേണ്ടിയുള്ള ശ്രമങ്ങൾ ആരംഭിച്ചു കഴിഞ്ഞു. അതു് ത്വരിതഗതിയിലാക്കുകയാണു് ഓരോ ക്രിസ്ത്യാനിയുടെയും കർത്തവ്യം. അതിനു് ഒരേയൊരു എളുപ്പമാർഗ്ഗമേയുള്ളു—പ്രാർത്ഥന, നിരന്തരമായ പ്രാർത്ഥന മാത്രം.

————


## For favours received



## Inserted by

ACHAMMA MATHEW
Sankarathil,
Vadakkupuram,
(Exuse delay)

## ഡിസംബർ മാസത്തെ പൊതുനിയോഗം

# സഭയും ലോകസമാധാനവും

(ജോസ് തച്ചിൽ, പൂന)

പരിശുദ്ധ പിതാവ് യോഹന്നാൻ മാർപ്പാപ്പയുടെ "ഭൂമിയിൽ സമാധാനം" എന്ന വിശ്വലേഖനം പുറത്തുവന്നിട്ട് ഏതാനും മാസങ്ങളേ ആയിട്ടുള്ളു. ഇതിനകം പല പ്രശസ്തവ്യക്തികളുടെയും പ്രശംസയ്ക്കു പാത്രീഭവിച്ചിട്ടുണ്ട്. വിപ്ലവാത്മകങ്ങളായ ഉപാധികളിലും നിരീശ്വരതത്വത്തിലും മാത്രം വിശ്വാസമർപ്പിക്കുന്ന കമ്മ്യൂണിസ്റ്റ് റഷ്യയുടെ പ്രധാന മന്ത്രിയായ ക്രൂഷേവ്പോലും ഈ ചാക്രിക ലേഖനമെഴുതിയതിന് മാർപ്പാപ്പയെ അഭിനന്ദിച്ചുകഴിഞ്ഞു. വേറൊരു വൻശക്തിയായ അമേരിക്കയുടെ പ്രസിഡൻറ് കെന്നഡിയുടെയും അഭിപ്രായം ഇതുതന്നെ. യു. എൻ. ഒ. യുടെ സെക്രട്ടറിയായ യുതാന്തും "ഭൂമിയിൽ സമാധാന"ത്തെ വളരെയധികം പുകഴ്ത്തി പാടിയിട്ടുണ്ട്.

ഭൂമുഖത്ത് സമാധാനം സംസ്ഥാപിക്കാൻ വൻശക്തികളെല്ലാം വളരെക്കാലം കിണഞ്ഞു പരിശ്രമിച്ചു. എന്നാൽ ഈ പരിശ്രമങ്ങളെല്ലാം നടത്തിക്കൊണ്ടിരുന്നപ്പോൾ തന്നെ അവർ മിസൈലുകളും ബോംബുകളും മററു നശീകരണോപകരണങ്ങളും കുന്നുകൂട്ടിക്കൊണ്ടിരുന്നു. സമാധാനത്തിനുപകരം ഒരിക്കലും വിട്ടകലാത്ത യുദ്ധഭീതിയും ആശങ്കയുമായിരുന്നു ഈ പ്രവത്തനങ്ങളുടെയെല്ലാം അവശ്യം ഭവമായ ഫലം. ഈ സന്ദർഭത്തിലാണ് പരിശുദ്ധ പിതാവ് ഒരു സമാധാനദൂതനെപ്പോലെ തൻെറ പ്രകീത്തനീയമായ ചാക്രികലേഖനവുമായി രംഗപ്രവേശം ചെയ്തത്.

ചാക്രികലേഖനത്തിൻെറ പ്രസിദ്ധീകരണത്തിനുശേഷം സമാധാനത്തിനായുള്ള പല കരുനീക്കങ്ങളും നടന്നിട്ടുണ്ട്. അവയിൽ ഏററവും പ്രധാനപ്പെട്ടതാണ് വൻശക്തികൾ ഭാഗിക അണ്വായുധപരീക്ഷണനിരോധനക്കരാറിൽ ഒപ്പുവച്ചുവെന്നത്. സമ്പൂർണ്ണനിരോധനത്തിനുള്ള ചലനങ്ങളും അതിൽപ്പിന്നെ നടക്കുന്നുണ്ട്. ഈ കാൽവെപ്പുകളെല്ലാം തന്നെ പരിപൂണ്ണവിജയത്തിൽ കലാശിക്കുമെന്നുള്ള ശുഭാപ്തിവിശ്വാസം നമുക്കു വച്ചുപുലർത്താം. അതിനായി പ്രാത്ഥിക്കുകയും ചെയ്യാം.

സമാധാനത്തോളം അമൂല്യമായൊരു മനുഷ്യനു വേറെ ഒന്നില്ലെന്നുവേണം പറയാൻ. രാഷ്ട്രത്തിൻെറ അവിഭാജ്യഘടകമായ കുടുംബത്തിനും, രാജ്യങ്ങൾക്കും സഭയ്ക്കുതന്നെയും സമാധാനം അനിർവാര്യമാണ്. സമാധാനമില്ലാത്ത കുടുംബം നരകത്തിനുതുല്യമാണ്; അതുപോലെതന്നെ സമാധാനമില്ലാത്ത രാഷ്ട്രവും. കുടുംബത്തിലും സഭയിലും രാഷ്ട്രത്തിലും സമാധാനമുണ്ടാകേണ്ടതിൻെറ അനുപേക്ഷണീയതയെപ്പററി ശ്ലീ. പൗലോസ് പലപ്പോഴും തൻെറ ലേഖനങ്ങളിൽ പറയുന്നുണ്ട്. അപ്പസ്തോലന്മാരുടെ പിൻഗാമികളായ മാർപ്പാപ്പാമാരും ലോകസമാധാനത്തിനായി അവിശ്രമം പരിശ്രമിച്ചിട്ടുണ്ട്, പരിശ്രമിക്കുന്നുമുണ്ട്.

പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പ അറിയപ്പെട്ടിരുന്നത് 'സമാധാനത്തിൻെറ പാപ്പാ' ആയിട്ടാണ്. ജോൺ മാർപ്പാപ്പായ്ക്കു സമാധാനത്തിൻെറ ബാൽസൻ സമ്മാനം പോലും ലഭിക്കുകയുണ്ടായി. "ചരിത്രത്തിനും ജീവിതത്തിനും മനുഷ്യനു പ്രദാനം ചെയ്യാൻ കഴിവുള്ളതിൽ ഏററവും അമൂല്യമായതും പ്രാധാന്യമായതുമായ നിധിയാണ് സമാധാനം. സമാധാനത്തിൻെറ സാന്നിദ്ധ്യവും അതിനെ വച്ചുപുലർത്താനുള്ള വ്യക്തികളുടെ തീക്ഷ്ണതയുമാണ് ലോകപുരോഗതിയുടെ അപരിത്യാജ്യാംശങ്ങൾ" എന്നാണു അദ്ദേഹം 1962-ൽ തൻെറ ക്രിസ്തുമസ്സ് സന്ദേശത്തിൽ പറയുകയുണ്ടായത്. 1962 ഒക്ടോബർ 25ന് ജോൺ മാർപ്പാപ്പാ ചെയ്ത റേഡിയോ പ്രഭാഷണം പ്രത്യേകം ശ്രദ്ധാർഹമാണ്. അദ്ദേഹം പറയുന്നു "മനുഷ്യരാശിയുടെ സമാധാനത്തിനുവേണ്ടിയുള്ള കരച്ചിലിൻെറ നേർക്ക് ചെവി പൊത്തരുതെന്ന് എല്ലാ ഭരണകൂടങ്ങളോടും നാം അഭ്യത്ഥിക്കുന്നു. സമാധാനം സംരക്ഷിക്കാനായി തങ്ങളുടെ അധികാരസീമയിൽപ്പെട്ടതെല്ലാം അവർ ചെയ്യട്ടെ. മററു ഭരണകൂടങ്ങളുമായുള്ള ചർച്ചകൾ അവർ പ്രോത്സാഹിപ്പിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യട്ടെ. ഇതു മാത്രമേ, ദൈവാനുഗ്രഹത്താൽ രാജ്യങ്ങളുടെമേൽ വർഷിക്കുകയൊള്ളു." 1962

ഒക്റ്റോബർ 20-ാം തീയതി പ്രസിദ്ധീകരിക്കപ്പെട്ടതും, വത്തിക്കാൻ സൂനഹദോസിന്റെ ആദ്യസമ്മേളനത്തിൽവെച്ച് സഭാപിതാക്കന്മാരും പിന്നീട് പരിശുദ്ധപിതാവ് യോഹന്നാൻ മാർപ്പാപ്പയും അംഗീകരിച്ചതുമായ ഒരു രേഖയിൽ സഭയുടെ സമാധാനത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങളെ സംക്ഷിപ്തമായി പറഞ്ഞിരിക്കുന്നത് ഇപ്രകാരമാണ്. "യുദ്ധത്തെ വെറുക്കാത്തവരും സമാധാനം അത്യാകാംക്ഷയോടെ ആശിക്കാത്തവരുമായി ഇന്നാരും തന്നെ ലോകത്തിലില്ല. എന്നാൽ, എല്ലാത്തിലുമുപരിയായി, എല്ലാ മനുഷ്യരുടെയും മാതാവായ സഭ സമാധാനം കാംക്ഷിക്കുന്നു. മാർപ്പാപ്പമാരുടെ സ്വരം വഴി അവൾ സമാധാനത്തിനായുള്ള തന്റെ ആഗ്രഹം പ്രകടിപ്പിക്കുക മാത്രമല്ല, അതിനുവേണ്ടി പ്രവർത്തിക്കാനുള്ള നിശ്ചയദാർഢ്യം പ്രഘോഷിക്കുകയും ചെയ്തിട്ടുണ്ട്. സമാധാനലബ്ധിക്കായുള്ള ഏതു ആത്മാർത്ഥപ്രവർത്തനത്തോടും പരിപൂർണ്ണമായി സഹകരിക്കാൻ അവൾ തയ്യാറാണ്. എല്ലാ രാജ്യങ്ങളെയും ഒരുമിച്ചുകൊണ്ടുവരാനും അവരുടെയിടയിൽ പരസ്പരസൗഹാർദ്ദവും ധാരണയും സൃഷ്ടിക്കാനും അവൾ സർവ്വശക്തിയോടുംകൂടി നിസ്തന്ദ്രമായി പരിശ്രമിക്കുന്നു. ജാതികളുടെയും ഭാഷകളുടെയും രാജ്യങ്ങളുടെയും വൈവിധ്യത്തെ കോർത്തിണക്കിയിരിക്കുന്ന ഈ സൂനഹദോസുതന്നെ, സാഹോദര്യത്താൽ കൂട്ടിക്കെട്ടപ്പെട്ട ഒരു വിശ്വസമൂഹത്തിന്റെ ദൃശ്യമായ അടയാളം തന്നെയല്ലേ? വർഗ്ഗം, രാഷ്ട്രം ഇവ ഏതുതന്നെയായിരുന്നാലും എല്ലാവരും സഹോദരരെന്ന യാഥാർത്ഥ്യം ഞങ്ങൾ പ്രഘോഷിക്കുന്നു." മാർപ്പാപ്പായായി തെരഞ്ഞെടുക്കപ്പെട്ടശേഷം പോൾ ആറാമൻ ചെയ്ത ആദ്യത്തെ പ്രസംഗത്തിലും സമാധാനത്തിനുവേണ്ടി താൻ അക്ഷീണം യത്നിക്കുന്നതാണെന്നുറപ്പു പറഞ്ഞിട്ടുണ്ട്.

രാഷ്ട്രങ്ങൾ തമ്മിലുള്ള സമാധാനപാലനത്തിനു വിഘാതമായി നിൽക്കുന്ന ഘടകങ്ങൾ പലതാണ്. പ്രഥമവും പ്രധാനവുമായത് വ്യക്തികളുടെയും സമൂഹത്തിന്റെയും സ്വാർത്ഥതാല്പര്യങ്ങളാണ്. മറ്റു രാജ്യങ്ങളുടെമേൽ തങ്ങളുടെ ആധിപത്യം സ്ഥാപിക്കാനുള്ള അധികാരദുർമ്മോഹവും ഭൂവിഭാഗങ്ങൾക്കുള്ള ഒടുങ്ങാത്ത ആർത്തിയും സമാധാനത്തിന്റെ പാതയിൽ വിലങ്ങുതടിയായി പലപ്പോഴും നിൽക്കുന്നുണ്ടെന്ന് നമുക്കനുഭവമുണ്ടല്ലോ. യുദ്ധത്തിനുപയുക്തങ്ങളായ മാരകായുധങ്ങൾ ഒരു രാജ്യം കുന്നുകൂട്ടുന്നതും മറ്റു രാജ്യങ്ങളെ യുദ്ധഭീതിക്കടിമകളാക്കുന്നു. സ്വസംരക്ഷണത്തിനായി അവരും അപ്പോൾ യുദ്ധോപകരണങ്ങൾ നിർമ്മിച്ചു സംഭരിക്കുന്നു. ഇവ്വിധം ഒടുങ്ങാത്ത യുദ്ധഭീതിയും ശീതസമരവും തീരാവ്യാധിപോലെ മനുഷ്യരാശിയെ വെട്ടിവിഴുങ്ങിയിട്ട് ഏറെക്കാലമായി. സമാധാനത്തിനായി ഉണ്ടാക്കപ്പെട്ട ഉടമ്പടിയുടെ ലംഘനവും ഇപ്പോൾ ചില രാജ്യങ്ങളുടെ പതിവായിത്തീർന്നിട്ടുണ്ട്. ഇവ്വിധം എവിടെ നോക്കിയാലും സമാധാനസഹായകങ്ങളായ എല്ലാ പരിശ്രമങ്ങളെയും അട്ടിമറിക്കുന്ന കരുനീക്കങ്ങളാണ് നമുക്കു കാണാൻ കഴിയുന്നത്.

എല്ലാക്കാലത്തും എല്ലാ മനുഷ്യരും ആഗ്രഹിക്കുന്ന സമാധാനം, ദൈവം സ്ഥാപിച്ച ക്രമത്തിന്റെ വിശ്വസ്തതാപൂർവ്വമുള്ള പരിപാലനം കൊണ്ടുമാത്രമേ നമുക്കു സംസിദ്ധമാകുകയുള്ളൂ എന്ന വാചകം കൊണ്ടാണ് "ഭൂമിയിൻ സമാധാനം" എന്ന ചാക്രികലേഖനം തന്നെ ആരംഭിക്കുന്നത്. എല്ലാ ജനതതികളെയും ആന്തരികമായി ബാധിക്കുന്ന പ്രകൃതി നിയമങ്ങളാണ് സമാധാനത്തിന്റെ അടിസ്ഥാനമായിരിക്കേണ്ടത്. വ്യക്തികൾ തമ്മിൽത്തമ്മിലും, വ്യക്തികളും രാഷ്ട്രവും തമ്മിലും രാഷ്ട്രവും രാഷ്ട്രവും തമ്മിലും, രാഷ്ട്രങ്ങളും ലോകസമൂഹവും തമ്മിലുമുള്ള അഭേദ്യബന്ധം പടുത്തുയർത്തപ്പെടേണ്ടത് സത്യം, നീതി, ഉപവി, സ്വാതന്ത്ര്യം എന്നീ തൂണുകളിന്മേലായിരിക്കണം, യോഹന്നാൻ മാർപ്പാപ്പായുടെ ഭാഷയിൽ. അങ്ങനെയല്ലാത്ത സമാധാനം പൊള്ളയായ സമാധാനമാണ്. രാഷ്ട്രങ്ങൾ തമ്മിലുള്ള സമ്പർക്കങ്ങളിൽ വളരെ കണിശമായി പാലിക്കപ്പെടേണ്ടതാണ് പരസ്പരം ബഹുമാനം. സ്വരാജ്യസ്നേഹം നല്ലതാണ്, അഭികാമ്യമാണ്, അനിർവാര്യവുമാണ്. പക്ഷേ, അതിരുകടന്ന സ്വരാജ്യസ്നേഹം, മറ്റു രാജ്യങ്ങളെ പഴിക്കാനോ, അവരുടെ അവകാശാധികാരങ്ങളെ ചോദ്യം ചെയ്യാനോ, അവർക്കർഹമായ ആദരവ് നിഷേധിക്കാനോ വഴിതെളിക്കരുത്. അന്യോന്യമുള്ള ധാരണയും ഉപവിയും ജനപദങ്ങളുടെയിടയിൽ സമാധാനം സംജാതമാക്കാൻ അത്യന്താപേക്ഷിതമാണ്.

യഥാത്ഥ ക്രിസ്തീയാത്രുപിസ്സേ സ്ഥായിയായ സമാധാനം ആധുനികലോകത്തിനു നല്കാൻ കഴിയുകയൊള്ളു. സമാധാനത്തിൻെറ രാജാവായ ക്രിസ്തുവിൻെറ സുവിശേഷത്തിനേ അസമാധാനമാകുന്ന അന്ധകാരത്തെ ഭൂമുഖത്തുനിന്നും നിഷ്കാസനം ചെയ്യാൻ സാധിക്കുകയൊള്ളു. കാരണം ക്രിസ്തീയത്രുപിയിൽ എല്ലാവരും സഹോദരരും തുല്യരുമാണു്. "നിങ്ങളെല്ലാവരും വിശ്വാസം മുഖേന ഈശോമിശിഹായിൽ ദൈവത്തിൻെറ മക്കളാണു്...ഇവിടെ യഹൂദനെന്നോ യവനനെന്നോ വ്യത്യാസമില്ല; സ്വതന്ത്രനെന്നോ അടിമയെന്നോ, സ്ത്രീയെന്നോ പുരുഷനെന്നോ വകഭേദവുമില്ല. കാരണം നിങ്ങളെല്ലാവരും ഈശോമിശിഹായിൽ ഒന്നാണു്. എന്നാണു് വി. പൗലോസു പറയുന്നതു് (ഗാലേ. 3: 27, 28) ഇതുതന്നെയാണു് 1961 മേയ് 15നു പുറത്തുവന്ന "മാതാവും ഗുരുനാഥയും" എന്ന ചാക്രികലേഖനം നമ്മെ പഠിപ്പിക്കുന്നതു്. "ക്രിസ്തീയോപദേശത്താൽ നയിക്കപ്പെടുന്നവനു് മററുള്ളവരെ സ്നേഹിക്കാതിരിക്കാനോ, അവരുടെ ആവശ്യങ്ങളും ക്ലേശങ്ങളും, സന്തോഷങ്ങളും തൻെറതുതന്നെയായിട്ടു ഗണിക്കാതിരിക്കാനോ നിവൃത്തിയില്ല. മനുഷ്യരാശിയുടെ ഒന്നാകെയുള്ള സൗഭാഗ്യമാണു അവനെ സന്തോഷവാനാക്കുന്നതു്" സവ്വജനപദങ്ങളുടെയും ഏകപിതാവായ ദൈവത്തിൻെറ മക്കളാണെന്ന യാഥാത്ഥ്യം തീച്ചയായും നമ്മെ പരസ്പരസൗഹാർദ്ദത്തിലേക്കും ധാരണയിലേക്കും ഉപവിയിലേക്കും നയിക്കുന്നതാണു്.

ശാസ്ത്രത്തിൻെറ പുരോഗതി ധാർമ്മികമൂല്യങ്ങളെ ബലികഴിക്കാതിരിക്കേണ്ടതു് ആവശ്യമാണു്. ഭൗതികജീവിതത്തിനു വളരെയധികം ഉപയുക്തമാണു് ശാസ്ത്രം. പക്ഷേ അതിനെ മനുഷ്യൻെറ ധാർമ്മികനിലവാരം ഇടിച്ചു താഴ്ത്താനുള്ള ഒരുപകരണമാക്കിയിരിക്കുകയാണു് പലരും. യഥാത്ഥസമാധാനം നിലവിലാകണമെങ്കിൽ ഇതിലൊരു കാതലായ പരിവത്തനം വന്നേ തീരൂ.

ലോകസമാധാനത്തിനു വേണ്ടി യത്നിക്കാൻ എല്ലാവരും ബാദ്ധ്യസ്ഥരാണു്, പ്രത്യേകിച്ചു് ക്രിസ്ത്യാനികൾ. മനുഷ്യസമുദായത്തിൽനിന്നും വിവിധ കാരണങ്ങൾകൊണ്ടു് അപ്രത്യക്ഷമായിരിക്കുന്ന സുഹൃൽബന്ധങ്ങൾ പുനഃസ്ഥാപിക്കേണ്ടതും നല്ല മനസ്സുള്ള എല്ലാവരുടെയും കത്തവ്യമാണു്. എന്നാൽ ഇതിനുവേണ്ടി യത്നിക്കുന്നവർ വളരെ വിരളം. "ഓരോ ക്രിസ്ത്യാനിയും ഇന്നു് പ്രകാശത്തിൻെറ സ്ഫുരണവും, സ്നേഹത്തിൻെറ കേന്ദ്രവും മനുഷ്യരുടെയിടയിൽ സജീവമായ ഉറമാവുമായിരിക്കണം" (ജോൺ മാർപ്പാപ്പ) സമാധാനത്തിൻെറ രാജാവായ ക്രിസ്തുനാഥൻെറ തിരുപ്പിറവി ആഘോഷിക്കുകയാണല്ലൊ നാമെല്ലാവരും ഈ മാസം. സമാധാനം ലോകത്തിൽ പുനഃസ്ഥാപിക്കാൻ നമുക്കെല്ലാവക്കും ശ്രമിക്കുകയും അതിനുവേണ്ടി പ്രാത്ഥിക്കുകയും ചെയ്യാം." അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി; ഭൂമിയിൽ ദൈവം പ്രസാദിച്ചവക്കു സമാധാനം" എന്നാണല്ലൊ അവിടത്തെ ആഗമനത്തിൽ സ്വർഗ്ഗീയ സൈന്യം ആട്ടിടയരോടറിയിച്ചതു് (വി. ലൂക്കാ 2: 14) ബേസ്ലഹേമിലെ ആ പുൽക്കൂട്ടിൽ നിന്നും സമാധാനത്തിൻെറ കിരണങ്ങൾ ലോകം മുഴുവനും വ്യാപിക്കട്ടെയെന്നു നമുക്കാശംസിക്കാം.

---

**For favours received Inserted by**



K. K. JOHN, W. Bengal.

# "ചോദിപ്പിൻ, നിങ്ങൾക്കു ലഭിയ്ക്കും"

(കെ. സി. ചാക്കോ: എം. എ; ബി. ഇ, എം. എസ്.)

[പ്രിൻസിപ്പൽ, എൻജിനീയറിംഗ് കോളെജ്]

ഈ അടുത്ത ദിവസം ഒരു പഴയ ഇംഗ്ലീഷ് മാസിക മറിച്ചു നോക്കുന്നതിനിടയിൽ വളരെ ആകർഷകമായ ഒരു ചെറുകഥപോലെ ഒരു വിവരണം ഞാൻ കണ്ടു. ഒരു പട്ടാളക്കാരൻ കൃതജ്ഞതാനിർഭരമായ ഹൃദയത്തോടുകൂടി ലോകത്തോടു് പറയുന്ന ചില കാര്യങ്ങളായിരുന്നു ആ ചെറുകഥ. അയാൾ, ആരോടെന്നില്ലാതെ പറയുകയാണു്.

"പല കാര്യങ്ങളും നേടുവാനായി എനിയ്ക്കു് വേണ്ടത്ര ശക്തി നല്കണേ എന്നു ഞാൻ ദൈവത്തോടപേക്ഷിച്ചു: എന്നാൽ അവിടുന്നു് എന്നെ ദുർബ്ബലനും ക്ഷീണിതനും ആക്കി: വിനയപൂർവ്വം അനുസരിക്കുവാൻ എന്നെ പ്രാപ്തനാക്കുവാൻ വേണ്ടി!

കൂടുതൽ മഹൽക്കാര്യങ്ങൾ അനുഷ്ഠിക്കാൻ എന്നെ പൂർണ്ണആരോഗ്യവാനും കൂടുതൽ കഴിവുള്ളവനും ആക്കണേ എന്നു ഞാൻ പ്രാർത്ഥിച്ചു: അവിടുന്നു് എന്നെ രോഗിയും അവശനും ആക്കി: കൂടുതൽ നല്ല കാര്യങ്ങൾ ചെയ്യാൻ എനിയ്ക്കു് അവസരം ഉണ്ടാക്കാൻ!

സുഖസന്തോഷങ്ങളുടെ നടുവിൽ അല്ലലറിയാതെ ജീവിക്കുവാൻ വേണ്ടത്ര ധനത്തിനായി ഞാൻ ചോദിച്ചു: എനിയ്ക്കു് ദാരിദ്ര്യവും പോരായ്മകളും അവിടുന്നു നല്കി. മിതത്വത്തിലും പോരായ്മകളിലും കൂടി ഞാൻ കൂടുതൽ വിവേകവും ബുദ്ധിയും ഉള്ളവനാകുവാൻ വേണ്ടി! മനുഷ്യന്റെ മുമ്പിൽ കാഴ്ചയും സ്തുതിയും ആഗ്രഹിച്ചു് അതിനു ചേർന്ന അധികാരവും ആഭിജാത്യവും ഞാൻ ആവശ്യപ്പെട്ടു: എനിയ്ക്കു് അടിമത്വവും ആശ്രിതഭാവവും അവിടുന്നു വിധിച്ചു: അങ്ങനെ ഞാൻ ദൈവത്തെ ഓർമ്മിക്കുന്നതിനും അറിയുന്നതിനും ആവശ്യപ്പെടുന്നതിനും വേണ്ടി!

ഈ ജീവിതം ആനന്ദസമൃദ്ധമാകുവാൻ വേണ്ട എല്ലാ വസ്തുക്കളെയും ഞാൻ ആഗ്രഹിച്ചു. അവയെല്ലാം ഞാൻ ചോദിച്ചു. അവിടുന്നു എനിക്കു മഹത്തായ ജീവിതം തന്നെ നല്കി—അവിടുന്നു സൃഷ്ടിച്ച സകലവയിലും നിന്നും സന്തോഷം അനുഭവിക്കുവാൻ വേണ്ടി!

ഞാൻ ചോദിച്ചതിലൊന്നും എനിയ്ക്കു് കിട്ടിയില്ല............

എന്നാൽ............

ഞാൻ ആശിച്ചതെല്ലാം എനിയ്ക്കു കിട്ടി എന്നു ഞാൻ കാണുന്നു. എന്റെ പ്രാർത്ഥനയെ അവഗണിച്ചുകൊണ്ടു്, എന്റെ ആഗ്രഹങ്ങളെ അവിടുന്നു് സംതൃപ്തമാക്കി."

പലപ്പോഴും ദൈവം നമ്മുടെ പ്രാർത്ഥന കൈക്കൊള്ളുന്നില്ല എന്നാണു് മനുഷ്യന്റെ ആവലാതി. ചോദിപ്പിൻ നിങ്ങൾക്കു ലഭിക്കും എന്ന കല്പനയിൽ വിശ്വസിച്ചുകൊണ്ടുള്ള നമ്മുടെ പ്രാർത്ഥന പലപ്പോഴും അംഗീകരിക്കപ്പെടുന്നില്ല എന്നു നമുക്കു് തോന്നുന്നുണ്ടാവാം. യാഥാർത്ഥ്യം അങ്ങനെയല്ല. ആ പട്ടാളക്കാരന്റെ കണ്ണുകളിലൂടെ, ഓർമ്മകളിലൂടെ, ചിന്താഗതിയിലൂടെ, നാം നമ്മുടെ ജീവിതത്തെ നോക്കിക്കാണുകയാണു് വേണ്ടതു്. നമുക്കു വേണ്ടതു് എന്താണെന്നു് നമുക്കുതന്നെ അറിഞ്ഞുകൂടാ. നമുക്കു് വേണ്ടതു് അറിഞ്ഞു്, നമുക്കു നല്ലതിനായി കാത്തിരിക്കുന്ന ഒരു നല്ല പിതാവിനെ നാം വിശ്വസിക്കുകയാണു് വേണ്ടതു്. കഷ്ടപ്പാടുകളും പോരായ്മകളും നിറഞ്ഞതെന്നു് നാം വിധിയെഴുതി തള്ളിയിട്ടുള്ള നമ്മുടെ ഐഹികജീവിതത്തെത്തന്നെ പരിശോധിച്ചുനോക്കു. സൃഷ്ടിക്കപ്പെട്ട സകല വസ്തുക്കളിലും കൂടി ആനന്ദം കണ്ടെത്തുവാനായി നമുക്കു് നല്കിയ മഹത്തായ ആയുസ്സിനേക്കാൾ വലുതായി എന്താണു് വേണ്ടതു്. ആയുസ്സിനെ അലങ്കരിക്കുന്ന ബാഹ്യാവരണങ്ങൾ ചിലപ്പോൾ കണ്ണഞ്ചിക്കുന്ന വർണ്ണശബളിമയുള്ളതും, ചിലപ്പോൾ മ്ലാനത കലർന്നതും ആയിരിക്കാം. സ്നേഹസമ്പന്നനായി ഒരു പിതാവിൽ വിശ്വസിക്കുന്ന ഒരാൾക്കു് ആ മ്ലാനത കഠിനതരമോ, ശാശ്വതമോ അല്ല. ഞാൻ ചോദിച്ചതിലല്ല എന്റെ സാക്ഷാത്തായ ആനന്ദം കുടികൊള്ളുന്നതു്. എനിക്കു് ലഭിച്ചതു് യഥായോഗ്യം വിനിയോഗിക്കുന്നതിലാണു് എന്റെ ആനന്ദം കുടികൊള്ളേണ്ടതു്. 'സ്വർഗ്ഗസ്ഥനായ പിതാവേ, അനാദി

# ദിവ്യോദയം

(ഒ. അപ്പുനേത്ത്)

നീലിമ കോലുന്ന മാനത്തതിരമ്യ–
ലോലമാം താരകമൊന്നു മിന്നി,
നീരവം കാന്തിക്കതിരു ചൊരിഞ്ഞങ്ങു
നീങ്ങുന്നു ബേതലേം നോക്കി നോക്കി.

വിണ്ണിലൊരു നവം തൂവൊളിയുയർന്നതു
മണ്ണിനെ പുൽകിയൊഴുകുകയായ്
മഞ്ജിമയെങ്ങും തഴുകി, യഭൌമിക–
മണ്ഡലം പോലായുലകിടവും.

താബോർമല ദിവ്യദർശനം കാണുവാൻ
താരമാം കൗതുകമോടെ നിന്നു.
താളം പിടിക്കുന്നൊലിവുമലയിലെ
താഴ്വാരം തോറുമിളംവല്ലികൾ.

യോർദാൻ നദിയിൽ തരംഗപരമ്പര
മോദമിയന്നു താരാട്ടു പാടി
പാതിരാനേരം പരിശുദ്ധിതൻ മണം
ബേത്ലഹേമിലലയിളക്കി.

കൊച്ചുകിശോരനേപ്പോലെയിളം തെന്നൽ
പിച്ചവെച്ചെത്തുന്നു പുൽത്തൊഴുത്തിൽ.
താണിറങ്ങുന്നവിടേക്കു നൂറായിരം,
വാനത്തു നിന്നു, മാലാഖമാരും.

"ഉന്നതേ, ദൈവത്തിനെന്നും സ്തുതി, ഭൂമി–
തന്നിൽ സമാധാനം നല്ലവർക്കും."
എങ്ങും മുഴങ്ങിയനുരണിച്ചിങ്ങനെ
മംഗല മോഹന ദിവ്യഗാനം!

ഓരോ മണൽത്തരിയ്ക്കുള്ളിലും, വിശ്വത്തി–
ലോരോ പരമാണു തന്നിലുമേ,
ദകാരിത്തരിപ്പു കടന്നു കർത്താ,വന്നു
കാലിത്തൊഴുത്തിൽ പിറന്നതിനാൽ.

ആരോമലുണ്ണിയെ കാണുവാൻ വെമ്പുമെ–
ന്നാത്മാവിനാനന്ദമെന്തു ചൊല്ലാൻ.
ആരംഭമില്ലാത്ത ദൈവകുമാരനെ–
യാതാൽ നീ കാണുക മാനസമേ!

പുല്ലണി മെത്തയിൽ കീറത്തുണി ചുററി
പല്ലവം വെല്ലുന്ന കാൽകരങ്ങൾ,
മെല്ലെക്കുടഞ്ഞു കുടഞ്ഞു പുഞ്ചിരി–
യല്ലിലൊളി പോൽ ചൊരിയുന്നിതാ!

എല്ലാമളക്കുമെന്നുമിഴിക്കോണിലൂ–
ടല്ലോവഴിയുന്നു സ്നേഹദീപ്തി!
എല്ലാം വെടിഞ്ഞവതാര മെടുത്തൊരീ–
സ്വർല്ലോക നാഥനു സ്വസ്തി, സ്വസ്തി!

ഓമൽക്കുമാരകാ, നിൻെറ പിറവിയി–
ലാമയമാകെയകന്നു പോയി!
ആരോമലേ, നിൻ ജനിയിലൊരായിര–
മാനന്ദ കോരകം പുഞ്ചിരിച്ചു!

പാപ തിമിരം തുരത്തുന്ന പുണ്യത്തിൻ–
പേലവകാല്യകാലോദയമായ്!
പാപികൾക്കെപ്പൊഴുമോടിയെത്താവുന്ന
പാവന തീർത്ഥമേ, നിൻെറ പാദം.

ശാന്തിക്കതിർ തൂകും നിൻകാൽനഖേന്ദുവിൻ
കാന്തി നുകർന്നു നുകർന്നിവിടെ,
സന്തതം നിന്നെ ഭജിച്ചുകൊണ്ടെന്നാത്മ–
ബന്ധമണയ്ക്കാവൂ, ഞാനിനി മേൽ!

---

കാലം മുതൽ കാലങ്ങളുടെ നിത്യതയിൽ സകലതും കണ്ടറിയുന്ന അങ്ങ് എന്നെ സ്നേഹിക്കുന്നു– അങ്ങ് എനിയ്ക്കു് നന്മയല്ലാതെ ഒന്നും ചെയ്യുകയില്ല—അവിടുത്തെ തിരുച്ചിത്തം എന്നേയ്ക്കും നിവൃത്തമാകട്ടെ എന്നല്ലേ പ്രാർത്ഥിക്കുവാൻ അങ്ങ് എന്നെ പഠിപ്പിച്ചതു്–അതുകൊണ്ടു് ആ പട്ടാളക്കാരനോടുകൂടി ഞാൻ പറയും—

നാഥാ, മൗഢ്യംകൊണ്ടു്, ചാപല്യംകൊണ്ടു്, അവിവേകം കൊണ്ടു്, ദൗർബ്ബല്യം കൊണ്ടു, ഞാൻ സമ്പത്തിനും, സൗന്ദര്യത്തിനും, സുഖത്തിനും സ്ഥാനമാനങ്ങൾക്കും വേണ്ടി പ്രാർത്ഥിച്ചേക്കാം—അവയിലാണു് ആനന്ദം ഞാൻ കണ്ടെത്തുക എന്ന വ്യാമോഹത്തിൽ!—എന്നാൽ അവിടുന്നു് ബോധപൂർവ്വം എനിയ്ക്കുയക്കുന്നവ എന്തായാലും, അവയിലെല്ലാം ആനന്ദം കണ്ടെത്തുവാൻ–സംതൃപ്തി കണ്ടെത്തുവാൻ എനിക്കു കഴിയട്ടെ. ദുർഗ്രഹവും അപശബ്ദവുമായ ശൂന്യതയിൽ നിന്നു് —അനാസ്തിക്യത്തിൽ നിന്നു്–നിൻെറ നിത്യജീവനും ആസ്തിക്യത്തിനും അവകാശിയായി എന്നെ സൃഷ്ടിച്ച നീ, എന്നെ വലയം ചെയ്യുന്ന സൃഷ്ടികളിലും, സംവരണങ്ങളിലും, സാഹചര്യങ്ങളിലും നിൻെറ തിരുച്ചിത്തം നിറവേറുന്നതു കണ്ടു്, അതിൽ സഹകരിച്ചു് ഞാനും ആനന്ദിക്കട്ടെ—"

ആത്മാർത്ഥമായി ഇങ്ങനെ പ്രാർത്ഥിക്കാനുള്ള കഴിവിനായി നമുക്കു് ഹൃദയപൂർവ്വം പ്രാർത്ഥിക്കാം.

# ഉദിയംപേരൂർ സൂനഹദോസിനുമുമ്പുണ്ടായിരുന്ന കേരള സുറിയാനിക്കാരുടെ റോമാസിംഹാസനവിധേയത്വം

(വി. സി. ജോർജ്ജ്)

ഉദിയംപേരൂർ സൂനഹദോസിനുമുമ്പ് കേരളസുറിയാനിക്കാർ റോമാ സിംഹാസനത്തിനു വിധേയരായിരുന്നതു് ഇന്നത്തെ കേരളകത്തോലിക്കർ ആ സിംഹാസനത്തിനു വിധേയരായിരിക്കുന്ന രീതിയിൽ തന്നെ ആയിരുന്നുവെന്നു് ചരിത്രജ്ഞാനമുള്ളവരാരും ശഠിക്കുകയില്ല. റോമായിലെ ആദ്ധ്യാത്മികാദ്ധ്യക്ഷന്മാർ കേരളസഭയുടെമേൽ വളരെ വിരളമായിട്ടേ നേരിൽ അധികാരം നടത്തിയിരുന്നുള്ളു. മെസൊപ്പൊത്തേമിയായിലൊ ബാബേലിലൊ ആസ്ഥാനമുറപ്പിച്ചിരുന്ന പാത്രിയക്കീസന്മാരും കാതോലിക്കാമാരും മെത്രാപ്പോലീത്താമാരും വഴിയായിരുന്നു റോമാസിംഹാസനത്തിൻെറ പരമാധികാരം ഇന്ത്യയിലും കേരളത്തിലും പ്രയോഗിക്കപ്പെട്ടിരുന്നതു്. ഈ പൗരസ്ത്യപാത്രിയക്കീസന്മാരിലും കാതോലിക്കാമാരിലും മെത്രാപ്പോലീത്താമാരിലും പാപ്പാസിംഹാസനത്തോടുള്ള ഐക്യവും വിധേയത്വവും പുലർത്തിയവർ നെസ്തോറിയോസിൻെറയും എവുത്തിക്കൂസിൻെറയും നൂതന സിദ്ധാന്തങ്ങൾ പേർസ്യാ, മെസൊപ്പൊത്തേമിയാ, സിറിയാ ഇത്യാദി രാജ്യങ്ങളിൽ പ്രചരിച്ചതിനു ശേഷവും നിരന്തരം ഉണ്ടായിരുന്നു. നെസ്തോറിയന്മാർ, എവുത്തിക്കൂസന്മാർ അഥവാ യാക്കോബായക്കാർ, ഇവരിൽനിന്നകന്നു് പൂർവ്വവിശ്വാസത്തിൽത്തന്നെ തുടർന്നുപോന്ന ആ പൗരസ്ത്യക്രൈസ്തവസംഘം ഈ പാത്രിയക്കീസന്മാരുടെയും കാതോലിക്കന്മാരുടെയും ഭരണീയരായിരുന്ന ഈ സുറിയാനികത്തോലിക്കരെ കുസ്തന്തീനോസ്‌പോലീസിൽ ആസ്ഥാനമുറപ്പിച്ചിരുന്ന ചക്രവർത്തിമാർ സഹവിശ്വാസികൾ എന്ന നിലയിൽ അനുകൂലിക്കുകയും പരിരക്ഷിക്കുകയും ചെയ്തിരുന്നതിനാൽ അവർക്കു് 'ചക്രവർത്തികളുടെ ആളുകൾ". അഥവാ "മെൽക്കീത്തർ" എന്ന നാമം ലബ്ധമായി. റോമായിലെ വിശുദ്ധ പത്രോസിൻെറ സിംഹാസനത്തിലേക്കു് ക്രി. വ. 731-ൽ ഉയർത്തപ്പെട്ട ഗ്രിഗോറിയോസ് തൃതീയൻ ഈ മെൽക്കീത്തവർഗ്ഗത്തിൽ ജാതനായിരുന്നെന്നു വിശ്വസിപ്പാനവകാശമുണ്ടു്. അക്കാലത്തെ സുറിയാനി പണ്ഡിതാഗ്രേസരിൽ പ്രധാനിയും, പ്രസ്തുത പാപ്പായുടെ സമകാലീനനുമായിരുന്ന കത്തോലിക്കവിശുദ്ധനായി വണങ്ങപ്പെടുന്ന ദമാസ്കൂസിലെ യോഹന്നാൻ. നെസ്തോറിയന്മാർ സാമ്രാജ്യവിരോധികളായി വിധിക്കപ്പെടുകയും, സാമ്രാജ്യാതിർത്തികളിൽനിന്നു് അവർ ബഹിഷ്കൃതരാകയും ചെയ്ത കാലങ്ങളിൽ മെൽക്കീത്തർ പൗരസ്ത്യസുറിയാനിക്കാരായ കത്തോലിക്കർ, ഒരു സമുദായമെന്ന നിലയിൽ ഉന്നതി പ്രാപിച്ചുകൊണ്ടിരുന്നു. എന്നാൽ നെസ്തോറിയവിശ്വാസം പേർസ്യാ മുതലായ രാജ്യങ്ങളിൽ പ്രചരിക്കുവാൻ ഈ അവസ്ഥ പ്രതിബന്ധമായില്ല. നെസ്തോറിയൻവിശ്വാസം പ്രചരിച്ചതോടുകൂടി ജനങ്ങളുടെ പൊതുഭാഷയായിരുന്ന കൽദായസുറിയാനിയിൽ ലിപികളും ഉച്ചാരണരീതിയും സംബന്ധിച്ചു് ചില ഭേദഗതികളുണ്ടാകയും ഭാഷയുടെ പേരുതന്നെ നെസ്തോറിയൻ എന്നു മാറുകയും ചെയ്ത എസ്ത്രാൻജെലാസുറിയാനിയുടെ ഈ പുതിയ രൂപം, അതായതു് നെസ്തോറിയൻഭാഷ, ഉപയോഗിച്ച മതവിശ്വാസത്തിലുണ്ടായിരുന്ന വ്യത്യാസങ്ങളെ ഗൗനിക്കാതെ അവരെയെല്ലാം നെസ്തോറിയന്മാർ എന്നു് ചില ചരിത്രകാരന്മാർ നാമകരണംചെയ്തുയെന്നതൊരനന്തരസംഭവമാണു്. നാം ഇന്നു മലയാളികൾ എന്നോ തമിഴർ എന്നോ നാമകരണംചെയ്യുന്ന ആളുകളുടെയിടയിൽ ഹിന്ദുക്കളും ക്രിസ്ത്യാനികളും മുസ്ലീങ്ങളും ഉൾപ്പെടുന്നുണ്ടെന്നുള്ളതു് നിസ്തർക്കമാണല്ലോ. ഇതുപോലെതന്നെ അന്നത്തെ ചരിത്രകാരന്മാർ നെസ്തോറിയർ എന്നു് നാമകരണം ചെയ്ത ആളുകളുടെയിടയിൽ നെസ്തോറിയൻ വിശ്വാസികളും ക

ത്തോലിക്കവിശ്വാസികളും ഉൾപ്പെട്ടിരുന്നവെന്ന് നാം ധരിക്കേണ്ടതുണ്ട്. ഇങ്ങനെ ധരിച്ചാൽ ഒട്ടു വളരെ തെററിദ്ധാരണകൾ ഒഴിവാക്കുകയും ചെയ്യാം.

ചരിത്രകാരന്മാരുടെ നാമകരണം എങ്ങനെയായാലും മെസൊപ്പൊത്തേമിയ, സിറിയ മുതലായ പ്രദേശങ്ങളിൽ നെസ്തോറിയൻവിശ്വാസത്തിൻെറ പ്രചാരണത്തെ തടയുവാനും പൂർവ്വികമായ കത്തോലിക്കാവിശ്വാസം അന്യൂനം പരിരക്ഷിക്കുവാനും അത്യുത്സാഹപൂർവ്വം പരിശ്രമിച്ച കൽദായസുറിയാനി നേതാക്കന്മാർ ഉണ്ടായിരുന്നു. പേർസ്യായിലെ ടിബത്ത്-അർസാം മെത്രാനായിരുന്ന (510-25) ശിമയോൻ, നിനിവെ മെത്രാനായിരുന്ന വിശുദ്ധ ഇസഹാക്ക് ഗാർമ്യായിലെ സഹദൂനാ മെത്രാൻ, ദെലയിതാ ആശ്രമത്തിലെ യോഹന്നാൻസാബാ സന്യാസി ഇവർ ഈ ഗണത്തിൽ മുമ്പന്മാരായിരുന്നു.

അന്ത്യോക്യാപാത്രിയർക്കീസിൻെറ അധികാരത്തിനധീനരായി റോമാസിംഹാസനത്തിൻെറ പരമാധികാരം അംഗീകരിച്ചിരുന്ന സുറിയാനിമെത്രാന്മാർ കേരളസഭയെ ഭരിക്കുക പതിവായിരുന്നു എന്ന് ജോസഫ് കത്തനാർ മാർപ്പാപ്പാ സമക്ഷം പ്രസ്താവിച്ചതു് ഇതിനു മുമ്പ് നാം വായിക്കുകയുണ്ടായല്ലോ. അന്ത്യോക്യാപാത്രിയർക്കീസ് സെലൂഷ്യാ ആസ്ഥാനമാക്കി ഒരു മെത്രാനെ വാഴിക്കുകയും ആ മെത്രാൻ പൗരസ്ത്യദേശങ്ങളിലെ ക്രിസ്ത്യാനികളുടെ ആദ്ധ്യാത്മികാദ്ധ്യക്ഷനായി വർത്തിക്കുകയുമായിരുന്നു ആദ്യകാലത്തെ നടപ്പ്. സെലൂഷ്യയിലെ നിയുക്തമെത്രാൻ അന്ത്യോക്യായിൽ ചെന്ന് അഭിഷേകം സ്വീകരിക്കുക പേർസ്യാക്കാരുടെ ഉപദ്രവങ്ങൾ മൂലം ദുഷ്കരമാണെന്നു കാണുകയാൽ, സെലൂഷ്യായ്ക്കുള്ള മെത്രാൻെറ അഭിഷേകചടങ്ങുകൾ ആ പട്ടണത്തിൽ വെച്ചു നടത്തിയാൽ മതിയാകുമെന്ന് അന്ത്യോക്യാപാത്രിയർക്കീസ് തീരുമാനിച്ചു. 325-ൽ സമ്മേളിച്ച നിഖ്യാസൂനഹദോസ് പ്രസ്തുത തീരുമാനത്തെ സ്ഥിരീകരിച്ചതിനു പുറമേ സെലൂഷ്യായിലെ മേല്പട്ടക്കാരന് കാതോലിക്കാ എന്ന സ്ഥാനനാമം ഉണ്ടായിരിക്കണമെന്നും മററു പാത്രിയർക്കീസന്മാർ ചെയ്യുന്ന രീതിയിൽ പൗരസ്ത്യദേശങ്ങളിൽ നിവസിക്കുന്ന ക്രിസ്ത്യാനികളുടെ ഭരണാധികാരത്തിന്നായി മെത്രാപ്പോലീത്താമാരെ നിയമിക്കുന്നതിനുള്ള അധികാരം അദ്ദേഹത്തിനു നൽകേണ്ടതാണെന്നും നിശ്ചയിക്കുകയുണ്ടായി. ഈ സൂനഹദോസ് നിശ്ചയം അന്ത്യോക്യാപാത്രിയർക്കീസിൻെറ അറിവോടും സമ്മതത്തോടും കൂടി ആയിരുന്നുവെന്നുള്ളതും പ്രസ്താവ്യയോഗ്യമാണ്. ഈ സൂനഹദോസ് നിശ്ചയങ്ങൾക്ക് ഒപ്പുവച്ച സഭാപിതാക്കന്മാരിൽ ഒരാൾ "പേർസ്യാ വലിയ ഇൻഡ്യ, ഈ രാജ്യങ്ങൾ മുഴവനിലുമുള്ള സഭകളുടെ അദ്ധ്യക്ഷൻ പേർസ്യാക്കാരൻ യോഹന്നാൻ' എന്ന് സ്വനാമം ലേഖനംചെയ്തുവെന്നുള്ളതും സ്മരിക്കേണ്ടതുണ്ട്. നിക്യാസൂനഹദോസ് നിശ്ചയപ്രകാരം സെലൂഷ്യാ, അന്ത്യോക്യയിൽനിന്നു വിഭിന്നമായ ഒരു പാത്രിയർക്കാസ്ഥാനമോ കത്തോലിക്കാസ്ഥാനമോ ആയതിനെ തുടർന്ന് സെലൂഷ്യായ്ക്കധീനമായിരുന്ന പേർസ്യായിൽനിന്നു മേല്പട്ടക്കാർ ഭാരതസഭയുടെമേൽ ഭരണാധികാരം നിർവ്വഹിച്ചു. ഇങ്ങനെയാണ് കേരളസഭ സെലൂഷ്യായ്ക്കധീനമായിത്തീർന്നതു്" (J. B. Panjikaran, The Syrian church in Malabar P. 18-19.)

മെൽക്കീത്തരെപ്പററി ലെക്യൻ എന്ന ചരിത്രകാരൻ ഇപ്രകാരം പ്രസ്താവിക്കുന്നു: 'പേർസ്യൻ സാമ്രാജ്യത്തിലെ എല്ലാ പ്രദേശങ്ങളിലും നെസ്തോറിയൻ പാഷാണ്ഡത പ്രചരിക്കുകയുണ്ടായിയെങ്കിലും ആ സ്ഥലങ്ങളിൽ നെസ്തോറിയൻ യാക്കോബായ എന്നീ പാഷാണ്ഡതകളിൽനിന്നു വിമുക്തരായി കത്തോലിക്കാവിശ്വാസത്തിൽത്തന്നെ നിലനിന്നവരുടെ അഭാവം ഇല്ലായിരുന്നു. ഇവരാകട്ടെ ആ രണ്ടു വിഭാഗക്കാരാൽ മെൽക്കീത്തർ എന്നു വിളിക്കപ്പെട്ടു". (Le quen, Oriens christianus tom II P. 1086-87) പാഷണ്ഡികളുടെ പ്രശസ്തിയ്ക്കുടവുതട്ടി, 528-ാം സംവത്സരത്തിൽ പേർസ്യായിലെ ക്രിസ്ത്യാനികളിൽ ഭൂരിഭാഗവും കത്തോലിക്കരായിരുന്നുവെന്ന് ജോസഫ് അസ്സേയാൻ രേഖപ്പെടുത്തിയിട്ടുണ്ട്. മെൽക്കീത്തരുടെ വൈദികാദ്ധ്യക്ഷനെ കാതോലിക്കായെന്ന് നാമകരണംചെയ്തുകൂടെന്നും ആ സ്ഥാ

# കളകളുടെ ഉപമ

[വി. മത്തായി 13: 24—31]

## (വന്ദ്യ ദിവ്യശ്രീ ഫീലിപ്പോസ് റമ്പാൻ

മെക്കമ്മേൽ പള്ളിയിൽ ചെയ്ത പ്രസംഗം)

**കർത്താവിൽ പ്രിയരെ,**

ഗലീലയിൽ വച്ചു് നമ്മുടെ കർത്താവു് പറഞ്ഞ ഒരു ഉപമയാണു് ഇതു്. ഈ ഉപമ വി. മത്തായിയുടെ സുവിശേഷത്തിൽമാത്രമേ



കാണുന്നുള്ളു. ഇതു് വളരെ സാരവത്തായ ഒരു ഉപമയാണു്. വളരെ കാര്യങ്ങൾ അതിൽനിന്നു പഠിപ്പാനുണ്ടു്.

സ്വർഗ്ഗരാജ്യം തന്റെ വയലിൽ നല്ല വിത്തു വിതച്ച മനുഷ്യനോടു സദൃശമാകുന്നു. അയാൾ ഉറങ്ങുമ്പോൾ ശത്രു വന്നു കളകളും കൂടെ വിതച്ചു. ഞാറു വളർന്നു. കതിരു വന്നു. അപ്പോൾ കളയും കൂടെ കാണപ്പെട്ടു. അതു കണ്ടു് വേലക്കാർ യജമാനന്റെ അടുക്കൽ ചെന്നു. യജമാനനേ, നാം നല്ല വിത്താണല്ലോ വിതച്ചതു്. ഇപ്പോൾ കളകളും കൂടെ കാണപ്പെടുന്നു. ഇതു് എങ്ങിനെ സംഭവിച്ചു. ഞങ്ങൾ ചെന്നു് അതു പറിച്ചു കളയട്ടെയോ എന്നു് ചോദിച്ചു. ഉടമസ്ഥൻ അതു സശ്രദ്ധം കേട്ടു എന്നിട്ടു പറയുന്നു. ഇതു് ശത്രു ചെയ്ത ദ്രോഹമാണു്. എങ്കിലും കള പറിക്കുവാൻ വരട്ടെ. നിങ്ങൾ കള പറിച്ചാൽ അതിന്റെ കൂടെ ഗോതമ്പും കൂടെ പറിച്ചുകളയേണ്ടതാകും. അതിനാൽ കൊയ്ത്തുവരെ അവ ഒരുമിച്ചു വളരട്ടെ. കൊയ്ത്താകുമ്പോൾ കൊയ്ത്തുകാർ വന്നു് കൊയ്തു രണ്ടിനേയും രണ്ടായി തിരഞ്ഞുകെട്ടും. കളകളെ തീയിൽ ഇട്ടു ചുട്ടുകളയും. ഗോതമ്പിനെ അറപ്പുരയിൽ അടക്കി സൂക്ഷിക്കുകയും ചെയ്യും. ഇതാണു് ഉപമയുടെ ചുരുക്കം.

ഇതിൽ പറയുന്ന വയൽ ലോകത്തിലെ സഭയാണു്. നല്ല വിത്തു വിതച്ചയാൾ ക്രിസ്തുവാണു്. വിത്തു ദൈവവചനമാണു്. കള ദുരുപദേശത്തെ കാണിക്കുന്നു. അതു വിതക്കുന്നതു് സാത്താനാണു്. ഉറക്കം പ്രാർത്ഥനയില്ലാത്ത ജീവിതത്തെ കാണിക്കുന്നു.

---

നിതദധീനങ്ങളായ പ്രദേശങ്ങളിലേക്കു മേല്പട്ടക്കാരെ നിയോഗിച്ചുകൂടെന്നും നെസ്തോറിയൻ പാത്രിയർക്കീസ് അബ്രഹാം തൃതീയൻ ശഠിച്ചതിന്റെ ഫലമായി 911 എ. ഡി.-യിൽ ഒരു മെത്രാനെ അഭിഷേചിച്ചതിനിടയ്ക്കു് മെൽക്കീത്താ കാതോലിക്കാസ് സുൽത്താന്റെ ആജ്ഞ പ്രകാരം അഭിഷിക്തമെത്രാനോടുകൂടി ബന്ധിക്കപ്പെട്ടുവെന്നും, സുൽത്താൻ ഇരുവർക്കും പിഴ കല്പിച്ചുവെന്നും ബാർ ഹെബ്രെയൂസിനെ ഉദ്ധരിച്ചുകൊണ്ടു് ലെക്യൂൻ പ്രസ്താവിക്കുന്ന ഈ ശിക്ഷകൊണ്ടും കത്തോലിക്കർ അഥവാ മെൽക്കീത്തർ ആയിരുന്ന സെലൂഷ്യയിലെ കാതോലിക്കാമാരുടെയോ പാത്രിയർക്കീസുമാരുടെയോ വംശാവലി അവസാനിച്ചില്ല. തന്റെ കീഴിൽ രണ്ടു കാതോലിക്കാമാരുണ്ടെന്നും ഏഷ്യാ ഇൻഡ്യാ മുതലായ രാജ്യങ്ങളിലെ വിശ്വാസികൾ അവർക്കധീനരാണെന്നും അന്ത്യോക്യായിലെ കാതോലിക്കാ പാത്രിയർക്കീസ് 1050ൽ എഴുതിയിട്ടുള്ള സംഗതി നാം ചരിത്രത്തിൽ വായിക്കുന്ന തീരുമാനത്തിനു തെളിവാണു്.

(Paulinus Bartolomeo India Orientalis Christiania, P 94)

(തുടരും)

ഗോതമ്പിന്നു് നാശം വരാതിരിപ്പാനാണു് കള പറിക്കണ്ടാ എന്നു പറഞ്ഞതു്. കൊയിത്തുകാർ മാലാഖമാരാകുന്നു. വേലക്കാർ ക്രിസ്തുവിൻെറ അപ്പസ്തോലന്മാരും മെത്രാന്മാരും വൈദികരും ബ്രദേഴ്സും സിസ്റ്റേഴ്സും ഉപദേശിമാരും മററുമാകുന്നു. കൊയ്ത്തു് ലോകാവസാനത്തെയും ന്യായവിധിയെയും കാണിക്കുന്നു. അറപ്പുര സ്വർഗ്ഗരാജ്യത്തെയും അഗ്നിയിൽ ചുടുന്നതു് നരകാഗ്നിയിലേക്കുള്ള ദുഷ്ടന്മാരുടെ അധഃപ്പതനത്തേയും സൂചിപ്പിക്കുന്നു. ഇനിയും നമുക്കു് ഇവയിൽ ഓരോന്നിനെയും പററി ചിന്തിക്കാം.

ലോകത്തിലെ സഭ ദൃശ്യമാണു്. വയലും അതിലെ വേലക്കാരും ഗോതമ്പും കളയും എല്ലാം ദൃശ്യമാണു്. അതിനാൽ കർത്താവ് ലോകത്തിൽ സ്ഥാപിച്ച സഭയും ദൃശ്യമാണു്. ദൃശ്യരായ മനുഷ്യർക്കു് ദൃശ്യമായ സഭയാണു് വേണ്ടതു്. എന്നാൽ സഭ അദൃശ്യമാണെന്നു് ഉപദേശിക്കുന്നവരുണ്ടു്. അതു ശത്രു വിതക്കുന്ന കളയാണു്. കർത്താവിൻെറ സഭയിൽ നിന്നു് ആളുകളെ അകററുന്നതിന്നു പറയുന്ന ഉപായമാണതു്. അതു നാം സ്വീകരിക്കരുതു്. സ്വർഗ്ഗത്തിലെ സഭ അദൃശ്യമായിരിക്കും എന്നാൽ ഭൂമിയിലെ സഭാംഗങ്ങൾക്കു് ദൃശ്യമായ ശരീരവും കൂടെയുണ്ടു്. അതിന്നു് ദൃശ്യമായ വേലക്കാരും ദൃശ്യതലവനുമുണ്ടു്. അതിനാൽ ക്രിസ്തുവിൻെറ ലോകത്തിലെ സഭ ദൃശ്യമാണെന്നു് നാം ഗ്രഹിക്കണം.

## ക്രിസ്തു പരിശുദ്ധനാകയാൽ നാമും പരിശുദ്ധരാവണം

ക്രിസ്തു പരിശുദ്ധനാണു്. അദ്ദേഹം വിതച്ച വിത്തും പരിശുദ്ധമാണു്. ക്രിസ്തുവിൻെറ വേലക്കാർ വിശുദ്ധരായിരിക്കണം. മെത്രാന്മാർ, വൈദികർ, ബ്രദേഴ്സ്, സിസ്റ്റേഴ്സ്, ഉപദേശിമാർ. ഉപദേശിനിമാർ അദ്ധ്യാപകർ എന്നിവരെല്ലാം ക്രിസ്തുവിൻെറ വേലക്കാരാണു്. അവർ വിതക്കുന്ന വിത്തു നല്ല വിത്തായിരിക്കണം. മണ്ണെണ്ണ, സ്പിരിററു്, ആസിഡു മുതലായവ പുരണ്ട കൈകൊണ്ടു് വിത്തിനെ തൊടുവാൻപോലും പാടില്ല. രക്തം പുരണ്ട കൈകൊണ്ടു് ദൈവാലയം പണിയുവാൻ ദാവീദിനെ അനുവദിച്ചില്ല. അങ്ങിനെയുള്ള കൈകൊണ്ടു് വിത്തു് വിതക്കുന്നതു് കേടാണു്. ക്രിസ്തുവിൻെറ സദുപദേശം നല്കുന്നവരും അതു സ്വീകരിക്കുന്നവരും പരിശുദ്ധമായി ജീവിക്കണം. ചീത്ത പ്രവൃത്തികൾ ചെയ്യുവാൻ പാടില്ല. വിത്തു വിതക്കുന്ന നിലവും നന്നായിരിക്കണം. അല്ലെങ്കിൽ നല്ല ഫലമുണ്ടാകയില്ല. നമ്മുടെ ഹൃദയവും നന്നായിരിക്കണം. യേശുവിൻെറ വചനം സ്വീകരിച്ചിരിക്കുന്ന സഹോദരാ, സഹോദരീ, നിൻെറ ജീവിതം നീ പുതുക്കീട്ടുണ്ടോ? നിനക്കു് അനുതാപവും പ്രാർത്ഥനയും ഉണ്ടോ. നീ മുടങ്ങാതെ പള്ളി ശുശ്രൂഷയിൽ സംബന്ധിക്കുന്നുണ്ടോ? ഇല്ലെങ്കിൽ നീ ഉറങ്ങുകയാണു്.

## നേതാക്കന്മാരെ കുററം പറഞ്ഞു് സഭ വിടരുതു്.

ക്രിസ്തുവിൻെറ വേലക്കാർ വിശുദ്ധരായിരിക്കണം. എന്നാൽ ഞങ്ങളുടെ ഉപദേശി, ഞങ്ങളുടെ അച്ചൻ, ഞങ്ങളുടെ മെത്രാൻ എന്നിവർ അങ്ങിനെയല്ലാ. അതിനാൽ ഞാൻ സഭ വിട്ടുപോകയാണു് എന്നു പറയുന്നവരുണ്ടാവാം. അവരെ കണ്ടു പഠിക്കരുതു്. നീ ഇന്ന വൃക്ഷത്തിൽനിന്നു ഭക്ഷിക്കണം. ഇന്ന വൃക്ഷത്തിൽനിന്നു ഭക്ഷിക്കരുതു് എന്നു ദൈവം ആദാമിനോടും ഹവ്വായോടും കല്പിച്ചു. അന്നു മുതൽ ഇന്നതു നല്ലതാണെന്നും ഇന്നതു തീയതാണെന്നും തോന്നിപ്പിക്കുന്ന ഒരു അന്തക്കരണം എല്ലാ മനുഷ്യരിലും ഉണ്ടു്. തിന്നരുതെന്നു ദൈവം പറഞ്ഞതു് തിന്നാമെന്നു് പിശാചു പറഞ്ഞുകൊടുത്തു. ആദാമും ഹവ്വായും അതു കേട്ടു കല്പന ലംഘിച്ചു പ്രവർത്തിച്ചു. അന്നു മുതൽ കല്പന ലംഘിച്ചു പ്രവർത്തിക്കുന്നതിന്നുള്ള ഒരു പ്രവണതയും മനുഷ്യനിലുണ്ടായി. അതിനാൽ എത്രതന്നെ ഉന്നതസ്ഥാനത്തെത്തിയ ആളായാലും പാപത്തിൽ വീണുപോയി എന്നുവരാം. തുടർച്ചയായി പാപം ചെയ്തു എന്നും വരാം. അതിനാൽ നാം ആരെയും കുററം പറയണ്ടാ. പാപിയെ കുററം വിധിക്കുവാനുള്ള അവകാശം പാപമില്ലാത്തവനേയുള്ളൂ എന്നാണല്ലോ ക്രിസ്തു പറഞ്ഞിരിക്കുന്നതു്. അതിനാൽ മററുള്ളവരെ കുററം പറഞ്ഞു് സഭ വിടുന്നതു് അപകടകരമാണു്.

നോഹയുടെ പെട്ടകത്തിൽ കയററി എട്ടു പേരെ ദൈവം ജലപ്രളയത്തിൽ നിന്നു രക്ഷിച്ചു. അവരിൽ ഒരുവൻ ചീത്തയായിരുന്നു. അങ്ങിനെയുള്ളവൻെറ കൂടെ കയറാൻ കഴികയില്ലെന്നു് അവരിൽ വല്ലവരും ശഠിച്ചിരുന്നുവെങ്കിൽ അവരുടെ സ്ഥിതി എന്താകുമായിരുന്നു. കുടിച്ചു ചാകുന്നവരുടെ കൂട്ടത്തിൽ അവരും ചാകുകയല്ലാതുണ്ടോ?

യാക്കോബിനു് 12 മക്കളുണ്ടായിരുന്നു. അവരിൽ ഒരുവൻ ചീത്തയായിരുന്നു. അവൻെറ കൂടെ നില്പാൻ കഴികയില്ലെന്നു് പറഞ്ഞ് അവരിൽ ഒരുവൻ പിരിഞ്ഞു പോയിരുന്നു എങ്കിൽ അവനു ഗോത്രപിതാക്കന്മാരുടെയിടയിൽ സ്ഥാനമുണ്ടാകുമായിരുന്നുവോ? ക്രിസ്തുവിനു് 12 അപ്പോസ്ഥലന്മാരുണ്ടായിരുന്നു. അവരിൽ ഒരുവൻ ചീത്തയായിരുന്നു. അദ്ദേഹത്തിൻെറ കൂടെ നടപ്പാൻ കഴികയില്ലെന്നു പറഞ്ഞു് അപ്പോസ്ഥലന്മാരിലാരും പിരിഞ്ഞുപോയില്ല. നേതാക്കന്മാരിൽ ചിലർ ചീത്തകളായി എന്നു വരാം. അവരെ കുററം പറഞ്ഞു് സഭ വിട്ടുപോകുന്നതു ശരിയല്ല. ഭോഷത്വമാണു്.

കത്തോലിക്കാസഭയുടെ തലവന്മാരെ കുററം പറഞ്ഞു് മാർട്ടിൻ ലൂഥർ സഭ വിട്ടുപോയി. അധികം താമസിയാതെ അദ്ദേഹത്തിൻെറ അനുയായികളും പരസ്പരം ഭിന്നിച്ചു. കാൽവിൻ, വെസ്ലിബ്രദേഷ്സ്, ജോൺനോക്കു് മുതലായവർ ലൂഥറിനെ വിട്ടു അവരവരുടെ പേരിൽ ഓരോ സഭയുണ്ടാക്കുവാൻ തുടങ്ങി. അതു കണ്ടു് അദ്ദേഹം വളരെ ഖേദിക്കുവാനിടയായി. നോഹയുടെ പെട്ടകത്തിനു് തടി വെട്ടിയവനും അതു പണിത ആശാരിയും തടിയറുത്ത വാളപ്പണിക്കാരനും കുടിച്ചു ചാകുകയാണു് ചെയ്തതു്. സഭ തുടങ്ങുവാൻ വളരെ പണിപ്പെട്ടശേഷം വല്ലവരെയും കുററം പറഞ്ഞു് ക്രിസ്തുവിൻെറ സഭയിൽ കയറാതെ മാറി നില്ക്കുന്നവർക്കു് ആ അനുഭവമായിരിക്കും വരുന്നതെന്നു് നാം ഓർക്കണം.

ഞങ്ങൾ പാപമില്ലാത്തവരാണു്. ഞങ്ങളുടെ സഭയിലേക്കു് പോരുവിൻ എന്നു പറയുന്ന സഭക്കാരുണ്ടു്. അവർ അക്രമെ ദൈവവചനം കൂട്ടാക്കാത്തവരാണു്. എനിക്കു പാപമില്ലെന്നു് ഒരുവൻ പറയുമെങ്കിൽ അവൻ തന്നത്താൻ വഞ്ചിക്കുന്നു എന്നു് വേദപുസ്തകം പറയുന്നു. (1 യോഹ: 1: 8 വായിക്കുക) അതിനാൽ എനിക്കു പാപമില്ലെന്നു പറയുന്നവരിൽ സത്യമില്ല. നാം അവരോടു അടുക്കാതെ അകന്നു നിൽക്കേണ്ടതാണു്.

## കള വിതക്കുന്നവർ ശത്രുവാണെന്നു മനസ്സിലാക്കണം

തെററു് ചെയ്യുവാൻ ഉള്ള പ്രേരണ എല്ലാവരിലുമുണ്ടു്. അതിനാൽ നാം ബലം പ്രയോഗിച്ചു തെററിനോടു എതിർത്തു നില്ക്കണം. അതിനാലാണു് സ്വർഗ്ഗരാജ്യം ബലശാലികൾ കൈവശപ്പെടുത്തുന്നു എന്നു് പറഞ്ഞിരിക്കുന്നതു്.

അപ്പനും അമ്മയും മക്കളും കൂടി സമാധാനപരമായി ജീവിച്ചുവന്നിരുന്ന ഒരു ഭവനമുണ്ടായിരുന്നു. അങ്ങിനെയിരിക്കെ ആ വീട്ടിലെ പിതാവു മരിച്ചു. അപ്പോൾ ഒരു ദുർമ്മോഹി ആ വീടിനെ രക്ഷിക്കുവാനെന്ന മട്ടിലടുത്തു. ആ സ്ത്രീ അവനിൽ ആകൃഷ്ടനായി, സംസാരം ദുരുപദേശങ്ങളായി. താമസിയാതെ അമ്മ മകനെ് പ്രതിയാക്കി ചിലവിനു കിട്ടണമെന്നു പറഞ്ഞു കേസു കൊടുത്തു. അതിന്നൊരു വക്കീലുമുണ്ടായി. മകനു് വേറൊരു വക്കീലുമായി. അവൻ ചിലവിനു് കൊടുക്കുന്നുണ്ടെന്നു് പത്രിക വച്ചു ആ വീട്ടിൽ രണ്ടു കഞ്ഞിവയ്പായി. രണ്ടു വിളവെടുപ്പായി. എന്തിനു ആ ഭവനം നാശോന്മുഖമായി പൊയ്ക്കൊണ്ടിരിക്കുന്നു. ഇത്തരം പ്രവൃത്തികൾ ചെയ്യുന്നവർ നിങ്ങളിലുണ്ടോ? അങ്ങിനെയുള്ളവരെ സ്വീകരിക്കുന്നവർ നിങ്ങളിലുണ്ടോ? ശ്രദ്ധിച്ചു അന്വേഷിക്കുക. അവർ കള വിതയ്ക്കുന്നവരാണു്.

നാലു മക്കളുള്ള ഒരു സ്ത്രീയുണ്ടായിരുന്നു. ആ കുട്ടികളുടെ അപ്പൻ മരിച്ചുപോയി. അപ്പോൾ അവൾ വേറൊരുവനോടു ചേർന്നു. ആ കുഞ്ഞുങ്ങളെ എല്ലാം വിട്ടിട്ടു് ആ പുരുഷനോടുകൂടെ അവൾ ദൂരദേശത്തേക്കു് പോയി. മൂത്തവൻ കാട്ടിൽ പോയി വിറകു ശേഖരിച്ചു വിററു ആ സഹോദരസഹോദരിമാരെ പുലർത്തിക്കൊണ്ടുവന്നു. ഒടുവിൽ അവൻ ഇളയ സഹോദരങ്ങളെ വിട്ടു വേറൊരു വീട്ടിൽ വേലയ്ക്കു പോയി. പുര മേയുവാൻ നിവർത്തിയില്ലാതെയായി. ഉടുത്തിരുന്ന വസ്ത്രമെല്ലാം കീറി. ആ ഇളയ കുഞ്ഞുങ്ങളുടെ സ്ഥിതി എത്ര പരിതാപകരം. നിങ്ങൾ ഒന്നു ചിന്തിച്ചു നോക്കുക. ഇത്തരക്കാർ നിങ്ങളിലുണ്ടോ? ഇത്തരം കള വിതയ്ക്കുന്നവർ പിശാചുക്കളല്ലേ? മനുഷ്യൻെറ ദുർമ്മോഹത്തിനു അതിരുവേണ്ടയോ? പിശാചുക്കാളാണു് ദുർമോഹത്തെയും ചീത്ത പ്രവൃത്തികളെയും വർദ്ധിപ്പിക്കുന്നതു്. ദുഷ്പ്രേരണകൾ മനുഷ്യർക്കു് നല്കികൊണ്ടു് നടക്കുന്നവർ നിങ്ങളിലുണ്ടോ? കള വിതയ്ക്കുന്നവനെ നിങ്ങൾ സ്വീകരിക്കരുതു്. (തുടരും)

# വിവിധ വൃത്താന്തങ്ങൾ

## ദിവ്യകാരുണ്യ കോൺഗ്രസ്

അഖിലലോക ദിവ്യകാരുണ്യ കോൺഗ്രസ് 1964 നവംബർ 28-മുതൽ ഡിസംബർ 6-വരെ നടത്തപ്പെടുന്നതാണ്. ബോംബെ പട്ടണത്തിലെ പ്രസിദ്ധമായ ഓവൽ മൈതാനത്തിലായിരിക്കും കോൺഗ്രസ് സമ്മേളനങ്ങൾ നടത്തപ്പെടുന്നത്. ഇരുപതിൽപരം കർദ്ദിനാളന്മാരും, നൂറിൽപരം മെത്രാന്മാരും, ബഹുസഹസ്രം വൈദികരും കന്യാസ്ത്രീകളും ലക്ഷക്കണക്കിന് അയ്മേനികളും കോൺഗ്രസ്സിൽ പങ്കെടുക്കാനായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ബോംബെയിൽ എത്തിച്ചേരുന്നതാണ്. "ദിവ്യകാരുണ്യവും ആധുനികമനുഷ്യനും" എന്നതായിരിക്കും ഇപ്രാവശ്യത്തെ കോൺഗ്രസിന്റെ പ്രധാന ചിന്താവിഷയം. കോൺഗ്രസിനായുള്ള വിപുലമായ ഒരുക്കങ്ങൾ നാല്പതു കമ്മിററികളുടെ മേൽനോട്ടത്തിൽ നടന്നുവരുന്നു.

*   *   *   *

## വത്തിക്കാൻ കൗൺസിൽ

ഡിസംബർ 4-ാം തീയതി പോൾ ആറാമൻ മാർപ്പാപ്പാതിരുമേനിയുടെ അദ്ധ്യക്ഷതയിൽ ചേന്ന പൊതുസമ്മേളനത്തോടുകൂടെ രണ്ടാം വത്തിക്കാൻ സാർവ്വത്രികസൂന്നഹദോസിന്റെ രണ്ടാമത്തെ സെഷൻ അവസാനിച്ചിരിക്കുന്നു. കൗൺസിലിന്റെ മൂന്നാമത്തെ സെഷൻ 1964 സെപ്റ്റംബർ 14-ാം തീയതി മുതൽ നവംബർ 20 വരെ നടത്തുന്നതിനാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്.


# കിണറുകൾക്ക് സ്ഥാനനിർണ്ണയ വിദഗ്ദ്ധൻ

മലമ്പ്രദേശങ്ങളിലും കുന്നിൻപുറങ്ങളിലും വേനൽക്കാലത്തും വററാതെ വെള്ളം കിട്ടുന്നതിനും സമുദ്രതീരപ്രദേശങ്ങളിലും കായലോരങ്ങളിലും ശുദ്ധജലം ലഭിക്കുന്നതിനും ഭൂമിയുടെ അടിയിലുള്ള നീർച്ചാലുകളുടെ ഗതി കണ്ടുപിടിച്ച് കിണറുകൾക്ക് സ്ഥാനം നിർണ്ണയിക്കുന്നതാണ്.

കന്യാകുമാരി, നാഗർകോവിൽ, മാർത്താണ്ഡം, കുളച്ചൽ, നെയ്യാററിൻകര, തിരുവനന്തപുരം, കൊല്ലം, കുണ്ടറ, കൊട്ടാരക്കര, പുനലൂർ, ആര്യങ്കാവ്, റാന്നി, കോന്നി, എരുമേലി, കാഞ്ഞിരപ്പള്ളി മുണ്ടക്കയം, പീരുമേട്, മലയാററൂർ, താബോർമല, ദേവികുളം, പാലാ, തൊടുപുഴ, മൂവാററുപുഴ, ആലുവാ, തൃശ്ശൂർ, കുന്നംകുളം, തിരുവല്ലാ, ചങ്ങനാശ്ശേരി, കോട്ടയം, ആലപ്പുഴ, എറണാകുളം, വൈക്കം, കാസർകോട്, മധുര, തിരുനൽവേലി, പൂനാ, ബോംബെ മുതലായസ്ഥലങ്ങളിൽ വിജയകരമാം വിധം ഫലം സിദ്ധിച്ചിട്ടുള്ളതിന് അനേകം സാക്ഷിപത്രങ്ങളും ലഭിച്ചിട്ടുണ്ട്.

ഒരു സ്ഥാനനിർണ്ണയത്തിന് രൂ. 10 (യാത്രച്ചെലവു പുറമേ)

## സർട്ടിഫിക്കററ്

This is to certify that V. G. Jacob has located several wells in the Archdiocese of Trivandrum successfully. The under signed discovers that he has the gift of water divining. He has good use of his gift.

(S/d)
MAR IVANIOS O. I. C., M. A., D. D.,
*Archbishop of Trivandrum.*

അപേക്ഷിക്കേണ്ടും മേൽവിലാസം:

**വി. ജി. ജേക്കബ്, വാട്ടർ ഡിവൈനർ,**
C/o ബഥനി ആശ്രമം, നാലാം ചിറ,
മടത്തുവിളാകം P. O. തിരുവനന്തപുരം-15.

Registered No: K. 405.

## ഗവർണ്ണറുടെ സന്ദേശം

ക്രിസ്തുരാജൻ മാസികയിൽ യേശുക്രിസ്തുവിന്റെ ജീവചരിത്രം ചിത്രങ്ങൾ സഹിതം ലളിതമായ ശൈലിയിൽ പ്രസിദ്ധീകരിക്കുന്നതിൽ സന്തോഷം പ്രകടിപ്പിച്ചുകൊണ്ടു് കുട്ടികൾക്കു നല്കിയ സന്ദേശത്തിൽ കേരളാഗവർണ്ണർ ശ്രീ വി. വി. ഗിരി ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു: "ക്രിസ്തുവിന്റെ ജീവിതം അതിവിശിഷ്ടമായ സുകൃതങ്ങൾ നിറഞ്ഞതായിരുന്നു. യേശുക്രിസ്തു പഠിപ്പിച്ചിട്ടുള്ള മഹാസത്യങ്ങൾ എല്ലാവരും പൂർണ്ണമായി അറിഞ്ഞിരിക്കേണ്ടതാണു്. സത്യസന്ധതയും സ്വഭാവശുദ്ധിയും അഭ്യസിക്കുന്നതിനു് വളരുന്ന തലമുറയെ ക്രിസ്തുവിന്റെ ധർമ്മോപദേശങ്ങൾ വളരെയധികം സഹായിക്കുകതന്നെ ചെയ്യും." തിരുവല്ലായിൽ നിന്നു് ഫാ. മാത്യു മൂഴിയിൽ എസ്. ജെ യുടെ പത്രാധിപത്യത്തിലാണു് ക്രിസ്തുരാജൻ മാസിക ഇപ്പോൾ പ്രസിദ്ധീകരിക്കപ്പെടുന്നതു്.

## തിരുബാലസഖ്യം

നാലാംചിറ സെന്റ് ഗൊരേററി സ്കൂളിൽ തിരുബാലസഖ്യത്തിന്റെ ഒരു ശാഖ 7 ഗ്രൂപ്പുകളോടുകൂടി ആരംഭിച്ചിരിക്കുന്നു. തദവസരത്തിൽ തിരുബാലസഖ്യം അതിരൂപതാഡയറക്ടർ അർത്ഥികളെ ഔദ്യോഗികമായി സഖ്യത്തിലേക്കു സ്വീകരിക്കുകയുണ്ടായി.

## നവപൂജാർപ്പണങ്ങൾ

ഈ ഡിസംബർ മൂന്നാം തീയതി മംഗലാപുരം സെമിനാരി പള്ളിയിൽവച്ചു് വൈദികപട്ടം സ്വീകരിച്ച പനംകുന്നേൽ ബ. അലക്സാണ്ടർ അച്ചൻ സ്വന്ത ഇടവകയായ കോക്കാട്ടു പള്ളിയിൽ വച്ചും, ചെങ്കല്ലൂർ ബ. മാത്യു അച്ചൻ സ്വന്തം ഇടവകയായ ചൊവ്വള്ളൂർ പള്ളിയിൽ വച്ചും, ഉഴനെല്ലൂർ ബ. ഫിലിപ്പച്ചൻ സ്വന്തം ഇടവകയായ ഇലന്തിമേൽ പള്ളിയിൽ വച്ചും ഈ മാസം അഞ്ചാം തീയതിയും, കമ്പുക്കാട്ടു് ബ. തോമ്മസച്ചൻ സ്വന്ത ഇടവകയായ വാളകം പള്ളിയിൽവച്ചു് ഈ മാസം 7-ാം തീയതിയും നവപൂജാർപ്പണം നടത്തിയിരിക്കുന്നു.

## ചരമം

കൊട്ടമൺ പ്ലാമ്മൂട്ടത്തിൽ ചാക്കോ 82-മത്തെ വയസ്സിൽ സുബോധത്തോടെ അന്ത്യകൂദാശകൾ സ്വീകരിച്ചു് 3-11-63 ഞായറാഴ്ച കർത്താവിൽ നിദ്രപ്രാപിച്ചു. ശവസംസ്കരണം തിങ്കളാഴ്ച 4 മണിക്കു് കൊട്ടമൺ കത്തോലിക്കാപള്ളി സെമിത്തേരിയിൽ റവ. ഫാ. ആന്റണി കേളംപറമ്പിൽ അവർകളുടെ പ്രധാന കാർമ്മികത്വത്തിലും റവ. ഫാദേഴ്സ് സി മാത്യു ഏഴാനിക്കാട്ടു്, തോമസ്സ് പെരുമല, തോമസ്സ് ആമ്പശ്ശേരി എന്നീ വൈദികരുടെയും ഒരു വലിയ ജനസമൂഹത്തിന്റെയും സഹകരണത്തിലും നടത്തപ്പെട്ടു. 1925-ൽ കത്തോലിക്കാസഭയിൽ ചേർന്ന പരേതൻ ഏറെക്കാലം പുത്തൻപീടിക കത്തോലിക്കാപള്ളിയുടെ കൈക്കാരനായി സേവനം അനുഷ്ഠിച്ചിട്ടുണ്ടു്. പരേതന്റെ ആത്മശാന്തിക്കായി വിശ്വാസികൾ പ്രാർത്ഥിക്കുമാറാകണം.

## രാജത്വതിരുനാൾ

മെളുകൊമ്മൽ പള്ളിയിൽ ക്രിസ്തുരാജന്റെ തിരുനാൾ സംബന്ധിച്ചു് പെ. ബ. റമ്പാച്ചന്റെ നേതൃത്വത്തിൽ ഒക്ടോബർ 24, 25, 26 എന്നീ തീയതികളിൽ ഒരു കൺവൻഷൻ നടത്തപ്പെടുകയുണ്ടായി. അവസാനദിവസത്തിൽ ചലച്ചിത്രപ്രദർശനവുമുണ്ടായിരുന്നു.

ഒക്ടോബർ 27-ാം തീയതി അമ്പിളിക്കോണത്തുവച്ചു് ഉച്ചക്കട, പിൻകുളം, കുഴിഞ്ഞാംവിള, കുളപ്പുറം, അമ്പിളിക്കോണം, കുളത്തൂർ എന്നീ പള്ളിക്കാർ ഏകോപിച്ചു് ക്രിസ്തുരാജന്റെ രാജത്വതിരുനാൾ ആഘോഷിക്കയുണ്ടായി തൽസംബന്ധമായി നടത്തപ്പെട്ട ഘോഷയാത്രയുടെ ആരംഭത്തിൽ പെ. ബ റമ്പാച്ചനും അവസാനത്തിൽ വികാരി ബ ഫാദർ മാത്യു കൊമ്പനാൽ അവർകളും ഓരോ പ്രസംഗങ്ങൾ നടത്തുകയും ചെയ്തു. ഒരു വലിയ ജനക്കൂട്ടം ഘോഷയാത്രയിൽ സംബന്ധിച്ചിരുന്നു.

## അനുമോദനസമ്മേളനം

പ്രശസ്ത സേവനത്തിനു് അദ്ധ്യാപകർക്കുള്ള പ്രസിഡന്റിന്റെ അവാർഡു് ലഭിച്ച ശ്രീ. പി എം. ചെറിയാൻതരകൻ ബി. എ., എൽ. റ്റി. അവർകളെ അനുമോദിക്കുന്നതിനു് രക്ഷകർത്താക്കളും പൂർവ്വവിദ്യാർത്ഥികളുംചേർന്നു് 1963 ഡിസംബർ 6-ാം തീയതി കേരളാ മുഖ്യമന്ത്രി ശ്രീ ആർ. ശങ്കർ അവർകളുടെ അദ്ധ്യക്ഷതയിൽ പട്ടം സെന്റ് മേരീസ് ഹൈസ്കൂളിൽ വച്ചു് ഒരു അനുമോദനയോഗം നടത്തുകയും ശ്രീ ചെറിയാൻ തരകനു് മംഗളോപഹാരം ഒരു കാസ്കററിൽ അടക്കം ചെയ്തു് സമർപ്പിക്കുകയും ചെയ്തു.

Printed at the St. Mary's Press, Pattom, Trivandrum-4. and Published by Rt. Rev. Msgr. Philipose Remban